
Registered No. M. 5819 Licence No. 445. 12-7-45.



ജ്ഞാന നിക്ഷേപം

സുവിശേഷഭാഷിണിയും കുടുംബപ്രിയവാദിനിയും

കൂടി ചേർന്ന

സംയുക്ത സഭാമാസിക

ഏപ്രിൽ 1958 No. 4.

Statement about ownership and other Particulars about "Treasury of Knowledge" (ജ്ഞാനനിക്ഷേപം) as required to be published under Rule 8 of the Registration of News-Papers (Central) Rules 1956.

FORM IV

1.	Place of Publication	—C. M. S. Press, Kottayam
2.	Periodicity of Publication	—Monthly
3.	Printer's Name	—A. J. VARUGHESE
	Nationality	—Indian
	Address	—C. M. S. Press, Kottayam
4.	Publisher's Name	—(REV.) A. J. KURIEN
	Nationality	—Indian
	Address	—C. S. I. Pastor, Changanacherry
5.	Editor's Name	—(REV.) A. J. KURIEN
	Nationality	—Indian
	Address	—C. S. I. Pastor, Changanacherry
6.	Names and Addresses of individuals who own the newspaper and partners or shareholders holding more than one per cent of the total Capital	Central Travancore Diocese of the Church of S. India.

I, (Rev.) A. J. Kurien, hereby declare that the particulars given above are true to the best of my knowledge and belief.

(REV.) A. J. KURIEN,

Date. 29–3–*1958.* *Signature of Publisher.*

Jewellery at its Finest

The House for Quality Jewellery

Kallupalam Lad's Jewellery Mart

(Established in 1900)

Proprietor: M. M. MATHEW,

THIRUNAKARA, KOTTAYAM.

എല്ലാത്തരം ആഭരണങ്ങൾക്കും വേണ്ടി

ഞങ്ങളെ സമീപിക്കുക.

THE TREASURY OF KNOWLEDGE
ജ്ഞാനനിക്ഷേപം

Vol. LXI | APRIL 1958 | No. 4

കമ്മിസ്സറിയുടെ കത്തു്

കത്താവിൽ പ്രിയരെ,

പെസഹാ ഞായറാഴ്ച നമ്മുടെ കത്താവിന്റെ മഹത്വമേറിയ ഉയർത്തെഴുന്നേൽപ്പിനെ കൊണ്ടാടുന്ന ദിവസമാണല്ലൊ. കത്താവു ഉയർത്തെഴുന്നേറ്റു എന്നുള്ളതു തന്റെ ശിഷ്യന്മാർക്കും, തന്നോടുകൂടെ സഞ്ചരിച്ച മറ്റുള്ളവർക്കും അതിസന്തോഷം നല്കിയ ഒരു ചരിത്രസംഭവമാണ്. അവർ തമ്മിൽ കാണുമ്പോൾ "അവൻ ഉയർത്തെഴുന്നേറ്റിരിക്കുന്നു" എന്നു അന്യോന്യം പറഞ്ഞു അഭിവാദനം ചെയ്യാറുണ്ടായിരുന്നു. അവരുടെ ജീവിതത്തിലെ ഒരു മഹാസംഭവമായി കത്താവിന്റെ ഉയർത്തെഴുന്നേല്പിനെ അവർ കരുതി. എന്നാൽ ഉയർത്തെഴുന്നേൽപ്പു് അവർക്കു ഒരു ചരിത്രസംഭവം മാത്രമായിരുന്നില്ല. ആ ചരിത്രസംഭവം അവരുടെ ജീവിതത്തോടു അടുത്തു ബന്ധമുള്ള ഒരു വസ്തുതയായി അവർ ഗ്രഹിച്ചു. പാപത്തിന്മേലും മരണത്തിന്മേലും വിജയംകൊണ്ട കത്താവിന്റെ ഉയർത്തെഴുന്നേൽപ്പു വിജയകരമായ ക്രിസ്തീയ ജീവിതത്തിനുള്ള പ്രേരണയും ശക്തിയും നല്കുന്നതായി അവർക്കു അനുഭവപ്പെട്ടു. അവരുടെ ധാർമ്മികജീവിതത്തിന്റെ അടിസ്ഥാനമായിരുന്നു ഈ ഉയർത്തെഴുന്നേൽപ്പു.

വ്യക്തികളായും സഭയായും നാം ഇന്നു തോൽവികൾക്കധീനപ്പെട്ടല്ലയോ ജീവിച്ചുപോരുന്നതു്? നമ്മുടെ സ്വഭാവവും നടപടികളും എങ്ങനെയിരിക്കുന്നു? ഉയർത്തെഴുന്നേറ്റ കത്താവിന്റെ ശക്തിയിൽ നാം ബലപ്പെട്ട വരുന്നുണ്ടോ? വിവിധങ്ങളായ പൈശാചിക ശക്തികൾക്കെതിരെ ഉയർത്തെഴുന്നേറ്റ കത്താവിന്റെ ശക്തി പ്രബലപ്പെടുന്നു എന്നു ലോകത്തിനു കാണിച്ചുകൊടുപ്പാനാണു ദൈവം നമ്മെയും, ക്രൈസ്തവസഭയേയും കുറിച്ചു ഉദ്ദേശിക്കുന്നതു്. ഇതിൽ നാം എത്രമാത്രം വിശ്വസ്തരാണ് എന്നു പരിശോധിക്കുക.

പുനരുത്ഥാനജീവൻ ശരീരത്തിനും ആത്മാവിനും വേണ്ടതാണ്. ശരീരത്തിന്റെ പുനരുത്ഥാനത്തിലും നാം വിശ്വസിക്കുന്നുണ്ട്. ശരീരത്തെ ആരോഗ്യത്തിലും ആത്മാക്കളെ വിശ്വാസിയിലും പാലിപ്പാനുള്ള നമ്മുടെ ചുമതലകൾ നാം വിസ്മരിക്കരുതു്.

പുനരുത്ഥാനമുള്ള ഒന്നാമതു നല്ലപ്പെട്ടതു സ്ത്രീകൾക്കാണ്. സ്നേഹമുള്ള ഹൃദയങ്ങൾക്കാണു മർശനം നല്കപ്പെടുന്നതെന്നു ഇതു വിളിച്ചു പറയുകയാണ്. നമ്മിലുള്ള ദൈവസ്നേഹത്തിന്റെ അളവനുസരിച്ചാണു ദൈവികസത്യങ്ങൾ നമുക്കു ഗ്രഹിപ്പാൻ കഴിയുന്നതു് എന്നോർക്കുന്നതോടൊപ്പം ക്രിസ്തുസഭയിൽ സ്ത്രീകൾക്കു വലിയ പദവിയും ചുമതലയും ഉണ്ടെന്നുള്ളതും ഓർത്തു പ്രവൃത്തിക്കേണ്ടതു ആവശ്യമത്രെ.

പ്രൈമറിസ്കൂളുകളിൽ ഹെഡ്മാസ്റ്റർമാർ മുഖാന്തിരം ശമ്പളവിതരണം നടത്തുന്നതുപോലെ ഹൈസ്കൂളുകളിലും അദ്ധ്യാപകന്മാർക്കു ഹെഡ്മാസ്റ്റർമാർ വഴി ശമ്പളം കൊടുക്കുന്നതിനെക്കുറിച്ചുള്ള അഭിപ്രായം അറിയിപ്പാൻ വിദ്യാഭ്യാസഡയറക്ടർ ആവശ്യ

പത്രാധിപക്കുറിപ്പുകൾ:

പരിശുദ്ധ ആഴ്ചവട്ടം. ഹോശന്നായറാഴ്ച ആരംഭിച്ച് ഉയിർപ്പു ഞായറാഴ്ച അവസാനിക്കുന്ന പരിശുദ്ധ ആഴ്ചവട്ടത്തിലേക്ക് ക്രൈസ്തവജനങ്ങൾ ഏറ്റവും ഭയഭക്തികരമായ ചിന്തകളോടുകൂടെയാണ് പ്രവേശിക്കേണ്ടത്. ക്രിസ്തുവിന്റെ പീഡാനുഭവം കുരിശുമരണം പുനരുത്ഥാനം എന്നിവയാണ് ഈ സമയത്തു സഭയുടെ ചിന്തയുടെയും ധ്യാനത്തിന്റെയും പ്രധാന വിഷയങ്ങൾ. ക്രിസ്തുവിന്റെ പീഡാനുഭവമരണപുനരുത്ഥാനങ്ങളുടെ അർത്ഥവും ശക്തിയും പ്രയോജനവും ഗ്രഹിക്കാത്തവർക്ക് യഥാർത്ഥ ക്രിസ്തീയജീവിതം നയിപ്പാൻ സാധിക്കുന്നതല്ല.

പാപരഹിതനായ കർത്താവിന്റെ കഷ്ടാനുഭവങ്ങൾ പാപികളായ മനുഷ്യർക്കുണ്ടാകുന്ന ഭീതികളും അനർത്ഥങ്ങളും കണ്ടു പരിചയിച്ചിട്ടുള്ള മനുഷ്യർക്ക് ശരിയായി ഗ്രഹിപ്പാൻ പ്രയാസമാണ്. പാപത്തോടു പോരാടുകയും സത്യവും നന്മയും നീതിയും പുലർത്തുവാൻ തന്റെ പിതാവിന്റെ ഹിതമനുസരിച്ചു പരമാവധി പ്രവർത്തിക്കയും ചെയ്തതിന്റെ ഫലമായി പാപികളായ മനുഷ്യരുടെ വിരോധം നിമിത്തം ഉണ്ടായവയാണ് യേശുവിന്റെ പീഡാനുഭവങ്ങൾ. ദൈവീകപ്രമാണങ്ങളെ ലംഘിക്കുന്നതിന്റെ ഭവിഷ്യത്തുകളായിട്ടാണ് പാപികളായ മനുഷ്യർ കഷ്ടതയനുഭവിക്കുന്നത്. എന്നാൽ നിഷ്പാപനായ കർത്താവു സ്വമനസ്സാലെ സഹിച്ച കഷ്ടതകൾ പാപകർമ്മങ്ങൾ ചെയ്ത സമസ്തർക്കുവേണ്ടിയുള്ള വേദനപ്പെടുത്തുകയും ദൈവഹൃദയത്തെ ദുഃഖിപ്പിക്കയും ചെയ്യുന്ന മനുഷ്യഹൃദയങ്ങളെ സ്പർശിച്ചു അനുതാപം ഉളവാക്കുവാൻ കഴിയുന്ന ദൈവികശക്തി ഉൾക്കൊള്ളുന്ന രക്ഷാകരമായ കഷ്ടതകളാണ്. "ഞാനോ ഭൂമിയിൽനിന്നു ഉയർത്തപ്പെട്ടാൽ എല്ലാവരേയും എങ്കലേക്കു ആകർഷിക്കും" (യോഹ. 12. 32) എന്നു കർത്താവു പറഞ്ഞിരിക്കുന്നതു നോക്കുക. ദൈവചിത്തത്തെ ദുഃഖിപ്പിക്കയും സഹജീവികളെ വേദനിപ്പിക്കുകയും ചെയ്യുന്ന പാപപ്രവണതകളെ ഉൻമൂലനം ചെയ്യുന്നതിനുള്ള ദിവ്യൗഷധമാണ് യേശു സഹിച്ച കഷ്ടപ്പാടും വേദനയും. വെള്ളത്തെ വീഞ്ഞാക്കുകയും കാറിനേയും കടലിനേയും ശാസിച്ചമർത്തുകയും കുഷ്ഠരോഗികളെ സൌഖ്യമാക്കുകയും മരിച്ചവരെ ഉയർപ്പിക്കയും ചെയ്യുവാൻ പ്രയോഗിച്ച അത്ഭുതശക്തി തന്റെ സ്വന്ത ജീവന്റെ രക്ഷയ്ക്കായി ഉപയോഗിക്കാതെ പാപികളായ മനുഷ്യരുടെ കൈകളിലേക്കു തന്നെത്താൻ ഏല്പിച്ചു കൊടുത്തതിൽ പുറമേ കാണുന്ന ബലഹീനതയിൽ മറഞ്ഞിരിക്കുന്ന ശക്തി അത്യന്തം വല്ലഭമുള്ളതാണ്. എതിരാളികൾക്കു ഇതു ഗ്രഹിപ്പാൻ കഴിയാഞ്ഞതിനാലത്രേ" ഇവൻ മറ്റുള്ളവരെ രക്ഷിച്ചു; തന്നെത്താൻ രക്ഷിപ്പാൻ വഹിയാ" എന്നു പറയാനിടയായതു്. അതു അവർക്കു ഗ്രഹിച്ചുകൂടാതവണ്ണം ഉന്നതമാണ്. "ദൈവത്തിന്റെ ഭോഷ്കതപോലും മനുഷ്യരേക്കാൾ ജ്ഞാനമേറിയതും ദൈവത്തിന്റെ ബലഹീനത മനുഷ്യരേക്കാൾ

പ്പെട്ടതനുസരിച്ചു, നമ്മുടെ മഹായിടവകസ്കൂളുകളെ സംബന്ധിച്ചു അങ്ങനെയുള്ള നടപടികൾ എടുക്കുന്നതിനെ പ്രതിഷേധിച്ചു എഴുതിയിട്ടുണ്ട്. നിർദ്ദോഷകരമെന്നു തോന്നിക്കാവുന്ന കാര്യങ്ങൾ ക്രമേണ കണ്ണികോടാലിയായി പരിണമിക്കുമെന്നുള്ളതു്, പല അനുഭവങ്ങൾമൂലം നാം പഠിച്ചുകൊണ്ടാണല്ലോ ഇരിക്കുന്നതു്. ഈ സംസ്ഥാനത്തു ക്രൈസ്തവവിദ്യാലയങ്ങളുടെ സ്ഥാനം എന്തെന്നു പരിശോധിച്ചു ഉചിതമായ നടപടികൾ എടുക്കേണ്ടതാവശ്യമായിരിക്കുന്നുവെന്നും മഹായിടവകയിലെ വിദ്യാലയങ്ങളുടെ ഭാവി ഒരു പ്രധാന പ്രാർത്ഥനാവിഷയമാക്കേണ്ടതാണെന്നുമാണ് എന്റെ അഭിപ്രായം.

എന്നു്

എം. ജെ. ചാണ്ടി,
കമ്മിസ്സറി.

ബലമേറിയതുമാകുന്നു" (൨കൊരി. ൧. ൨൫) എന്നു എഴുതപ്പെട്ടിരിക്കുന്നതു എത്ര അർത്ഥവത്തായിരിക്കുന്നു.

കാൽവറിമലയിൽ രണ്ടു കള്ളന്മാരുടെ മദ്ധ്യത്തിൽ ക്രൂശിൽ ആരോഹിതനായിരിക്കുന്ന യേശുവിനെ നോക്കിയാൽ താഴെ പറയുന്ന യഥാർത്ഥങ്ങൾ കാണാവുന്നതാണ്:—

1. **ദൈവസ്നേഹത്തിന്റെ പ്രദർശനം.** "ക്രിസ്തുവോ നാം പാപികളായിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു" (റോമ. ൫. ൮). "നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമാകുവാൻ അയച്ചതുതന്നെ സാക്ഷാൽ സ്നേഹമാകുന്നു" (൧യോഹ. ൪. ൧൦). ഈ വിധത്തിൽ ദൈവം തന്റെ സ്നേഹത്തെ വെളിപ്പെടുത്തിയതിന്റെ ഉദ്ദേശമെന്താണെന്നു തീത്തൊ. ൨. ൧൪-ൽ കാണുന്നു. "അവൻ നമ്മെ സകല അധർമ്മത്തിൽനിന്നും വീണ്ടെടുത്തു സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളോരു സ്വന്തജനമായി തനിക്കു ശുദ്ധീകരിക്കേണ്ടതിനു തന്നെത്താൻ നമുക്കുവേണ്ടി കൊടുത്തു."

2. കുരിശു പാപത്തിന്റെ ഭയങ്കരതയെ വെളിപ്പെടുത്തുന്നു. സ്നേഹസ്വരൂപനായ ദൈവത്തിന്റെ ഹൃദയത്തിൽ മനുഷ്യന്റെ പാപം നിമിത്തമുണ്ടാകുന്ന വേദനകളേയും മുറിവുകളേയും മനുഷ്യശരീരം ധരിച്ചുകൊണ്ടു കുരിശിൽ കയറിയിരിക്കുന്ന ദൈവപുത്രന്റെ തിരുമുറിവുകൾ ലക്ഷ്യപ്പെടുത്തുന്നു. ഇതു പാപി ഗ്രഹിക്കുമ്പോൾ പാപത്തോടു വെറുപ്പു ഉളവാകുകയും പാപം ചെയ്യുന്നതു മതിയാക്കുവാൻ ഹൃദയമാറ്റം സംഭവിക്കയും ചെയ്യുന്നു. "നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിനു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ വഹിച്ചു കൊണ്ടു ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൌഖ്യം വന്നിരിക്കുന്നു" (൧പത്രൊ. ൨. ൨൪).

3. കുരിശു പാപത്തിന്മേലുള്ള വിജയത്തെ വെളിപ്പെടുത്തുന്നു. നമ്മുടെ കർത്താവു ക്രൂശിൽവെച്ചു ഉച്ചരിച്ച ആറാമത്തെ വാക്യം "നിവൃത്തിയായി" എന്നതത്രെ. അതു വിജയത്തിന്റെ പ്രഖ്യാപനമാണ്. "ഒരു സന്തതി അവനെ സേവിക്കും; വരുന്ന തലമുറയോടു യഹോവയെക്കുറിച്ചു കീർത്തിക്കും, അവൻ വന്നു, ജനിപ്പാനുള്ള ജനത്തോടു അവൻ നിവർത്തിച്ചിരിക്കുന്നു എന്നു അവന്റെ നീതിയെ വർണ്ണിക്കും" (സങ്കീ. ൨൨. ൩൦). "വാഗ്ദത്തങ്ങളേയും അധികാരങ്ങളേയും ആയുധവർഗ്ഗം വെപ്പിച്ചു ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി" (കൊലൊ. ൨. ൧൫). അതുകൊണ്ടു യേശുവിനെ നശിപ്പിച്ചു നീക്കിക്കളയുന്നതിനായി പാപികളായ മനുഷ്യർ ഉപയോഗിച്ച ക്രൂശിനെ പാപത്തെ ജയിക്കുന്നതിനുള്ള ആയുധമായി കർത്താവു രൂപാന്തരപ്പെടുത്തി.

പുനരുത്ഥാനത്തിന്റെ സുപ്രഭാതം വിജയത്തിന്റെ ഫലമായി ഉണ്ടായ സന്തോഷത്തിന്റെ പ്രഖ്യാപനസന്ദേശമാണ്. "സന്ധ്യയിങ്കൽ കരച്ചിൽവന്നു രാപാൎക്കും; ഉഷസ്സിങ്കലോ ആനന്ദഘോഷം വരുന്നു. നീ എന്റെ വിലാപത്തെ എനിക്കു നൃത്തമാക്കിത്തീൎത്തു; എന്റെ രട്ടു നീ അഴിച്ചു എന്നെ സന്തോഷം ഉടുപ്പിച്ചിരിക്കുന്നു" എന്നിങ്ങനെ ൩൦-ാം സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്നതിന്റെ നിവൃത്തിയെത്രെ ഉയിർപ്പു ഞായറാഴ്ച നാം കാണുന്നതു്. സ്നേഹത്തിന്റെയും വിശുദ്ധിയുടെയും നീതിയുടേയും പ്രമാണങ്ങൾക്കു അനുസരണമായി ജീവിക്കുന്നവർക്കു ഗത്ത്ശേമനയുടേയും കാൽവറിയുടേയും അനുഭവങ്ങളിൽക്കൂടെ കടക്കേണ്ടിവരുമെങ്കിലും അതിന്റെ അന്തം ശാശ്വതമായ സന്തോഷവും സമാധാനവുമാകുന്നു. വലിയ വെള്ളിയാഴ്ച ദിവസത്തിലെ അനുഭവങ്ങളെ ഓർത്തു വ്യാകുലപ്പെട്ടിരുന്ന ശിഷ്യന്മാരോടു ഉയിർത്തെഴുന്നേറ്റവനായ കർത്താവു പറയുന്നതു കേൾക്കുക. "അയ്യോ ബുദ്ധിഹീനരേ! പ്രവാചകന്മാർ പറഞ്ഞിരിക്കുന്നതെല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളേ ക്രിസ്തു

ബിഷപ്പ് ഡോക്ടർ സി. കെ. ജേക്കബ് തിരുമേനിയുടെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ടുള്ള പൌരമഹായോഗം

കേരളത്തിലെ വിവിധ സമുദായനേതാക്കന്മാർ ചേർന്നു ബിഷോപ്പു ജയിക്കബ് തിരുമേനിയുടെ ചരമത്തിൽ അനുശോചിക്കുന്നതിനായി വിളിച്ചുകൂട്ടിയ ഒരു വമ്പിച്ച മഹായോഗം 1958 ഫെബ്രുവരി 26നു വൈകുന്നേരം അഞ്ചുമണിക്കു കോട്ടയം ബേക്കർ മെമ്മോറിയൽ ഹൈസ്കൂൾ അങ്കണത്തിൽ തയ്യാറാക്കിയിരുന്ന പന്തലിൽവച്ചു പരിശുദ്ധ കാതോലിക്കാ ബാവാതിരുമനസ്സിലെ മഹനീയ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു.

റൈറ്റു റവ. ഡോക്ടർ തോമസ് തറയിൽ മോസ്റ്റ് റവ. യൂഹാനോൻ മാർത്തോമ്മാ, ഡോ. സ്റ്റാൻലി ജോൺസ്, സഖ്യ ശ്രീ വി. ഉ. മക്കോസ്, കെ. എം. ചെറിയാൻ, എൻ. കൃഷ്ണ അയ്യർ, എൻ. ഗോവിന്ദമേനോൻ എന്നീ മഹാന്മാർ കാലം ചെയ്ത തിരുമേനിയുടെ അപദാനങ്ങളെ കീർത്തിക്കുകയും മാതൃകായോഗ്യമായ സേവനങ്ങളെ അനുസ്മരിപ്പിച്ചു പ്രസംഗിക്കയും ചെയ്തു.

യോഗത്തിൽ കമ്മീസറി റവ. എം. ജെ. ചാണ്ടി അവർകൾ സ്വാഗതപ്രസംഗം നടത്തുകയും, ശ്രീ ഏ. വി. ജോർജ്ജ് കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തു. കേരളത്തിന്റെ വിവിധഭാഗങ്ങളിൽനിന്നും വന്നുചേർന്നിരുന്നവരായ ഒരു വമ്പിച്ച ജനതതിയെകൊണ്ട് സമ്മേളനപ്പന്തൽ നിറഞ്ഞിരുന്നു.

യോഗാരംഭത്തിൽ ഭാരതത്തിലും വെളിയിലും ഉള്ള അനേകം മഹതീമഹാന്മാർ അയച്ചിട്ടുള്ള അനുശോചനസന്ദേശങ്ങൾ ഡയോസിസൻ ഖജാൻജി ശ്രീ. റ്റി. കെ. കോശി എം. എ. വായിക്കുകയുണ്ടായി. സന്ദേശങ്ങൾ അയച്ചവരുടെ കൂട്ടത്തിൽ കാൻറർബറി ആച്ചു ബിഷോപ്പ് ഡോക്ടർ ഫിഷ്ർതിരുമേനി, മക്ഷിണേന്ത്യാ സഭയിലെ വിവിധ മഹായിടവക ബിഷോപ്പന്മാർ, ഉഗാണ്ടാ ബിഷോപ്പ് റൈറ്റു റവ. ലെസ്ലി ബ്രൌൺ, മാർ യൂലിയോസ് ബാവാ, മാഞ്ചസ്റ്റർ ബിഷോപ്പ്, പാലാ ബിഷോപ്പ് റൈറ്റു റവ. സെബാസ്റ്റ്യൻ വയലിൽ, കൽദയ മെത്രാപ്പോലീത്താ, ചങ്ങനാശ്ശേരി ആച്ചു ബിഷോപ്പ്, സിംലായിലെ ഐ. എ. എസ്സ്. സ്റ്റാഫ് കോളേജ് പ്രിൻസിപ്പൽ ഡോ. ജോർജ്ജ് ജയിക്കബ്, സർദാർ കെ. എം. പണിക്കർ, ശ്രീ കെ. പി. എസ്സ്. മേനോൻ, ശ്രീ സി. പി. മാത്തൻ, സി. എം. എസ്സ്. ജനറൽ സെക്രട്ടറി റവ. വാറൻ, കേന്ദ്രഡപ്യൂട്ടി മന്ത്രി എ. എം. തോമസ്, തിരുവിതാംകൂർ

ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ടു തന്റെ മഹത്വത്തിലേക്കു കടക്കേണ്ടതല്ലയോ" (ലൂക്കോ. ൨൪. ൨൬, ൨൭).

"ഭരപ്പെടേണ്ടാ ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു. ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ എന്നേക്കും ജീവിച്ചിരിക്കുന്നു. മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്" (വെളി. ൧. ൧൭, ൧൮). പുനരുത്ഥാനത്തിൽ മനുഷ്യജീവിതത്തിന്റെ അർത്ഥവും അന്തവും നിത്യമായ പ്രത്യാശയും വെളിപ്പെട്ടിയിരിക്കുന്നതിനാൽ ഉറപ്പുള്ളവരും കുലുങ്ങാത്തവരുമായി ജീവിപ്പാൻ നാം പ്രാപ്തരായിത്തീരുന്നു. ക്രിസ്തീയ സഭ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ശാശ്വതസ്മാരകമായി നിലകൊള്ളുന്നു. വലിയവെള്ളിയാഴ്ചയുടെയും ദുഃഖശനിയാഴ്ചയുടെയും പിന്നാലെ പുനരുത്ഥാനത്തിന്റെ സന്തോഷകരമായ ഉഷസ്സുണ്ടെന്നു അറിഞ്ഞു നമുക്കു ധൈര്യത്തോടെ മുമ്പോട്ടു പോകാം.

വാർത്തകളും കുറിപ്പുകളും

മദ്ധ്യതിരുവിതാംകൂർ മഹായിടവക വാർഷിക യുവജന സമ്മേളനം.

പ്രസ്തുത സമ്മേളനം കോട്ടയം ബേക്കർ മെമ്മോറിയിൽ ഹൈസ്ക്കൂളിൽവച്ചു 1958 ഏപ്രിൽ 29നു മുതൽ മെയ് 3നു വരെ നടത്തപ്പെടുന്നതാണു. റൈറ്റ റവ. ജെ. ഡബ്ല്യു. സാദിക്ക് (നാഗപ്പൂർ ബിഷപ്പ്), റവ. എ. ഇ. ഫ്രെഡറിക്ക് എം. എ. ബി. ഡി. റവ. പീറ്റർ ഡോബിൽ എം. എ., മി. ജയരാജ് ഡാനിയേൽ എം. എ. എന്നിവരാണ് പ്രധാന നേതാക്കന്മാർ.

പട്ടംകൊടശുശ്രൂഷ. റൈറ്റ റവ. എ. എച്ച്. ലെഗ്ഗ് തിരുമേനി മാർച്ചു 21നു കാലത്തു 9 30 മണിക്കു കോട്ടയം ഭദ്രാസനപ്പള്ളിയിൽവച്ചു ഭിയാക്കോന്മാരായ സി. കെ. മാത്യു, കെ. സി. കോശി, പി. ഡി. ജോൺ, ജോർജ്ജ് കോശി എന്നിവർക്കു പ്രെസ്ബിറ്റർ പട്ടംകൊടുക്കൽ ശുശ്രൂഷ നടത്തുകയുണ്ടായി. തദവസരത്തിൽ പ്രസംഗകനായിരുന്നതു റവ. ജഫ്രിപോൾ അവർകൾ ആയിരുന്നു. സ്ഥാനാർത്ഥികൾക്കായുള്ള ധ്യാനയോഗങ്ങൾ റവ. എ. പി. ഇട്ടി അച്ചനാണു നടത്തിയതു.

റവ. ജോൺ കുയ്പ്പൻ എം. എ. ഈ മഹായിടവകയുടെ ഒരംഗവും ആഗ്രാ സെൻറ് ജോൺസ് കോളേജ് ലക്ചററുമായ മി. ജോൺ കുയ്പ്പൻ എം. എസ്സ്. മാർച്ചു 2നു ലക്നൗ മഹായിടവകയിൽ ഒരു ഭിയാക്കോനായി പട്ടം കൊടുത്തിരിക്കുന്നു എന്നു അറിയുന്നതിൽ സന്തോഷിക്കുകയും, വൈദികവൃത്തിയിൽ അദ്ദേഹത്തിനു സകല വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

ബിഷോപ്പ് തിരഞ്ഞെടുപ്പിനുവേണ്ടിയുള്ള ഡയോസിസൻ കൌൺസിൽ പ്രത്യേക സമ്മേളനം. പ്രസ്തുതയോഗം 1958 ഏപ്രിൽ 15, 16 എന്നീ തിയ്യതികളിൽ കോട്ടയം ഭദ്രാസനപ്പള്ളിയിൽവച്ചു നടത്തപ്പെടുന്നതാണ്. കൌൺസിൽ സമ്മേളനത്തിൽ വോട്ടചെയ്യുന്ന സ്ഥാനാർത്ഥി വലയത്തിൽ ഉൾപ്പെടുത്തുന്നതിനായി ഡയോസിസൻ കൌൺസിൽ അംഗങ്ങൾ താഴെപ്പറയുന്ന പട്ടക്കാരുടെ പേരുകൾ നാമനിർദ്ദേശം ചെയ്തിരിക്കുന്നതായി അറിയുന്നു.

(1) റവ. സി. ഐ. ഏബ്രാഹം, (2) റവ. ഏ. ബാഗ്ഷോ, (3) റവ. ററി. ബി. ബഞ്ചമിൻ, (4) റവ. എ. ഇ. ഫ്രെഡറിക്ക, (5) റവ. എം. വി. ജോർജ്ജ്, (6) റവ. എം. എം. ജോൺ, (7) റവ. ററി. എസ്സ്. ജോസഫ്, (8) റവ. വി. ററി. കുയ്പ്പൻ, (9) റവ. സി. ഐ. മത്തായി, (10) റവ. തോമസ് ചെറിയാൻ.

ഇവരിൽ ദൈവേഷ്ടപ്രകാരമുള്ള ഒരാൾ ബിഷോപ്പായി തിരഞ്ഞെടുക്കപ്പെടേണ്ടതിനു പ്രാർത്ഥിക്കാം.

ശ്രീ ഏ. വി. ജോർജ്ജിന്റെ ചാത്രനാച്ചാദനം. കോട്ടയം സി. എം. എസ്സ്. കോളേജ് ഹൈസ്ക്കൂളിന്റെ 141-ാം വാർഷികാഘോഷം സംബന്ധിച്ചു 1958 മാർച്ചു 1നു

മഹാരാജാവു തിരുമേനി, രാജകുമാരി അമൃതകോർ, ഡോ. ജോൺ മത്തായി, മദ്രാസ് ലെജിസ്ലേറിവു കൌൺസിൽ ചെയർമേൻ ഡോ. പി. വി. ചെറിയാൻ, മദ്രാസ് മേയർ ശ്രീമതി തരാ ചെറിയാൻ എന്നിവരുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യമാണ്.

നടത്തപ്പെട്ട സമ്മേളനത്തിൽ, 1951—'57 വരെ ഈ സ്കൂളിന്റെ മാനേജരായി 'മഹനീയ' സേവനം അനുഷ്ഠിച്ച ശ്രീ ഏ. വി. ജോജ്ജിന്റെ ഒരു പൂർണ്ണകായ ചിത്രം ഡോ. ക്ലെർവുഡ് എഡ്ഡി അനാച്ഛാദനം ചെയ്തിരിക്കുന്നു.

പട്ടക്കാരുടെ സ്ഥലംമാറ്റങ്ങൾ. 1958 ഫെബ്രുവരി 22നു നടത്തപ്പെട്ട സഭാപ്രവർത്തനബോർഡിന്റെ തീരുമാനപ്രകാരം താഴെപ്പറയുന്ന വിരമങ്ങളും സ്ഥലമാറ്റങ്ങളും നിശ്ചയിച്ചിരിക്കുന്നു.

പള്ളത്തുനിന്നും വിരമിക്കുന്ന റവ. പി. ജെ. ജോജ്ജിന്റെ സ്ഥാനത്തു റവ. പി. സി. മാത്തുവിനെയും, ആലപ്പുഴനിന്നും വിരമിക്കുന്ന റവ. കെ. ജെ. ചാക്കോയുടെ സ്ഥാനത്തേക്കു റാന്നിയിൽനിന്നും റവ. മൈക്കൾ ജോണിനെയും നിയമിച്ചിരിക്കുന്നു. കൊല്ലത്തുനിന്നും റവ. പി. ഇ. വർക്കിയെ റാന്നിയിലും, മേലുകാവിൽനിന്നും റവ. മാത്തു മാത്തുവിനെ കൊല്ലത്തേക്കും, കുത്താട്ടുകുളത്തുനിന്നും റവ. എം. സി. മാണിയെ മേലുകാവിനും, മുണ്ടിയപ്പള്ളിയിൽനിന്നും റവ. സി. സി. ചാക്കോയെ കുത്താട്ടുകുളത്തിനും, കുട്ടിക്കൽനിന്നും റവ. സി. കെ. മാത്തുവിനെ കൊല്ലകടവിനും, അവിടെനിന്നും മി. കെ. ജി. തോമസിനെ നല്ലാനിക്കുന്നിനും, കുമ്പനാടുനിന്നും റവ. എ. പി. ജോണിനെ കുണ്ടറക്കും, അവിടെനിന്നും റവ. പി. എം. ജോർജ്ജിനെ മുണ്ടിയപ്പള്ളിക്കും നിയമിച്ചിരിക്കുന്നു. വണ്ടിപ്പെരിയാർ ഇടവകപ്പട്ടക്കാരൻ ആയിരുന്ന റവ. ഡബ്ലിയു. പി. വക്കിയുടെ ഈ മഹായിടവകയിലെ സേവനകാലം അവസാനിച്ചിരിക്കുന്നതിനാൽ അദ്ദേഹത്തെ സ്വന്തം മഹായിടവകയായ ഉത്തരകേരളത്തിലേക്കു അയയ്ക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

റവ. ററി. ബി. ബഞ്ചമിൻ അവർകളുടെ ഈസ്റ്റർ പ്രക്ഷേപണം, അഖിലേന്ത്യാ റേഡിയോയുടെ തിരുവനന്തപുരം നിലയത്തിൽനിന്നും ഈസ്റ്റർ ദിനമായ ഏപ്രിൽ 6നു വൈകിട്ട 9. 30-നും 10-നും ഇടയ്ക്കു പതിനഞ്ചു മിനിറ്റു സമയത്തേക്കു തിരുവനന്തപുരം ക്രൈസ്റ്റ് ചർച്ചു ഇടവകപ്പട്ടക്കാരൻ റവ. ററി. ബി. ബഞ്ചമിൻ ബി. ഏ. ഒരു ഈസ്റ്റർ ദൂത പ്രക്ഷേപണം ചെയ്യുന്നതിനു ക്ഷണിക്കപ്പെട്ടിരിക്കുന്നതായി അറിയുന്നു. ശ്രോതാക്കൾക്കു അനുഗ്രഹകരമായ ഒരു സന്ദേശം നല്കുന്നതിനു ദൈവം സഹായിക്കട്ടെ.

പ്രത്യേക പിരിവുകൾ. ഏപ്രിൽ 4നു വലിയ വെള്ളിയാഴ്ചനാളിൽ മതാദ്ധ്യാപികൾക്കുവേണ്ടിയുള്ള പ്രത്യേക പിരിവും, ഏപ്രിൽ ആറാം തിയ്യതി പറക്കാൽ മിഷ്യനുവേണ്ടിയുള്ള പ്രത്യേക പിരിവും എടുക്കണമെന്നു കാണിച്ചുകൊണ്ടുള്ള സർക്കുലർ ഇതിനും പുറമേ കഷ്ടാനുഭവ ആഴ്ചവട്ടത്തിൽ ഉപോഷണം ആചരിച്ചും മറ്റും പറക്കാൽമിഷ്യനുവേണ്ടി പതിവായി എടുത്തുകൊണ്ടിരിക്കുന്ന പിരിവുകളും താല്പര്യപൂർവ്വം ശേഖരിച്ചു മഹായിടവക ആഫീസിലേക്കു അയച്ചുകൊടുക്കണമെന്നു അപേക്ഷിക്കുന്നു.

ഒരു അനുമോദനം. ബാലസാഹിത്യപ്രോത്സാഹനത്തിനുള്ള ഇന്ത്യാ ഗവണ്മെന്റിന്റെ പദ്ധതി അനുസരിച്ചു ഏറ്റവും നല്ല ഗ്രന്ഥങ്ങൾക്കുവേണ്ടി കേന്ദ്രവിദ്യാഭ്യാസവകുപ്പു നടത്തിയ മത്സരത്തിൽ സമ്മാനാർഹമായ മലയാളഗ്രന്ഥം കോട്ടയ്ക്കുള്ളിൽ ഇടവകാംഗമായ ശ്രീ ററി. വി. ജോൺ എം. എ. ബി. ററിയുടെ "ഓണപ്പക്ഷി" എന്ന ഗ്രന്ഥമാണ്. ഗ്രന്ഥകർത്താവിനു 500 രൂപാ സമ്മാനം ലഭിക്കുന്നതിനും പുറമേ പ്രസ്തുത ഗ്രന്ഥത്തിന്റെ 2000 പ്രതികൾ ഗവണ്മെന്ററിൽനിന്നും വിലയ്ക്കുവാങ്ങി വിതരണം ചെയ്യുന്നതുമാണ്. അസുലഭമായ ഈ ബഹുമതിയിൽ ഞങ്ങൾക്കു ശ്രീ ജോണിനോടുള്ള ഹാർദ്ദവമായ അനുമോദനത്തെ രേഖപ്പെടുത്തിക്കൊള്ളുന്നു.

മുണ്ടക്കയം ഡിസ്ട്രിക്ട് യൂത്ത് കോൺഫറൻസ് മുണ്ടക്കയം ഡിസ്ട്രിക്ടിലുള്ള യുവജന

ആ പാറ ക്രിസ്തുതന്നെ

(സി. മാത്യു, തെങ്ങുംമഠത്തിൽ)

വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറടിച്ചു ആ വീടിന്മേൽ അലച്ചു; അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല" (മത്താ. 7. 25).

പാറ സുരക്ഷിതാവസ്ഥയുടേയും ഉറപ്പിന്റേയും അടയാളമാകുന്നു. പാറയിൽ ഉറപ്പിച്ചിരിയ്ക്കുന്ന ഏതിനും ഇളക്കമില്ല. ഉല്പത്തിപുസ്തകത്തിൽ ആദ്യം സ്ത്രീയുടെ സന്തതിയായും വെളിപ്പാട് പുസ്തകത്തിൽ വീണ്ടും വരുവാനിരിക്കുന്ന കർത്താവായും വിവരിച്ചിരിക്കുന്ന ക്രിസ്തുവിനെ വേദപുസ്തകത്തിൽ പല ഭാഗത്തും പാറയോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു. സുരക്ഷിതാവസ്ഥയുടേയും ഉറപ്പിന്റേയും പര്യായപദമായിട്ടാണ പാറ എന്ന പദം തിരുവചനത്തിൽ പലയിടത്തും ഉപയോഗിച്ചിട്ടുള്ളത്.

ഈ അർത്ഥത്തിൽ പാറയെ നാം ആദ്യമായി കാണുന്നത് പുറപ്പാട് പുസ്തകത്തിലാണ്. യിസ്രായേൽ ജനതയുടെ മരുഭൂമിയിൽക്കൂടിയുള്ള യാത്രയിൽ ഹോരേബിൽ അവർ എത്തി. അവിടെ അവയ്ക്ക് കുടിപ്പാൻ വെള്ളം ഉണ്ടായിരുന്നില്ല. അവരുടെ എല്ലാ ആവശ്യങ്ങളും എങ്ങനെ നിറവേറപ്പെടുന്നു എന്നു അവരെ പഠിപ്പിക്കേണ്ട ആവശ്യം ദൈവത്തിനുണ്ടായിരുന്നു. "ഞാൻ ഹോരേബിൽ നിന്റെ മുൻപാകെ പാറയുടെമേൽ നില്ക്കും; നീ പാറയെ അടിയ്ക്കണം; ഉടനെ ജനത്തിനു കുടിപ്പാൻ വെള്ളം അതിൽനിന്നു പുറപ്പെടും എന്നു കല്പിച്ചു" (പുറ. 17. 6). കല്പനപ്രകാരം മോശെ പാറയെ അടിച്ചപ്പോൾ അതു പൊട്ടി ഇടതടവില്ലാതെ വെള്ളം പുറപ്പെട്ടു. മഹാൻ ശമിയ്ക്കുവോളം യിസ്രായേൽ ജനം ആ വെള്ളം പാനം ചെയ്തു. അനേക നൂറാണ്ടുകൾക്കുശേഷം കാലത്തികവിങ്കൽ കാൽവറിയിൽ ഉടയപ്പെട്ട ക്രിസ്തുവാകുന്ന പാറയിൽനിന്നു പുറപ്പെട്ട ജീവൻ നല്കുന്ന വെള്ളത്തെ ഹോരേബിലെ വെള്ളം സൂചിപ്പിക്കുക ആയിരുന്നു. "എല്ലാവരും ഒരേ ആത്മീയ പാനീയം കുടിച്ചു'—അവരെ അനുഗമിച്ച ആത്മീയപാറയിൽ നിന്നല്ലോ അവർ കുടിച്ചതു; ആ പാറ ക്രിസ്തുവായിരുന്നു. (1കൊരി. 10. 4).

ദൈവത്തിന്റെ തേജസ്സു കടന്നു പോയപ്പോൾ പാറയുടെ പിളർപ്പിൽ മോശെയെ മറച്ചതു (പുറ. 33). പാറയായ ക്രിസ്തുവിന്റെ മറെറാരു ചരിത്രമാണ്. വെളിപ്പെട്ടവാനിരുന്ന സാക്ഷാൽ പാറയാകുന്ന ക്രിസ്തുവിനെ ദൂരെകണ്ടുകൊണ്ട് ദൈവത്തിന്റെ പ്രവാചകനായ മോശെ പാടിപുകഴ്ത്തിയിരിക്കുന്നതു ഇങ്ങനെയാണ്. "അവൻ പാറ; അവന്റെ പ്രവൃത്തി അത്യുത്തമം. അവന്റെ വഴികൾ ഒക്കെയും ന്യായം; അവൻ വിശ്വസ്തതയുള്ള ദൈവം, വ്യാജമില്ലാത്തവൻ, നീതിയും നേരും ഉള്ളവൻ തന്നെ" (ആവ. 32. 4). "പാറയിൽനിന്നും തേനും തീക്കല്ലിൽനിന്നു എണ്ണയും കുടിപ്പിച്ചു (ആവ. 32. 13).

ന്യായാധിപന്മാരുടെ പുസ്തകത്തിൽ (6. 21-ലും 13. 19-ലും) യാഗത്തോട് ചേർത്തു പാറയെപ്പറ്റി പറഞ്ഞിരിക്കുന്നു. 13-ാം അദ്ധ്യായത്തിൽ മനോഹര ഒരു കോലാട്ടിൻ കുട്ടിയെക്കൊണ്ടു വന്നു ഒരു പാറമേൽ യഹോവയ്ക്കു യാഗം കഴിപ്പിച്ചതായും അഗ്നിജ്വാല

ഇളൂടെ ഒരു സമ്മേളനം ഫെ. 14—16 വരെ മുണ്ടക്കയം സി. എം. എസ്സ്. പ്രൈമറിസ്കൂളിൽവച്ചു നടത്തപ്പെട്ടു. ഡിസ്ട്രിക്ടിലുള്ള വിവിധ ഇടവകകളിൽ നിന്നുമായി 100 പ്രതിനിധികളോളം ഈ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. ചിന്താവിഷയം :—"ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു" യുവജനങ്ങളുടെ ആത്മീയാനുഭവത്തിൽ ഒരുത്തേജനം ഈ സമ്മേളനംമൂലം ലഭ്യമായി എന്നതു സന്തോഷാവഹമാണ്.

സെക്രട്ടറി.

യാഗത്തിന്മേൽ ആകാശത്തിലേക്കു ഉയർന്നപ്പോൾ യഹോവയുടെ ദൂതൻ യാഗപീഠത്തിന്റെ ജ്വാലയോടുകൂടി കയറിപ്പോയതായും നാം വായിക്കുന്നു. ഭാവിയിൽ നിശ്ചയിക്കപ്പെട്ട സമയത്തു യുഗങ്ങളുടെ പാറയായ നമ്മുടെ കർത്താവു കാൽവറിയിൽ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി യാഗമായി അർപ്പിക്കപ്പെട്ടതിനേയും രക്ഷയുടെ വേല പൂർത്തിയാക്കി പിതാവിന്റെ സന്നിധിയിലേക്കു പോയതിനേയും ഈ സംഭവം സൂചിപ്പിക്കുക ആയിരുന്നു.

ഈ അനുഗ്രഹിക്കപ്പെട്ട പാറയെപ്പറ്റി ഇടയരാജാവായ ദാവീദു സംഗീതസാമഗ്രിയുടെ സഹായത്തോടുകൂടി ദൈവാത്മപ്രേരിതനായി പാടിയതു സങ്കീർത്തനങ്ങളിൽ ഉണ്ട്. "അനർത്ഥദിവസത്തിൽ അവൻ തന്റെ കൂടാരത്തിൽ എന്നെ ഒളിപ്പിക്കും; തിരുനിവാസത്തിന്റെ മറവിൽ എന്നെ മറയ്ക്കും; പാറമേൽ എന്നെ ഉയർത്തും" (സങ്കീ. 27. 5). "യഹോവേ, ഞാൻ നിന്നെ വിളിച്ചപേക്ഷിക്കുന്നു; എന്റെ പാറയായുള്ളോവേ നീ കേൾക്കാതിരിക്കരുതേ" (28. 1). "നീ എനിക്കു ഉറപ്പുള്ള പാറയായും എന്നെ രക്ഷിക്കേണ്ടതിനു കോട്ടയായും ഇരിക്കേണമേ" (31. 2). "എന്റെ ഹൃദയം ക്ഷീണിക്കുമ്പോൾ ഞാൻ ഭൂമിയുടെ അറ്റത്തുനിന്നു നിന്നെ വിളിച്ചപേക്ഷിക്കും; എനിക്കു അത്യുന്നതമായ പാറയിങ്കലേക്കു എന്നെ നടത്തേണമേ" (61. 2). "അവൻ തന്നെ എന്റെ പാറയും എന്റെ രക്ഷയും ആകുന്നു" (62. 2). ഇങ്ങനെ പ്രവാചകൻ കൂടെയായിരുന്ന ദാവീദുരാജാവു രക്ഷയുടെ പാറയെ മുമ്പുകൂട്ടി കണ്ടു, തന്റെ ആവശ്യങ്ങളെ വാഗ്രൂപത്തിൽ ദൈവസന്നിധിയിൽ അർപ്പിക്കുകയായിരുന്നു.

സകല ശത്രുക്കളിൽനിന്നും ദൈവം ദാവീദിനെ രക്ഷിച്ചതിനു അവൻ നന്ദിസൂചകമായി സ്തോത്രം ചൊല്ലിയതു "യഹോവ എന്റെ ശൈലവും എന്റെ കോട്ടയും എന്റെ രക്ഷകനും ആകുന്നു. എന്റെ പാറയായ ദൈവം; അവനിൽ ഞാൻ ആശ്രയിക്കും" (2ശമൂ. 22. 2) എന്നാണ്. ഈ ലോകജീവിതത്തിൽ പരീക്ഷകളും പ്രയാസങ്ങളും നേരിടുമ്പോൾ ദാവീദിനെപ്പോലെ പാറയായ ക്രിസ്തുവിൽ പരിപൂർണ്ണമായി ആശ്രയിക്കുന്നതിനും വിജയം ഉണ്ടാകുമ്പോൾ സ്തോത്രയാഗങ്ങൾ അർപ്പിക്കുന്നതിനും ദൈവമക്കൾക്കു ബുദ്ധിഉപദേശത്തിനായിക്കൂടി ഇവകൾ തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുകയാണ്.

ഉത്തമഗീതത്തിൽ മണവാളൻ തന്റെ മണവാട്ടിയോടു അനുഗ്രഹവചസ്സുകൾ പൊഴിക്കുകയാണ്. "പാറയുടെ പിളർപ്പിലും കടുംതൂക്കിന്റെ മറവിലും ഇരിക്കുന്ന എന്റെ പ്രാവെ, ഞാൻ നിന്റെ മുഖം ഒന്നു കാണട്ടെ; നിന്റെ സ്വരം ഒന്നു കേൾക്കട്ടെ; നിന്റെ സ്വരം ഇമ്പമുള്ളതും മുഖം സൌന്ദര്യമുള്ളതും ആകുന്നു" (2. 14). പ്രവാചകനായ യെശയ്യാവു വരുവാനുള്ള രാജാവിനെപ്പറ്റി "വരണ്ട നിലത്തു നീർത്തോടുകൾപോലെയും ക്ഷീണമുള്ള ദേശത്തു ഒരു വൻപാറയുടെ തണൽപോലെയും" എന്നു വിവരിച്ചിരിക്കുന്നു (32. 2).

പുതിയനിയമകാലത്തു ജീവിച്ചിരിക്കുന്ന നാം എത്ര അനുഗ്രഹിക്കപ്പെട്ടവരാകുന്നു. ഈ കൃപായുഗത്തിന്റെ ആരംഭത്തിൽ പാറയായവൻ തന്നെ വന്നു നമ്മോടു സംസാരിച്ചിരിക്കുന്ന മോശെയും, ദാവീദും മറ്റു പ്രവാചകന്മാരും വെളിപ്പെടുത്തിയതിൽ ഉപരിയായതും പൂർണ്ണമായതുമായ വസ്തുത അവൻ നമുക്കു വെളിപ്പെടുത്തി തന്നിരിക്കുന്നു. അവനെതന്നെ.

"ദൈവം പണ്ടു ഭാഗംഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തിരം പിതാക്കന്മാരോടു അരുളിച്ചെയ്തിട്ടു ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തിരം നമ്മോടു അരുളിച്ചെയ്തിരിക്കുന്നു" (എബ്രാ. 1. 1, 2) എന്നാണു പുത്രൻ അരുളിച്ചെയ്തതു. "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല" (മത്താ. 16. 18).

പത്രൊസിനെ പാറയാക്കുന്ന ഉപദേശം ചില സഭകളിൽ നടപ്പുണ്ട്. അതു വഴി തെറ്റിക്കുന്നതാണ്. വേദപുസ്തകത്തിൽ പാറയെ ആക്ക സാദൃശ്യമായി കൊടുത്തിരിക്കുന്നു എന്നു നാം കണ്ടു കഴിഞ്ഞു. കൂടാതെ മത്തായിയുടെ സുവിശേഷം 16-ാം അദ്ധ്യായം മുഴ

മഹാഇടവകദിനം

(സി. ഐ. വറുഗീസ്, പള്ളം)

അംഗ്ലെയസഭയുടെ സുവിശേഷപ്രചരണസംഘടനയായ ചർച്ചുമിഷ്യനറി സൊസൈറ്റിക്കാർ 1816 മുതൽ അയച്ച മിഷ്യനറിമാരുടെ ആത്മാർത്ഥമായ പ്രയത്നങ്ങളുടെ ഫലമായി ഈ നാട്ടിൽ തിരുവിതാംകൂർ കൊച്ചി മഹാഇടവക യഥാകാലം സ്ഥാപിതമാകുകയും ഇവിടെ വളരെക്കാലം വേല ചെയ്ത ഒരു ഉത്തമ മിഷ്യനറിയായിരുന്ന റവ. ജോണ മാർട്ടിണ്ടെയിൽ സ്റ്റീച്ചിലി എം. എ യെ 1879 ജൂലായി 3-ാം വിശുദ്ധ യാക്കോബിന്റെ നാളിൽ ലണ്ടനിൽവച്ചു ഒന്നാമത്തെ ബിഷോപ്പായി വാഴിക്കയും ചെയ്തു. തുടർന്നു നാലു വിദേശ ബിഷോപ്പന്മാരുടെ അനന്തരഗാമിയായി ആറാമത്തെ ബിഷോപ്പായി ഒരു ഭാരതീയൻ റവ. സി. കെ. ജെയിക്കബ്ബ് ബി. എ. യെ 1945 മെയ് 6-ാം മദ്രാസിൽവച്ചു വാഴിച്ചു.

അനന്തരം 1947 സെപ്തംബർ 27-ാം തക്ഷിണേന്ത്യാ സഭയുടെ ഉത്ഭവത്തോടുകൂടെ പുതിയ മഹാഇടവകകളുടെ സംവിധാനംമൂലം പഴയ തിരുകൊച്ചി മഹാഇടവകയിൽനിന്നു വടക്കു കുറെ ഭാഗം ഉത്തരകേരളമഹാഇടവകയ്ക്കും തെക്കു കുറെ ഭാഗം ദക്ഷിണ തിരുവിതാംകൂർ മഹാഇടവകയ്ക്കും വിട്ടുകൊടുത്തിട്ട് അവശേഷിക്കുന്ന ഭാഗമാണ് മദ്ധ്യതിരുവിതാംകൂർ മഹാഇടവക.

ഇവിടെ പ്രതിപാദ്യവിഷയം മഹാഇടവക ദിനാചരണമാകുന്നുവല്ലൊ. ഒന്നാമത്തെ ബിഷോപ്പിനെ വാഴിച്ച വിശുദ്ധ യാക്കോബിന്റെ നാളായ ജൂലായി 25-ാം തന്നെ പല മാറ്റങ്ങൾ ഉണ്ടായിട്ടും ഇപ്പോഴും മഹാഇടവകദിനമായി ആചരിച്ചു വരുന്നു. ഭാരതത്തിൽ എങ്ങും ഇപ്പോൾ നടക്കുന്ന കായ്കങ്ങളെ ശരിക്കു നോക്കുന്നതായാൽ ഒരു നാട്ടുബിഷപ്പിനെ വാഴിച്ച മെയ് 6-ാം മേലിൽ മഹാഇടവകദിനമായി ആചരിക്കുന്നതിന്റെ ഔചിത്യത്തെക്കുറിച്ചു അധികാരികൾ ആലോചിച്ചു യുക്തമായ തീരുമാനം ചെയ്യുമെന്നു വിചാരിക്കാം.

വനായി വായിച്ചു പഠിച്ചാൽ ആയതു വളരെ വ്യക്തമായി കാണാൻ കഴിയും. പത്രൊസ് അപ്പൊസ്തലൻ തന്നെപ്പറ്റി എന്തു പറഞ്ഞിരിക്കുന്നു എന്നുകൂടി നോക്കാം. "യിസ്രായേൽ പുരുഷന്മാരെ, ഇതിങ്കൽ ആശ്ചര്യപ്പെടുന്നതു എന്തു? ഞങ്ങളുടെ സ്വന്ത ശക്തികൊണ്ടോ ഭക്തികൊണ്ടോ ഇവനെ നടക്കുമാറാക്കിയെന്നപോലെ ഞങ്ങളെ ഉറ്റുനോക്കുന്നതെന്തു?" (അപ്പൊ. പ്ര. 3. 12). "ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിനു മാനസ്സാന്തരപ്പെട്ടു തിരിഞ്ഞുകൊൾവിൻ" (അപ്പൊ. പ്ര. 3. 19). "എന്നാൽ ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിപ്പിൻ" (1 പത്രൊ. 3. 14). ഇങ്ങനെ പല വേദഭാഗങ്ങൾ ഉണ്ട്.

ആ പാറ ക്രിസ്തുതന്നെ. സത്യവിശ്വാസികൾക്കു യാതൊരു ഭയത്തിനും അവകാശമില്ല. അവൻ എന്നേക്കും ഉറപ്പുള്ള പാറയിൽ കാൽ ഉറപ്പിച്ചിരിക്കുന്നു. ക്രിസ്തു അവനുവേണ്ടി ചൊരിഞ്ഞ രക്തമാവിൽ വിശ്വാസത്താൽ അവൻ അഭയം തേടിയിരിക്കുകയാണ്. ദിനംതോറും അഭയം തേടുകയും ചെയ്യുന്നു. ഇവിടെ അവനു പരീക്ഷകളും പരിശോധനകളും ദുഃഖങ്ങളും ഉണ്ട്. പാറയുടെ പിളർപ്പിൽ അഭയംതേടി ആശ്വാസം കൊള്ളുകയാണ്, അവന്റെ ദിനന്തോറുമുള്ള അനുഭവങ്ങൾ. എന്തൊരാനന്ദമാണ് അവനു! ഇന്നും ഈ അനുഭവത്തിലേക്കു വന്നിട്ടില്ലാത്തവരുടെ ശ്രദ്ധയ്ക്കുമായി ഒരു വേദഭാഗം ഉദ്ധരിച്ചുകൊണ്ടു ഈ ലേഖനം അവസാനിപ്പിക്കുന്നു.

"എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ വീടുപണിത മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റടിച്ചു ആ വീട്ടിന്മേൽ അലച്ചു; അതു വീണു, അതിന്റെ വീഴ്ച വലിയതായിരുന്നു (മത്താ. 7. 26, 27).

പരേതനായ റവ. കെ. എം. ജോൺ

അച്ചൻ 1100 മേടം 8നു ജനിച്ചു. പിതാവു മി. കെ. വി. മത്തായി ഉപദേശി ആയിരുന്നു. ഉപദേശിയുടെ പതിനൊന്നാമത്തെ സന്താനമാണു റവ. കെ. എം. ജോൺ.

പഠിത്തത്തിൽ തല്പരനായിരുന്നെങ്കിലും സ്കൂൾ ഫൈനൽ വരെ പഠിക്കുന്നതിനു മാത്രമെ അച്ചനു സാധിച്ചുള്ളൂ. സാമ്പത്തികമായി ഉപദേശിക്കു അതിനു മാത്രമേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. സ്കൂൾ ഫൈനൽ പാസ്സായശേഷം നേവിയിൽ വയർലെസ്സ് ഓപ്പറേററരായി നാലുവർഷം സേവനം അനുഷ്ഠിച്ചു. യാത്രയ്ക്കു വളരെ ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും അതിൽനിന്നും വളരെ അനുഭവങ്ങൾ ഗ്രഹിപ്പാനുണ്ടെന്നു അച്ചൻ പറയുമായിരുന്നു. അതുകൊണ്ടായിരിക്കാം തന്റെ സേവനം ആഫ്രിക്കയിൽ അർപ്പിച്ചതു്.

മിലിററി സേവനത്തിനുശേഷം ഒരു വർഷം കുമ്പളാംപൊയ്ക സി. എം. എസ്സ്. ഹൈസ്കൂളിൽ അദ്ധ്യാപകനായിരുന്നു. പിന്നീടാണു സി. എം. എസ്സ്. ലെ ഉപദേശിയായതു്. അടുച്ചാക്കൽ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുമ്പോഴാണു വൈദികാഭ്യസനത്തിനായി വിളിച്ചതു്. കണ്ണൻമൂലയിൽ നാലുവർഷം അഭ്യസിച്ചതിനുശേഷം ഒരു വർഷം കണ്ണിക്കൽ ഉപദേശിയായി ജോലി നോക്കി. അവിടെ ഉപദേശിയായിരിക്കുമ്പോഴാണു 1954 ഏപ്രിൽ 9നു മിയാക്കോൻ സ്ഥാനിയായതു്. പിന്നീടു ഒരു വർഷം എളുപ്പുറത്തു സേവനം അനുഷ്ഠിച്ചു.

അന്യനാടുകളിൽ കർത്താവിന്റെ ഗൂഢ വഹിക്കണമെന്നായിരുന്നു അച്ചന്റെ അഭിലാഷം. അതനുസരിച്ചു അച്ചന്റെ സേവനം Tanganyika മിഷ്യനു വിട്ടുകൊടുത്തു. 1955 ആഗസ്ററു മുടവിൽ അച്ചനും ഭാര്യയും രണ്ടുകുട്ടികളോടുകൂടി ആഫ്രിക്കയിൽ സേവനത്തിനു പോയി. തന്റെ സഹോദരീസഹോദരന്മാരും വിശിഷ്യ വാർദ്ധക്യത്തിൽ എത്തിയിരുന്ന വിധവയായ മാതാവും അവരെ യാത്ര അയച്ചതു സന്തോഷത്തിന്റെയും സന്താപത്തിന്റെയും കണ്ണുനീരോടുകൂടിയായിരുന്നു. ആസന്നഭത്തിൽ പോലും യാതൊരു മനഃചാഞ്ചല്യവും കൂടാതെ ധീരനായി, എന്നാൽ സല്ലം ഗൽഗദത്തോടുകൂടി വിടവാങ്ങി.

1955 സെപ്തംബർ 12നു അച്ചനും മറും സസുഖം ഡാറസലാമിൽ എത്തി. തന്റെ വേലസ്ഥലം ഡൊഡോമായിൽ ആയിരുന്നു. 1955 ഒക്ടോബർ 8നു അച്ചൻ പൂണ്ണുപൗരോഹിത്യസ്ഥാനിയായി. ഏഷ്യാക്കാരായി റാംഗനിക്കായിൽ താമസിക്കുന്നവരുടെ ഇടയിലെ വേലയ്ക്കായിരുന്നു അച്ചനെ നിയോഗിച്ചതു്. ഇപ്രകാരം റാംഗനിക്കായിൽ നിയമിക്കപ്പെട്ട ഇന്ത്യാക്കാരനായ ആദ്യത്തെ പട്ടക്കാരനായിരുന്നു റവ. കെ. എം. ജോൺ. അച്ചന്റെ സേവനത്തെപ്പററി ലണ്ടനിൽനിന്നും പ്രസിദ്ധപ്പെടുത്തുന്ന out look എന്ന മാസികയിൽ '56 ജനുവരിയിൽ (ഫോട്ടോ സഹിതം) എഴുതിയിരുന്നു.

രണ്ടുവർഷത്തിൽ കൂടുതൽ ഡൊഡോമായിൽ സേവനമനുഷ്ഠിച്ചതിന്റെശേഷം അച്ചനെ കഴിഞ്ഞ ഡിസംബർമാസത്തിൽ മൊറോഗൊറോയ്ക്കു സ്ഥലം മാററി. അച്ചന്റെ ജോലി സ്ഥലം റാംഗനിക്കാ മുഴുവനായിരുന്നതിനാൽ സ്വസ്ഥതയില്ലാതെ നിരന്തരം സഞ്ചരിക്കുണമായിരുന്നു. ഏഷ്യാക്കാരെ പ്രത്യേകിച്ചു മലയാളികളെ അച്ചൻ സ്നേഹശുശ്രൂഷയിൽ ബന്ധിച്ചു. അനേകം എഴുത്തുകൾക്കു ഉടനുടൻ മറുപടി അയയ്ക്കുക, ഒരു ബൈബിൾ കറസ്പോണ്ടൻസ് നടത്തുക, ലണ്ടൻ ബി. ഡി. കോണേഴ്സിനുവേണ്ടി പഠിക്കുക, മുതലായ പല കാര്യങ്ങൾക്കുവേണ്ടി ഇതിനിടയിൽ പ്രയത്നിച്ചുവന്നു. 1956 ഓഗസ്ററു മാസത്തിൽ അച്ചനു മൂന്നാമതൊരു മകൻകൂടി ജാതനായി.

കഴിഞ്ഞ ഫെബ്രുവരി 18നു അച്ചനു വയററിൽ ഒരു വേദന ഉണ്ടായി. ഉടനെ തന്നെ ആശുപത്രിയിൽ പോയി ഡോക്ടറന്മാരെ കണ്ടു. അപ്പൻഡിസൈററിസാണെന്നും

ഞായറാഴ്ച ആചാരം

(തുടർച്ച)

(Rev. T. B BENJAMIN, B. A.)

നമ്മുടെ പൈതങ്ങൾ, പള്ളിയിൽ പോകുന്നതിനു പുറമെ സണ്ടേസ്ക്കൂളിൽ പോയി പഠിക്കുന്നതിന് നാം അവരെ ഉത്സാഹിപ്പിക്കേണ്ടതു് അത്യാവശ്യമായ ഒരു കാര്യമാണ്. എന്തെന്നാൽ കുഞ്ഞുങ്ങളുടെ മാഗ്രീയാഭ്യസനത്തിനായി ശേഷിച്ചിട്ടുള്ള ഏക മാർഗ്ഗം സണ്ടേസ്ക്കൂളാണ്. മിഷ്യൻപള്ളിക്കുടങ്ങളിൽപോലും വേദപുസ്തകം പഠിപ്പിക്കുന്നതിനുള്ള സൌകര്യങ്ങൾ ഇല്ലാതെയായി വരികയാണ്. ദൈവകൃപയാൽ നമ്മുടെ രാജ്യത്തു നന്നായി ക്രമീകരിക്കപ്പെട്ട സണ്ടേസ്ക്കൂളുകൾ ധാരാളമുണ്ട്. യേശുവിനെക്കുറിച്ചുള്ള അറിവിലും പരിജ്ഞാനത്തിലും അവർ വളർന്നുവരുന്നതിന് ഈ സ്ക്കൂളുകൾ അത്യന്തം സഹായിക്കുന്നതാണ്. ഞായറാഴ്ച ഒരു വിശുദ്ധ ദിവസമാണെന്നും, അത്യാത്മികമായ കാര്യങ്ങളിൽ കൂടുതലായി ശ്രദ്ധപതിക്കേണ്ട ദിവസമാണെന്നും അവർ ബാല്യത്തിൽ തന്നെ ഗ്രഹിക്കുന്നതിനും അതു സഹായിക്കുന്നതാണ്. അവിടെ വേദപാഠങ്ങൾ പഠിക്കുന്നതു കൂടാതെ ആരാധനയിൽ അവർക്കൊരു പരിശീലനം ലഭിക്കുകയും ചെയ്യും.

ഓപ്പറേറ്റർ ചെയ്യണമെന്നും പറഞ്ഞതനുസരിച്ചു അന്നുതന്നെ ഓപ്പറേഷനു വിധേയനായി. പിറ്റെദിവസം അച്ചനു വായുവിന്റെ സല്ലും അസുഖം ഉണ്ടായി. എന്നാൽ അതു പരിപൂർണ്ണസുഖമായി. രണ്ടാമന്നു ദിവസത്തിനകം ആശുപത്രിയിൽനിന്നു പോകാമെന്നും ഡോക്ടർ പറഞ്ഞു. 23നു- രാവിലെ അച്ചനു വായുവിന്റെ ഉപദ്രവം സല്ലും കൂടുതലാണെന്നു ഭാര്യയെ വിവരം അറിയിച്ചു. ഉടനെ തന്നെ ഭാര്യയും കുഞ്ഞുങ്ങളും മറ്റും ആശുപത്രിയിൽ എത്തി. രാത്രിയിൽ ആരംഭിച്ച വായുവിന്റെ ഉപദ്രവം വർദ്ധിച്ചുകൊണ്ടിരുന്നു. ഡോക്ടറന്മാരുടെ ചികിത്സാപാടവം വിഫലമായി. തന്റെ അന്ത്യത്തിലേക്കു നീങ്ങുകയാണെന്നു് അച്ചനു ബോധ്യമായി. അച്ചൻ മൈവത്തെ സ്തുതിച്ചും പാടിയും കൊണ്ടിരിക്കുമ്പോൾ പൂർണ്ണബോധത്തോടും പ്രത്യാശയോടുംകൂടി മൂന്നുമണിക്കു (ഞായറാഴ്ച) തന്റെ 33-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു.

ഈ ദുഃഖവാർത്ത അറിഞ്ഞു 100-ഉം 150-ഉം മൈൽദൂരെ നിന്നുപോലും അച്ചന്റെ സ്നേഹിതന്മാർ ഓടിവന്നു. പിറ്റെ ദിവസം 12 മണിക്കു റോംഗനിക്കാ ബിഷപ്പ് തിരുമനസ്സിലെ കാത്തലിക്കപത്രിൽ ശവസംസ്കാരം നടത്തി. ദുഃഖിതയായ ഭാര്യാമ്മയും മൂന്നുകുഞ്ഞുങ്ങളും മൊറോഗൊറോയിൽ താമസിക്കുന്നു. ഈ മാസം 30നു-യുള്ള കപ്പലിൽ അവർ നാട്ടിലേക്കു മടങ്ങും. ഏപ്രിൽ 10നു- അവർ ബോംബെയിൽ എത്തും. 15നു-യോടുകൂടി വീട്ടിൽ എത്തുന്നതായിരിക്കും.

ദൈവസ്നേഹം, വിനയം, ധീരത, പരോപകാരം, കൃതജ്ഞത മുതലായ പല നല്ല ഗുണങ്ങൾ അച്ചനിൽ വിളങ്ങിയിരുന്നു. മടി എന്നുള്ളതു അച്ചനെ സ്പർശിച്ചിട്ടുപോലുമില്ലായിരുന്നു. തന്റെ പ്രധാന സമ്പാദ്യം നിരവധി പുസ്തകങ്ങളായിരുന്നു. കുറച്ചു നാളത്തെ സപ്രയത്നംകൊണ്ടാണു അച്ചൻ പ്രൈവറായി Intermediate പാസ്സായതു്. ബി. ഡി. കാണേഴ്സ് അച്ചന്റെ ഒരു ലക്ഷ്യമായിരുന്നു. ഹിന്ദി, ഗുജറാത്തി, സപഹിലി മുതലായ ഭാഷകൾ അച്ചനു വശമായിരുന്നു. ആരോ ഒരാൾക്കു അച്ചൻ പ്രതിമാസം ഒന്നര പവൻ വീതം അയച്ചു സഹായിച്ചുകൊണ്ടിരുന്നു. അച്ചന്റെ മരണാനന്തരമാണു കൂടും ബാംഗങ്ങൾപോലും ഈ വിവരം അറിഞ്ഞതു്. വലതു കൈ ചെയ്യുന്നതു ഇടതു കൈ അറിയരുതെന്നായിരുന്നു അച്ചന്റെ പ്രമാണം. അതിനാൽ പ്രസിദ്ധിക്കുവേണ്ടി അച്ചൻ ഒന്നും ചെയ്തിട്ടില്ല.

പള്ളിയിലോ സണ്ടേസ് ക്ലൂബിലോ പോയതിനു ശേഷം, ബാക്കിയുള്ള സമയം എങ്ങനെയാണ് ചെലവിടേണ്ടതു് എന്നുള്ളതു് പലർക്കും ഒരു പ്രശ്നമായിട്ടാണിരിക്കുന്നതു്. കുഞ്ഞുങ്ങളെക്കുറിച്ചു പറഞ്ഞാൽ അതു് അവർക്കു വിശുദ്ധവും സന്തോഷകരവും ആക്കിത്തീർക്കുന്നതിനുള്ള സൌകര്യവും ഉണ്ടാക്കേണ്ടതു് ആവശ്യമാണ്. ഞായറാഴ്ച ദിവസം വായിക്കുവാൻ നല്ല കഥപുസ്തകങ്ങൾ അവർക്കു കൊടുക്കാം. സണ്ടേസ്കൂൾ യൂണിയൻ, പീറർ കേറർ മുതലായ പരിഷ്കൃതന്മാരുടെ പാഠങ്ങൾ അവർക്കു പഠിക്കാം. പാട്ടുകൾ പാടുകയും പഠിക്കുകയും ചെയ്യാം. നല്ല കുടുംബങ്ങളിൽ സന്തോഷത്തോടുകൂടെ ഇടപെടുന്നതിനുള്ള സൌകര്യങ്ങൾ നാം അന്വേഷിച്ചു നിർദ്ദേശിച്ചു കൊടുക്കേണ്ടതാണ്. മിനക്കെട്ടു നടന്നു മോഷമായ സ്വാധീനങ്ങളിൽ അകപ്പെടാതിരിക്കുവാൻ നാം സൂക്ഷിക്കേണ്ടതാണ്. ഞായറാഴ്ച ദിവസമാകയാൽ അതു പരിശുദ്ധവും, സന്തോഷകരവും ആക്കിത്തീർക്കുന്നതിന് ആവശ്യമായ നിഷ്കർഷ ഓരോ കുടുംബത്തിലും ഉണ്ടായിരിക്കണം. അന്നു ദിവസം വ്യർത്ഥപ്രപഞ്ചത്തിൽനിന്നും, മോഷകരമായ സമ്മേളനങ്ങളിൽനിന്നും ഒഴിഞ്ഞിരിക്കണം. നമ്മുടെ ഭവനങ്ങൾ മിനക്കേടിനും, വ്യർത്ഥസംസാരത്തിനുമുള്ള താവളങ്ങളാക്കിത്തീർക്കാതെ പരിശുദ്ധമായ ഒരന്തരീക്ഷം അവിടെ സൃഷ്ടിക്കുവാൻ ശ്രമിക്കുകയാണു വേണ്ടതു്. ഞായറാഴ്ച എല്ലാ സ്ഥലത്തും അദ്ധ്യാത്മികയോഗങ്ങളും, പ്രാർത്ഥനാക്കൂട്ടങ്ങളും, സുവിശേഷപ്രസംഗങ്ങളും ഉണ്ടായിരിക്കും. ആഗ്രഹമുണ്ടെങ്കിൽ ഏതെങ്കിലും ഒന്നിൽ സംബന്ധിക്കുവാൻ കഴിയുമല്ലൊ.

പിന്നെ, നമ്മുടെ സ്നേഹവും, സഹതാപവും, കൃത്യനിഷ്ഠയും ആവശ്യമായിരിക്കുന്ന ചില ആളുകളെ സന്ദർശിക്കുന്നതു പ്രയോജനകരമായ ഒരു കാര്യമാണ്. അവർക്ക് അതു എത്ര വലിയ ഒരു സന്തോഷമായിരിക്കും. മറ്റു ദിവസങ്ങളിൽ അങ്ങനെ ഒരു സന്ദർശനത്തിനു നമുക്കു സൌകര്യമുണ്ടാകയില്ല. നമ്മുടെ യുവജനങ്ങൾക്കു്, പ്രയോജനകരമായ വിധത്തിൽ ഞായറാഴ്ചത്തെ സമയം ചെലവാക്കുന്നതിനു് അനവധി മാർഗ്ഗങ്ങൾ ഉണ്ടു്. മനസ്സുണ്ടെങ്കിൽ അവസരങ്ങൾക്കു കുറവൊന്നുമില്ല. കുറെ നാളുകൾക്കു മുമ്പു ദീർഘകാലമായി സുഖമില്ലാതെയിരിക്കുന്ന ഒരാളെ കാണ്മാൻ പോയി. ആ സഹോദരി മിക്കവാറും തന്റെ കിടക്കയായിരുന്നു. കണ്ണു തുറന്നു തന്നെ കാണ്മാൻ പാടില്ല. എങ്കിലും അവർ നല്ല സന്തോഷത്തിലും സമാധാനത്തിലുമാണു് നാളുകൾ കഴിച്ചുകൂട്ടിക്കൊണ്ടിരിക്കുന്നതു്. അവർ എന്നോടു് ഇങ്ങനെ പറഞ്ഞു. "വേദപുസ്തകം വായിച്ചു കേൾക്കുവാനും പ്രാർത്ഥിക്കുവാനും ഒക്കെ എനിക്ക് അവസരം ലഭിക്കുന്നുണ്ടു്. പാട്ടു പാടി കേൾക്കുവാൻ എനിക്കു വളരെ ആഗ്രഹമുണ്ടു്. ഏതെങ്കിലോസ്സിലും മറ്റും പെട്ട ചില സ്ത്രീകൾ ഇവിടെ വന്നു പാടാറുണ്ടെങ്കിലും, നമ്മുടെ പാട്ടുകൾ കേൾക്കുവാൻ സാധിക്കുന്നില്ല." ഈ വിധത്തിലുള്ള പല ആളുകൾ നമ്മുടെ ഇടവകകളിലില്ലയോ. വാർദ്ധക്യംകൊണ്ടോ രോഗംകൊണ്ടോ പള്ളിയിലും യോഗങ്ങളിലും സംബന്ധിക്കുവാൻ സാധിക്കാത്ത ആളുകളുണ്ടു്. കുറേപേർ ചേർന്ന് അവരെ സന്ദർശിക്കുകയും പാട്ടുകൾ പാടിയും, വേദപുസ്തകം വായിച്ചും അവരെ കേൾപ്പിക്കുകയും ചെയ്യുന്നതു് എത്ര അനുഗ്രഹകരമായ ഒരു ശുശ്രൂഷയാണ്.

ഞായറാഴ്ച ചെയ്യുകൂടാത്തതു് എന്തെല്ലാമാണ് എന്നുള്ളതിനെക്കുറിച്ചു കർശനമായ നിയമങ്ങൾ ഒന്നുമില്ലെങ്കിലും അതു നിശ്ചയിക്കുന്നതിനുള്ള അടിസ്ഥാന പ്രമാണങ്ങൾ നമുക്കു ലഭിച്ചിട്ടുണ്ട്. അതേപ്പറ്റിയാണ് നമുക്കു ഇനിയും ചിന്തിക്കുവാനുള്ളതു്. ഞായറാഴ്ച വൈകുന്നേരം, കളിക്കാമോ, എന്തെങ്കിലും വിനോദത്തിൽ ഏർപ്പെടാമോ എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ഈ കാലത്തു സാധാരണയാണ്. ഇതേ സംബന്ധിച്ചു നമ്മുടെ മനോഭാവം എന്തായിരിക്കണമെന്നു വിശദമാക്കുന്നതിനുവേണ്ടി ഞാൻ പ്രായോഗികമായ ഒരു ദൃഷ്ടാന്തം ഇവിടെ ഉദ്ധരിക്കട്ടെ. കുറെ മാസങ്ങൾക്കു മുമ്പു് ഒരു ഞായറാഴ്ച ദിവസം ഉച്ചതിരിഞ്ഞു മെഡിക്കൽകോളേജിൽ നിന്നു് ഒരു ക്രൈസ്തവവിദ്യാർത്ഥി എന്നെ കാണുവാനായി വന്നു. കഠിനമായ വെയിലത്തു മൂന്നു മൈൽ സൈക്കിളിൽ യാത്രചെയ്തുവന്ന ഈ വിദ്യാർത്ഥി അദ്ദേഹത്തെ അഭിമുഖീകരിച്ച ഒരു വിഷമപ്രശ്നത്തെക്കുറിച്ചു് എന്നോടു ഇപ്രകാരം പറഞ്ഞു, "ഞായറാഴ്ച ആചാരത്തിൽ വളരെ നിഷ്കർഷ പാലിക്കുന്നതിനു് എന്റെ മാതാപിതാക്കൾ

നാർ ചെറുപ്പം മുതലേ എന്നെ അഭ്യസിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ വന്നപ്പോൾ ഞായറാഴ്ച പള്ളിയിൽ പോയിക്കഴിഞ്ഞാൽ പിന്നെ എന്തും ചെയ്യുന്നതിൽ തെറ്റില്ല എന്നുള്ള ഒരു ആശയമാണ് കാണുന്നത്. ഞാൻ കോളേജിലെ ക്ലിക്കറും റീമിലുണ്ട്. ചിലപ്പോഴെല്ലാം ഞായറാഴ്ച കളിക്കേണ്ടതായി വരുന്നു. ഞായറാഴ്ച വൈകുന്നേരം ഹോസ്റ്റലിലുള്ള എല്ലാവരും ഉത്സാഹമായി പഠിക്കുമ്പോൾ ഞാൻ പഠിക്കാതെയിരിക്കുന്നത് ഒരു വലിയ നഷ്ടമല്ലയോ. അതുകൊണ്ട് ഇക്കാര്യത്തിൽ എന്താണ് ചെയ്യേണ്ടത് എന്നുള്ളത് എനിക്ക് ഒരു വിഷമപ്രശ്നമായിരിക്കുന്നു."

ഈ പ്രശ്നത്തിന് ഒരു പരിഹാരം പറഞ്ഞുകൊടുക്കുന്നതു നിഷ്പ്രയാസമായ ഒരു കാര്യമല്ല. ശരിയായ ഒരു മറുപടി കണ്ടുപിടിക്കണമെങ്കിൽ പല വീക്ഷണകോണത്തിൽ നിന്നു ഈ വിഷയത്തെക്കുറിച്ചു ചിന്തിക്കേണ്ടിയിരിക്കുന്നു.

1. ഒന്നാമത് ആ വിദ്യാർത്ഥിയുടെ മനസ്സാക്ഷിയെപ്പറ്റിയാണ് നാം ചിന്തിക്കേണ്ടതു്. ശരിയായുള്ള പരിശീലനത്താൽ ഞായറാഴ്ച ആചരത്തെക്കുറിച്ച് ഏറ്റവും ശ്രേഷ്ഠമായ ചില ആശയങ്ങൾ അയാൾക്കുണ്ട്, ഞായറാഴ്ച ദിവസം കളിക്കുന്നതും, പാഠങ്ങൾ പഠിക്കുന്നതും ശരിയല്ലെന്നാണ് അയാൾ വിശ്വസിക്കുന്നത്. അതുകൊണ്ട് കളിക്കുവാനോ പഠിക്കുവാനോ തുനിയുമ്പോൾ അയാളുടെ മനസ്സാക്ഷി അയാളെ ശല്യപ്പെടുത്തിത്തുടങ്ങും. മനസ്സാക്ഷിക്ക് എതിരായി പ്രവർത്തിക്കുന്നത് എപ്പോഴും ധാർമ്മികമായ ഒരു അപകടമാണ്. ഓരോ പ്രാവശ്യവും അങ്ങനെ പ്രവർത്തിക്കുമ്പോൾ മനസ്സാക്ഷി കുറെക്കൂടെ ബലഹീനമായിത്തീരുകയാണു ചെയ്യുന്നത്.

2. ഇനിയും ലാഭനഷ്ടത്തിന്റെ വീക്ഷണകോണത്തിൽനിന്നു നമുക്കു ചിന്തിക്കാം. ഞായറാഴ്ച ദിവസം മറ്റുള്ളവർ പഠിക്കുമ്പോൾ അയാൾ പഠിക്കാതിരുന്നാൽ യഥാർത്ഥത്തിൽ നഷ്ടം ഉണ്ടാകുന്നുണ്ടോ ? വെറുതെ ഇരിക്കുന്നതിലും നല്ലതു പഠിക്കുകയല്ലയോ ? ഞായറാഴ്ച ദിവസം വൈകുന്നേരം ആദ്ധ്യാത്മീയ ഗ്രന്ഥങ്ങൾ വായിക്കുകയും ചിന്തിക്കുയും ചെയ്യാമല്ലോ. അങ്ങനെ ചെയ്യുന്നതിനാൽ ജീവിതത്തിൽ ഒരു ചൈതന്യവും ഉന്മേഷവും ഉണ്ടാകുന്നതാണ്. വ്യക്തിത്വത്തിന്റെ വികസനത്തിനു് ആത്മാവിന്റെ വളർച്ചയും ആവശ്യമാണെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ട് ഒരു ദിവസം വൈകുന്നേരം ആത്മാവിന്റെ പോഷണത്തിനായി ചെലവഴിച്ചാൽ അതു പിന്നീടുള്ള ദിവസങ്ങളിൽ ഉത്സാഹത്തോടുകൂടെ പ്രവർത്തിക്കുന്നതിനു് ശരീരികമായും, മാനസ്സികമായും ഉന്മേഷം പ്രാപിക്കുവാൻ മുഖാന്തരമായിത്തീരുന്നതാണ്. ഞാൻ താമസിക്കുന്ന വീടിനടുത്തു റോമൻ കാത്തോലിക്ക സഭയിൽപെട്ട ഒരു കുടുംബമുണ്ട്. കോളേജ് ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികളുൾപ്പെടെ ആ കുടുംബത്തിലുള്ള എല്ലാവരും ദിവസംതോറും രാവിലെ അര മൈൽ ദൂരമുള്ള ഒരു പള്ളിയിൽ ആരാധനയ്ക്കായി പോകുക പതിവാണ്. 6.15 മണിക്കു വീട്ടിൽനിന്നിറങ്ങിയാൽ 7.45 നു മുമ്പു മടങ്ങിവരികയില്ല. പഠിക്കാൻ പറ്റിയ സമയമാണിതെങ്കിലും അവർ അതു നഷ്ടപ്പെടുത്തുന്നു. എന്നാൽ ആ വിദ്യാർത്ഥികൾ എല്ലാവരും പഠിത്തത്തിൽ പ്രശസ്തരുമായി വിജയം നേടിക്കൊണ്ടാണിരിക്കുന്നത്. ആദ്ധ്യാത്മീയ വളർച്ചയ്ക്കായുള്ള നമ്മുടെ ആഗ്രഹവും പരിശ്രമവും, നമ്മുടെ സാധാരണ കൃത്യങ്ങൾ വിശ്വസ്തതയോടും ഉത്സാഹത്തോടും നിർവ്വഹിക്കുന്നതിനു് നമ്മെ അധികം പ്രാപ്തിപ്പെടുത്തുമെന്നുള്ളതിനു് സംശയമില്ല.

3. ഇനിയും നമ്മുടെ സഹോദരങ്ങളുടെ മനസ്സാക്ഷിയെപ്പറ്റിയും നാം ചിന്തിക്കേണ്ടതുണ്ട്. അതേപ്പറ്റി അപ്പൊസ്തലനായ പൌലൊസ് കൊരിന്ത്യക്കെഴുതിയ രണ്ടാം ലേഖനത്തിൽ പറഞ്ഞിരിക്കുന്നത് ഒരുപക്ഷേ നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കും (൨ കൊരി. ൬. ൩—). "സകലത്തിനും എനിക്കു കർത്തവ്യമുണ്ട്. എങ്കിലും സകലവും പ്രയോജനമുള്ളതല്ല സകലത്തിനും എനിക്കു കർത്തവ്യം ഉണ്ട്, എങ്കിലും സകലവും ആത്മീയ വർദ്ധന വരുത്തുന്നില്ല. ഓരോരുത്തൻ സ്വന്ത ഗുണമല്ല, മറ്റുള്ളവന്റെ ഗുണം അന്വേഷിക്കട്ടെ." റോമാസാമ്രാജ്യത്തിലുണ്ടായിരുന്നതിലേക്കും വച്ചുയർന്ന പട്ടണം കോരിന്തായിരുന്നു. അവിടെയുള്ള ഏ

റവും വലിയ സ്ഥാപനം കാമദേവനു പ്രതിഷ്ഠിച്ചിരുന്ന ഒരു വലിയ ക്ഷേത്രമായിരുന്നു. ഈ ക്ഷേത്രത്തിലെ ആരാധനയോടനുബന്ധിച്ച് ഏറ്റവും ശ്ലേഷമായ വഷ്ഠഉത്സവങ്ങൾ നടമാടിയിരുന്നു. പട്ടണത്തിലെ ജനങ്ങളുടെ സാമൂഹ്യജീവിതം മിക്കവാറും പ്രസ്തുത ക്ഷേത്രത്തിലെ ആരാധനയോടു ബന്ധപ്പെട്ടിരുന്നു. അവിടെയുള്ള സാമൂഹ്യസമ്മേളനങ്ങൾ മിക്കവയും ക്ഷേത്രത്തിന്റെ പരിസരങ്ങളിൽ വെച്ചു നടത്തിവന്നു എന്നു മാത്രമല്ല അവിടെ നൽകപ്പെട്ട ആഹാരസാധനങ്ങൾ എല്ലാം വിഗ്രഹാപ്പിതങ്ങളുമായിരുന്നു. ഒരു ക്രിസ്ത്യാനിക്കു ക്ഷേത്രപരിസരങ്ങളിൽ വെച്ചു നടത്തപ്പെടുന്ന സാമൂഹ്യസമ്മേളനങ്ങളിൽ സംബന്ധിക്കാമോ? അവിടെ നൽകുന്ന വിഗ്രഹാപ്പിത സാധനങ്ങൾ ഭക്ഷിക്കാമോ? ഇതേസംബന്ധിച്ചു കോരിന്ത്യസഭയിൽ വാഭപ്രതിവാഭങ്ങൾ നടന്നുകൊണ്ടിരുന്നു. വിഗ്രഹങ്ങൾ വെറും കൽത്തൂണുകളാണ്. അതുകൊണ്ടു ക്ഷേത്രപരിസരങ്ങളിൽ പോയതുകൊണ്ടോ കൽത്തൂണുകൾക്കു നിവേദിച്ച ഭക്ഷണസാധനങ്ങൾ കഴിച്ചതുകൊണ്ടോ ഒരു കുഴപ്പവും ഉണ്ടാകുവാനില്ല എന്നു ചിലർ വാദിച്ചു. മറ്റു ചിലരാകട്ടെ ക്ഷേത്രസന്നിധിയിൽ പോകുന്നതും വിഗ്രഹാപ്പിതം ഭക്ഷിക്കുന്നതും വിഗ്രഹാരാധനയെ അംഗീകരിക്കുന്നതുപോലെയാകുന്നു എന്നും വാദിച്ചുവന്നു. അതേസംബന്ധിച്ചുള്ള അപ്പൊസ്തലന്റെ അഭിപ്രായം ശ്രദ്ധാർഹമാണ്. ഇതുപോലെയുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതിനു മുമ്പെ നമ്മോടുതന്നെ മൂന്നു ചോദ്യങ്ങൾ ചോദിക്കണമെന്നാകുന്നു അപ്പൊസ്തലൻ പറയുന്നതു. (1) സകലത്തിനും നമുക്കു സ്വാതന്ത്ര്യമുണ്ട് എങ്കിലും ഈ കാര്യം ചെയ്യുന്നതുകൊണ്ടു വലിയ പ്രയോജനം വല്ലതും ഉണ്ടാകുന്നുണ്ടോ? (2) ഈ കാര്യം ആത്മീയവർദ്ധനയ്ക്കു സഹായകരമാണോ? (3) ഈ കാര്യം ചെയ്യുന്നതുകൊണ്ടു മറ്റുള്ളവരുടെ മനസ്സാക്ഷി ബലഹീനമായിത്തീരുവാൻ ഇടയാകുമോ?

വിഗ്രഹാപ്പിതം തിന്നുവാനും തിന്നാതിരിക്കുവാനും ഒരു ക്രിസ്ത്യാനിക്കു സ്വാതന്ത്ര്യമുണ്ട്. എന്നാൽ അതു ഭക്ഷിച്ചതുകൊണ്ടു എനിക്കും മറ്റുള്ളവർക്കും വല്ല പ്രത്യേക പ്രയോജനവും ഉണ്ടാകുന്നുണ്ടോ? അതു ആത്മീയ വർദ്ധനയ്ക്കു സഹായകരമായിരിക്കുന്നുവോ. ഇല്ലെങ്കിൽ അതേപ്പറ്റി ഞാൻ കാര്യമായി ചിന്തിക്കേണ്ടതാണ്. എന്റെ പ്രവൃത്തി മൂലം സഹോദരന്റെ മനസ്സാക്ഷി ബലഹീനമായിത്തീരുവാൻ ഇടയില്ലയോ? ഞാൻ ക്ഷേത്രപരിസരങ്ങളിൽ ഇരുന്നു വിഗ്രഹാപ്പിതം ഭക്ഷിക്കുന്നതു കാണുമ്പോൾ, വിഗ്രഹങ്ങളെ ആരാധിക്കുന്നതിനും കുഴപ്പമൊന്നുമില്ല എന്നു ബലഹീനരായ എന്റെ സഹോദരങ്ങൾ വിചാരിക്കുവാൻ ഇടയുണ്ടോ? ഉണ്ടെങ്കിൽ അവരുടെ മനസ്സാക്ഷി നിമിത്തവും, അവരോടുള്ള സ്നേഹം നിമിത്തവും ഞാൻ അതിൽനിന്നും വിരമിക്കയാണ് നല്ലതു. ഇതാണു അപ്പൊസ്തലന്റെ വാദഗതി.

ഞായറാഴ്ച ആചാരത്തോടു ഈ പ്രമാണത്തെ ഒന്നുചേർത്തു നോക്കാം. ഞായറാഴ്ച ഉച്ചതിരിഞ്ഞു്, ഒരു ശുശ്രൂഷയ്ക്കുശേഷം പള്ളിയിൽനിന്നു പുറത്തേക്കു പോകുമ്പോൾ സമീപമുള്ള സ്റ്റേഡിയത്തിൽ മത്സരകളികൾ നടക്കുന്നു എന്നു വിചാരിക്കുക. ഒരു വിശ്രമത്തിനുവേണ്ടി അവിടെ കയറി അല്പമൊന്നു ഇരുന്നിട്ടു പോകാമെന്നു ഞാൻ നിശ്ചയിക്കയാണ്. എന്നാൽ ഞാൻ കഠിനസ്ഥലത്തു നില്ക്കുന്നതു സഭയിലുള്ള അനേകരും കാണാനിടയുണ്ട്. പിന്നെ ഞായറാഴ്ച ദിവസം ഒരു ശുശ്രൂഷയിൽ സംബന്ധിച്ചതിന്റെ ശേഷം സിനിമാ കാണുന്നതിലോ, വിനോദങ്ങളിൽ ഏർപ്പെടുന്നതിലോ തെറ്റില്ലെന്നു് അവരിൽ പലരും വിചാരിച്ചുപോകുവാനിടയുണ്ട്. ഇതേസംബന്ധിച്ചുള്ള അവരുടെ മനസ്സാക്ഷി ബലഹീനമായിത്തീരുന്നതിനു് എന്റെ ദൃഷ്ടാന്തം ഇടയാകിത്തീർക്കുന്നു. നമ്മുടെ മെഡിക്കൽ കോളേജ് വിദ്യാർത്ഥി ഞായറാഴ്ച ആചാരത്തിൽ നിഷ്കർഷ പാലിക്കുകയും വൈകുന്നേരം എല്ലാവരും പഠിക്കുമ്പോൾ അഭ്യാത്മീയ കാര്യങ്ങളിൽ വ്യാപൃതനായിരിക്കുകയും ചെയ്താൽ അദ്ദേഹത്തിന്റെ ദൃഷ്ടാന്തം ഈ വിഷയത്തിൽ മറ്റുള്ളവരുടെ മനസ്സാക്ഷിയെ ഉണർത്തുകതന്നെ ചെയ്യും.

ഈ വർഷം റിപ്പബ്ലിക്ക് ദിനം ഒരു ഞായറാഴ്ചയായിരുന്നു. രാവിലെ 7.30 മണിക്കു് തിരുവനന്തപുരത്തുള്ള യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ പരേഡ് നടന്നുകൊണ്ടിരിക്കുമ്പോൾ സമീപമുള്ള ദേവാലയത്തിൽ ആരാധനയും ഉണ്ടായിരുന്നു. ഒന്നാം കിടയിലു

എറണാകുളം കയർ ഫെസ്റ്റിവൽ

1958 ഫെബ്രുവരി മാസം 9-ാം ഞായറാഴ്ച എറണാകുളം ഇമ്മാനുവേൽ പള്ളി ഇടവകയുടെ കനകജൂബിലി ആഘോഷങ്ങളോട് അനുബന്ധിച്ചു ഒരു കയർ ഫെസ്റ്റിവൽ നടത്തപ്പെട്ടു. പ്രത്യേക ക്ഷണപ്രകാരം മദ്ധ്യതിരുവിതാംകൂർ മഹാഇടവക ഗായകസംഘടനയുടെ സഹായാക്ഷണം, സെക്രട്ടറിയും മറ്റു ചില അംഗങ്ങളോടുകൂടി പ്രസ്തുതഫെസ്റ്റിവലിൽ സംബന്ധിച്ചു. കോഴിക്കോട്ട്, തൃശ്ശൂർ, ഈ ഇടവകകളിലെ ഗായകസംഘങ്ങൾ സന്നിഹിതരായിരിക്കുമെന്നു അറിയിച്ചിരുന്നു എങ്കിലും അവർക്കു വന്നു ചേരുന്നതിനു സാധിച്ചില്ല. ആലുവാ സെൻട്രൽ ജോൺസ്, ആലുവാ യു. സി. കോളേജ്, കൊച്ചി സെൻട്രൽ ആണ്ട്രൂസ്, എറണാകുളം ഇമ്മാനുവൽ എന്നീ പള്ളികളിലെ ഗായകസംഘങ്ങൾ ഫെസ്റ്റിവലിൽ പങ്കുകൊണ്ടു. അതിഥികളായി ഒരു വലിയ ജനക്കൂട്ടവും ഉണ്ടായിരുന്നു.

കമനിയമായി അലങ്കരിച്ചിരുന്ന തോപ്പിൽ നിരത്തിയിരുന്ന കസേരകളിൽ അതിഥികളെ ഉപചരിച്ചു ഇരുത്തുന്നതിൽ ഒരു സംഘം സന്നദ്ധഭടന്മാർ ഉൽസുകരായി രുന്നു. സാമാന്യം വലിയ ഒരു വേദിയിൽ ഏകദേശം 100 ഗായകരോളം ഉപവിഷ്ടരായിരുന്നു. എറണാകുളം പള്ളിവികാരി റവ. ജോർജ്ജ് കോശി അച്ചൻ അവർകളുടെ നിയന്ത്രണത്തിൽ ഫെസ്റ്റിവൽ ഏറ്റവും ഭംഗിയായി നടത്തപ്പെട്ടു. ഗായകസംഘാംഗങ്ങളും, സന്നിഹിതരും ചേർന്നും, ഗായകർ എല്ലാവരും ചേർന്നും, ഓരോ ഗായകസംഘവും ഒറ്റയായും, 14 പാട്ടുകൾ പാടി.

പല കാരണങ്ങളാൽ ഞങ്ങളെ ആനന്ദതുന്ദിലരാക്കിയ ഒരു സംഭവമായിരുന്നു പ്രസ്തുത ഫെസ്റ്റിവൽ. മദ്ധ്യതിരുവിതാംകൂർ മഹാഇടവക ഗായകസംഘടനയുടെ മാർഗ്ഗദർശം സ്വീകരിച്ചു നടത്തപ്പെട്ട ഈ ഫെസ്റ്റിവൽ ഉത്തരകേരള മഹാഇടവകഗായകസംഘങ്ങളെ സംഘടിപ്പിക്കുന്നതിനും ഒരു സംഘടന സംജാതമാക്കുന്നതിനും സാധിക്കുമല്ലോ എന്നുള്ളതാണ് ഒന്നാമതായി എന്നെ സ്പർശിച്ച ഒരു സംഗതി. രണ്ടാമതായി മറ്റു മഹാഇടവകകളും നമ്മെ പിന്തുടർന്നു സംഘടനകൾ രൂപീകരിക്കുകയും, തദ്വാരാ മദ്ധ്യതിരുവിതാംകൂർ മഹാഇടവകകളുടെ ഏകോപിച്ചുള്ള ഒരു സംഘടന രൂപം പ്രാപിക്കുകയും ചെയ്യുന്നതിനുള്ള സാദ്ധ്യതകൾ ഉദയം ചെയ്യുന്നല്ലോ എന്നതു്. ഞങ്ങളുടെ പരമോദ്ദേശ്യവും ഇതുതന്നെയാണ്.

ഈ നമ്മുടെ ചില ക്രൈസ്തവ ഉദ്യോഗസ്ഥന്മാർ പാരേഡിൽ സംബന്ധിക്കാതെ ലഘുതമായ വേഷം ധരിച്ചു പള്ളിയിലെ ആരാധനയിൽ സംബന്ധിച്ചിരുന്നു. വേണമെങ്കിൽ പരേഡിൽ സംബന്ധിച്ചതിന്റെ ശേഷം പിന്നീടുള്ള ഒരു ആരാധനയിൽ അവർക്കു സംബന്ധിക്കുവാൻ കഴിയുമായിരുന്നു. എന്നാൽ ഈ കാര്യത്തിലുള്ള അവരുടെ നിസ്സർഗ്ഗ സാധാരണജനങ്ങളിൽ പലരുടെയും മനസ്സാക്ഷിയെ ഉണർത്തുന്നതിന് സഹായകരമായിരുന്നു. ഗവൺമെണ്ടിന്റെ മേധാവികൾക്കാകട്ടെ അദ്ധ്യാത്മീയമായ മുറകളിൽ ഈ ഉദ്യോഗസ്ഥന്മാർക്കുള്ള നിസ്സ്കർഷയെക്കുറിച്ചു ബഹുമാനമുണ്ടാകുന്നതിനെ വഴിയുള്ളൂ.

നമ്മുടെ വിശ്രമത്തിനും, ആത്മീയമായ ഉന്നേഷത്തിനും, ദൈവംതന്നെ നൽകിയിരിക്കുന്ന ഈ വിശുദ്ധ ദിവസത്തെ ശരിയായി ആചരിക്കുന്നതിനും സംരക്ഷിക്കുന്നതിനും കാരോ സഭയും കുടുംബവും വ്യക്തിയും നിസ്സ്കർഷത പാലിക്കേണ്ടതാണ്. അങ്ങനെ എല്ലാവരും ഒത്തൊരുമിച്ചു ശ്രമിച്ചെങ്കിൽ മാത്രമെ ഞായറാഴ്ച ആചാരത്തെ സംബന്ധിച്ച് ഉന്നതമായ ഒരു നിലവാരം നമുക്കു പുലർത്തുവാൻ സാധിക്കയുള്ളൂ. ശരിയായുള്ള പ്രമാണങ്ങൾകൊണ്ടു നാം ഈ ആചാരത്തെ സംരക്ഷിക്കാതെയിരുന്നാൽ രണ്ടു തലമുറകൾ കൂടെ കഴിയുമ്പോൾ ഇതു് ഒരു ഉപന്യാസവിഷയമായിട്ടു പോലും അവശേഷിക്കയില്ല. (തുടരും)

സ്നേഹത്തിന്റെ വിശാലത

അഥവാ

കോപത്തെ അടക്കുന്ന സ്നേഹം

By KOSHY JOHN

സ്നേഹശബ്ദത്തിനു 'സ്നിഗ്ധത' അഥവാ അലിഞ്ഞു ചേരുക എന്ന അർത്ഥമാണുള്ളത്. സ്നിഗ്ധതയുള്ള വസ്തുക്കളിൽ സൂര്യരശ്മി തട്ടിയാൽ, ചിലതു പൂവ്വാധികം ആർദ്രീഭൂതമാവുകയും മറ്റു ചിലതു അതിൽ അടങ്ങിയിട്ടുള്ള ജലം നീരാവിയായി തീർന്നതിനുശേഷം ഘനീഭവിക്കുകയും ചെയ്യുന്നു. വെണ്ണക്കല്ലാണം സൂര്യരശ്മി ഏല്ക്കുമ്പോൾ, സ്വഭാവികമായി അലിയുകയും, കളിമണ്ണിലെ ജലം സൂര്യരശ്മി ഏറ്റു നീരാവിയായി തീർന്നതിനുശേഷം, കളിമൺകട്ടയായി രൂപാന്തരപ്പെടുകയും ചെയ്യുന്നു. അഉവറ്റ സ്നേഹമൂർത്തിയായ നമ്മുടെ ദൈവത്തിന്റെ സ്നേഹം ഇപ്രകാരം അപ്രമേയവും, അതുല്യവും, അത്യഗാധവും ആണെന്ന് അനുഭവസ്ഥന്മാർക്ക് ബോദ്ധ്യമായിട്ടുള്ളതാണ്. ഏതാനും ചിലർ ദൈവസ്നേഹത്തെപ്പറ്റി അറിവില്ലാതെ, അവരവരുടെ അഭിപ്രായം ആസ്പദമാക്കി, ഈ സ്നേഹം മനസ്സിലാക്കാതെ മിഥ്യാധാരണയിൽ മുഴകി കാലം കഴിക്കുന്നു. ഇങ്ങനെയുള്ള തെറ്റിദ്ധാരണമൂലം ഒരുകൂട്ടർ നിരീശ്വരന്മാരായി തീരുകയും, ചിലർ ദൈവം ഉണ്ടെങ്കിൽ പോലും അദ്ദേഹത്തെ കർക്കശനായി വിധിക്കുകയും ചെയ്യുന്നു.

ദൈവം കർക്കശനാണെന്നു ചിന്തിക്കുന്നതിന്റെ കാര്യം പരിശോധിക്കാം. ലോകർ, സ്ഥാപിതതാല്പര്യങ്ങൾക്കുവേണ്ടി അതിനിന്ദ്യമായ മാർഗ്ഗങ്ങളിൽകൂടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പ്രതിക്രിയ ചെയ്യാതെ, ദൈവം ക്ഷമയോടുകൂടെ കാത്തിരിക്കുന്നതിൽനിന്നും അതിനുള്ള പല കാരണങ്ങൾ വെളിപ്പെടുത്തേണ്ടതായിട്ടിരിക്കുന്നു.

അവരവർ ചെയ്യുന്ന ക്രിയകളുടെ ഫലം അവരവർ തന്നെ അനുഭവിച്ചു അറിയണം എന്നതാണ്, ഇതിനുള്ള കാരണം. ഒരു കുതിര അതിന്റെ ഹിതാനുരണം സഞ്ചരിക്കുന്നതിലേക്കു കുതിരക്കാരൻ അനുവദിക്കുന്നതുപോലെ, ദൈവം മനുഷ്യന്റെ സ്വതന്ത്രതാൽപര്യം അ

പരമമായി ഇപ്രകാരമുള്ള ഒരു സംഘടനകൊണ്ടു ഉദ്ദേശിക്കുന്നതു്, ആരാധനാസംഗീതം ഏറ്റവും ഉന്നതനിലയിൽ എത്തിക്കണമെന്നുള്ളതാണ്. അവിടവിടെയായി ചില ഗായകസംഘങ്ങൾ സംഘടിക്കപ്പെട്ടും, ക്രമമായി പരിശീലനങ്ങൾ നല്കിയും ഒരു ഉന്നതമാനദണ്ഡം കൈവരിച്ചിട്ടുണ്ട്. എന്നാൽ വളരെ അധികം പള്ളികളിലും പരിശീലനം സിദ്ധിച്ച ഗായകരോ, ഗായകസംഘങ്ങളോ ഇല്ല. അപ്രകാരമുള്ള പള്ളികൾക്കു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയും, സഹായങ്ങൾ ചെയ്തുകൊടുത്തും ഗായകസംഘങ്ങൾ രൂപീകരിക്കയും അവയെ പുരോഗമിപ്പിക്കുകയും ചെയ്യുക എന്നതാണു സംഘടനകൊണ്ടുള്ള ഒരു ഉദ്ദേശം. കഴിഞ്ഞ രണ്ടു കൊല്ലത്തെ പ്രവർത്തനംമൂലം മദ്ധ്യതിരുവിതാംകൂർ മഹാഇടവക ഗായകസംഘസംഘടനക്കു ഈ വിഷയങ്ങളിൽ വളരെ ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. പ്രസ്തുത ഉദ്ദേശസിദ്ധിക്കായി നമ്മുടെ സഹോദരീമഹാഇടവകകൾ ഗായകസംഘടനകൾ രൂപീകരിക്കയും പ്രവർത്തിക്കയും ചെയ്യുമെന്നു വിശ്വസിക്കുന്നു. മദ്ധ്യതിരുവിതാംകൂർ സംഘടനക്കു മാർഗ്ഗനിർദ്ദേശം ലഭിച്ചുകൊണ്ടിരിക്കുന്നതു ഒരു അഖിലലോകസംഘടനയായ Royal School of Church Music-ൽ നിന്നുമാണെന്നുള്ളതും പ്രസ്താവിച്ചുകൊള്ളട്ടെ.

MANI K. MANI,
Secretary C. T. D. C. A.

നസരിച്ചു ജീവിക്കുന്നതിന് അനുമതി നൽകാറുണ്ട്. ഈ സമ്പ്രദായം ദീർഘകാലത്തേക്കു ദൈവം അനുവദിക്കുന്നതല്ലെന്നു ദൈവം പല ദൃഷ്ടാന്തങ്ങൾ കൊണ്ടു തെളിയിച്ചു കാണിക്കുന്നു. മനുഷ്യസാമ്രാജ്യസ്ഥാപനത്തിനുവേണ്ടി ആയുഷ്കാലം വിനിയോഗിച്ചു ക്രൂശുമായി പ്രവർത്തിച്ച ഹിറ്റ്ലർ, നെപ്പോളിയൻ തുടങ്ങിയവരുടെ ജീവിതാന്ത്യം എത്ര ശോചനീയമായിരുന്നു എന്നു നമുക്കു ഗ്രഹിക്കാവുന്നതാണല്ലോ. ഇതുപോലെ പഴയനിയമകാലത്തെ "ബാബിലോൺ സാമ്രാജ്യം" നിനവേപ്പട്ടണം മുതലായവയുടെ ക്ഷണഭംഗുരമായി നിന്നിരുന്ന പ്രതാപം നമ്മുടെ ഗാഢമായ ശ്രദ്ധയെ ആകർഷിക്കുന്നതിനു പര്യാപ്തമല്ലയോ?

തല്ക്കാലത്തേക്കു ദൈവം മൌനമായിരുന്നാൽപോലും, അവനവൻ ചെയ്യുന്ന പ്രവർത്തിക്കു തക്ക ഫലോദയം ഉണ്ടാകുമെന്നു നാം എല്ലാവരും ഓർത്തിരിക്കേണ്ടതാണ്.

വിവിധ രാഷ്ട്രീയപക്ഷക്കാർ, അവരവരുടെ കായ്സാദ്ധ്യത്തിനുവേണ്ടി ചെയ്യുകൊണ്ടിരിക്കുന്ന ഇക്കാലത്തെ സാഹസിക കർമ്മങ്ങൾ എത്രമാത്രം നീചനീചമായിരുന്നിട്ടും ദൈവം മൌനം ദീക്ഷിക്കുന്നതിന്റെ പ്രധാന കാരണം, അവനവന്റെ ബുദ്ധികൊണ്ടു ജീവിതത്തിന്റെ ഉദ്ദേശം ഗ്രഹിച്ചു മാനസാന്തരപ്പെടുന്നതിനുള്ള സാവകാശത്തിലേക്കുവേണ്ടിയാണെന്നുള്ളതത്രേ.

സ്നേഹത്തിന്റെ വിശാലത. അപ്പൊസ്തലനായ പൌലൊസ് സ്നേഹത്തെപ്പറ്റി (1കൊരി. 13 അ. 4 മുതല്യുള്ള വാക്യങ്ങളിൽ) വർണ്ണിക്കുന്ന ഭാഗം എത്രയും ശ്രദ്ധേയമായിരിക്കുന്നു.

ഒരു മാതാവു തന്റെ അരുമ സന്താനത്തിന്റെ അശരണനിലയിൽ ഹൃദയം ഉറന്നു സ്നേഹപരസ്സരം ആ കുട്ടിയുടെ നേരെ എപ്രകാരം വർത്തിക്കുന്നുവോ, അപ്രകാരമോ, അതിലധികമോ ആയ സ്നേഹവിശാലതയോടു കൂടിയായിരുന്നു പരമ കാരുണികനായ ദൈവം തന്റെ ഏകപുത്രനെ മനുഷ്യജാതിക്കുവേണ്ടി ബലിയായി അർപ്പിച്ചതു്. മറെറാരു ദൃഷ്ടാന്തം കൂടെ ഈ അവസരത്തിൽ അനുയോജ്യമെന്നു തോന്നുന്നു.

ഒരു ഉത്തമനായ രാജാവു ഒരിക്കൽ തന്നോടു മത്സരിക്കുന്ന സകല മാനവജാതികളെയും ബന്ധിച്ചുകൊണ്ടു സമക്ഷത്തിൽ ഹാജരാക്കുന്നതിനു കൽപിച്ചു. ഈ കൂട്ടത്തിൽ തന്റെ രണ്ടു പുത്രന്മാരെകൂടെ കാണുന്നതിനു ഇടയായി. ആർദ്രഹൃദയത്തോടുകൂടിയ രാജാവു സ്നേഹപൂർണ്ണമായി ഇവരെ ദർശിച്ചവേളയിൽ ഈ കൽപനയുടെ അനൗചിത്യത്തെപ്പറ്റി ചിന്തിച്ചു.

ദൈവത്തോടു മത്സരിക്കുന്ന സകലരേയും ബന്ധിക്കുന്നതിനു താൻ കൽപിച്ചു. സമക്ഷത്തിൽ സന്നിഹിതരായ സകലരേയും നോക്കിയപ്പോൾ, **"തന്റെ സ്വന്തസാദൃശത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരെ** കാണുകയും, അവരിൽ ആർദ്രഹൃദയനായി ഏതുവിധേനയെങ്കിലും അവരെ രക്ഷിക്കുണമെന്നു നിശ്ചയിക്കുകയും ചെയ്തു. ഇതിലേക്കു തന്റെ ഏകജാതനായ പുത്രനെ മനുഷ്യർക്കുവേണ്ടി നൽകി എന്നു തന്നെയല്ല, ക്രൂശിലെ മരണംകൂടെ അനുഭവിക്കത്തക്കവണ്ണം തന്റെ സ്നേഹത്തെ വിശാലതയിൽ ഉയർത്തി സ്വന്ത സാദൃശത്തിലുള്ള മനുഷ്യരെ രക്ഷയിലേക്കു വഴി നടത്തുകയും ചെയ്തു. ഇത്ര മഹാസ്നേഹത്തെ ആർക്ക് വിസ്മരിക്കുവാൻ കഴിയും?

"സ്നേഹമാം യേശുവേ! സ്നേഹമേ നിറവായ്
സ്നേഹം നിൻമൊഴി—ക്രിയയുമെല്ലാം
സ്നേഹം സർവ്വവുമേ!
സ്നേഹിച്ചേശു എന്നെ—ചോരയിൽ കഴുകിം.'

ദൈവത്വത്തിലെ ചില മർമ്മങ്ങൾ

M. K. T.

ഒരു ദൈവമോ, ദൈവങ്ങൾതന്നെയോ ഇല്ല എന്നു ഖണ്ഡിച്ചു പറയത്തക്കവണ്ണം നക്ഷത്രമണ്ഡലത്തിനു അപ്പുറവും പോയി അന്വേഷിച്ച ഏതെങ്കിലും നിരീശ്വരൻ ഉണ്ടോ? ക്രിസ്തു ശിഷ്യന്മാർ കാൺകെ ആരോഹണം ചെയ്തപ്പോൾ 'ഒരു മേഘം' അവനെ അവരുടെ ദൃഷ്ടിയിൽനിന്നു മറച്ചു എന്നാണു രേഖപ്പെടുത്തിയിരിക്കുന്നതു്. ദൈവം വെളിപ്പെടുത്താതെ മനുഷ്യനു അവന്റെ സ്വന്ത ബുദ്ധിശക്തികൊണ്ടു, ദൈവിക മർമ്മങ്ങൾ ഗ്രഹിപ്പാൻ സാദ്ധ്യമല്ല. ഒരു ദൈവം ഉണ്ടെങ്കിൽ തന്നേത്തന്നെ ലോകത്തിനു വെളിപ്പെടുത്തരുതോ എന്നു ചിലർ ചോദിച്ചേക്കാം. എന്നാൽ ഈ പാപശരീരത്തിൽ വസിക്കുമ്പോൾ ദൈവത്തെ മുഖാമുഖമായി കാണുവാൻ സാദ്ധ്യമല്ല, മൺമയമായ ഈ ശരീരം രൂപാന്തരപ്പെട്ട സ്വർഗ്ഗീയ ശരീരം പ്രാപിക്കുമ്പോൾ ദൈവിക മർമ്മങ്ങൾ മുഖാമുഖമായി കണ്ടു മനസ്സിലാക്കാൻ സാധിക്കും. 1 കൊരി. 15. 52. വായിക്കുക. വിശ്വാസികൾക്കു വചനത്തിൽക്കൂടിയും, സ്വന്ത അനുഭവത്തിൽ കൂടിയും പ്രാർത്ഥനയിൽ കൂടിയും ദൈവം തന്നേത്തന്നെ വെളിപ്പെടുത്തുന്നുണ്ടു്.

വിശുദ്ധ വേദപുസ്തകം പരിശോധിച്ചാൽ ദൈവത്വത്തിലെ ചില മർമ്മങ്ങൾ ഗ്രഹിപ്പാൻ സാധിക്കുന്നതാണു്. ആദ്യമായി ദൈവത്വത്തിൽ ഒരു ബഹുത്വം കാണുന്നു. ഉല്പ. 1. 26-ലും, 11. 7-ലും 'നാം' എന്നുള്ള ബഹുവചനപ്രയോഗം കാണുന്നു. ഇതു ബഹുമാനസൂചകമായി പറയുന്നതല്ലാതെ ഒന്നിലധികം പേരെ കാണിക്കുന്നതല്ല' എന്നു ചിലർ പറഞ്ഞേക്കാം. എന്നാൽ ഉല്പ 11. 7-ൽ 'വരുവിൻ' എന്നും, ഉല്പ 3. 22-ൽ 'നമ്മിൽ ഒരുത്തൻ' എന്നും പറഞ്ഞിരിക്കുന്നതുകൊണ്ടു, ഒന്നിലധികം ആളുകൾ ഉണ്ടെന്നു സ്പഷ്ടം.

യഹോവ എന്ന പേരു തന്നെ ഒന്നിലധികം പേർക്കു പറയുന്നതായി തിരുവെഴുത്തിൽ പലയിടത്തും കാണുന്നു. ദൈവം എന്നുള്ള മഹാ നാമവും ഒന്നിലധികം പേർക്കു കാണുന്നു. താഴെ പറയുന്ന ഭാഗങ്ങൾ പരിശോധിക്കുക. ഉല്പ. 32. 24—30 ; ഹോശെ 12. 4, 5; പുറ. 3. 2, 6, 7. ദൈവത്വത്തിൽ ഒരു ബഹുത്വം ഉണ്ടെന്നും, അതു മൂന്നിൽ കൂടുതൽ കാണ്മാനില്ലെന്നും തിരുവെഴുത്തു പരിശോധിച്ചാൽ കാണാവുന്നതാണു്. യെശ. 48. 16-ൽ യഹോവയായ കർത്താവു എന്നെയും അവന്റെ ആത്മാവിനെയും അയച്ചു എന്നു വായിക്കുന്നു. എന്നെ എന്നു പറയുന്ന ആൾ ആരെന്നു 12-ാം വാക്യം മുതൽ നോക്കിയാൽ സ്പഷ്ടമാകുന്നതാണു്. വിശുദ്ധ എഴുത്തുകാർ അനുഗ്രഹോച്ചാരണത്തിൽ മൂന്നിൽ കൂടുതലാളുകളെ ഒരിടത്തും സൂചിപ്പിക്കുന്നില്ല. 1കൊരി. 12. 4—6 വരെ വായിക്കുക. മത്താ. 28. 19-ൽ 'നിങ്ങൾ പുറപ്പെട്ടു' പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കണമെന്നാണു യേശു ശിഷ്യന്മാരോടു പറയുന്നതു്. ഇതുപോലെ 2കൊരി. 13. 14-ൽ നമ്മുടെ കർത്താവു ദൈവം പരിശുദ്ധാത്മാവു എന്നീ മൂവരെ, മാത്രമേ കാണുന്നുള്ളൂ. യേശുക്രിസ്തുവിന്റെ സ്നാനത്തിങ്കൽ, പുത്രൻ യോർദ്ദാൻതീരത്തും, പിതാവു സ്വർഗ്ഗത്തിലും പരിശുദ്ധാത്മാവിനെ പ്രാവു രൂപത്തിലും കാണുന്നു. മൂന്നിൽ കൂടുതൽ മൂർത്തികൾ ഉണ്ടായിരുന്നെങ്കിൽ, പ്രത്യക്ഷപ്പെടേണ്ട അവസരം അതായിരുന്നു. യെശ. 6. 5 ; പുറ. 3. 6 ; സംഖ്യാ. 6. 24 പരിശോധിക്കുക. മൂന്നുപ്രാവശ്യം പറയുന്നതു അർത്ഥവത്താണു്.

ദൈവം സർവ്വവ്യാപിയാണു. (സങ്കീ. 139). സീനായി പർവ്വതത്തിൽവച്ചു മോശെയ്ക്കു കല്പന എഴുതി കൊടുക്കുമ്പോൾ ലോകത്തിൽ മറ്റു ഭാഗങ്ങളിൽ ദൈവം ഇല്ലായിരുന്നു എന്നു ചിന്തിക്കുന്നതു മൌഢ്യം. വചനം അഥവാ വാക്കു എന്നൊരു പേരു ദൈവത്തിനുണ്ടു്. ശബ്ദം സ്വരൂപം, അർത്ഥം എന്നിവ വചനത്തിൽ അടങ്ങിയിരിക്കുന്നു. ഇവ മൂന്നും മൂന്നു തന്നെ എങ്കിലും മനസ്സിൽ പ്രവേശിക്കുമ്പോൾ ഒന്നു തന്നെ ആണല്ലോ. ഇതുപോലെ ദൈവത്വത്തിലെ മൂന്നു പ്രത്യേകതകളെ—പ്രത്യക്ഷം, വ്യാപകം, വ്യാപാരം—സ്വരൂപം, ശബ്ദം,

സി. എസ്സ്. ഐ.—ആദ്യത്തെ പത്തുവർഷങ്ങൾ

2. ഒരു ദേശീയസഭ

(ബിഷപ്പ് ഡേവിഡ് ചെല്ലപ്പാ ഡി. ഡി.)

[നാഗർകോവിൽ സമ്മേളിച്ച സിനഡിൽ ചെയ്ത ശ്രദ്ധേയമായ ഒരു പ്രസംഗത്തിന്റെ പരിഭാഷയാണിത്.]

സഭ ഭാരതീയമായിത്തീരണം; എന്നാൽ പ്രഥമമായി അതൊരു സഭ തന്നെയാകണം ഒരു സഭ ഭാരതീയമല്ലാതെയും എന്നാൽ സഭയായുമിരിക്കാം; അതുപോലെതന്നെ ഒരു സഭ ഭാരതീയമാണെങ്കിലും സഭയല്ലാതെയായിരിക്കാം.

പട്ടക്കാരുടെ നേതൃത്വം.

ഭാരതീയമായ സഭയിലേക്കു എന്നു കേൾക്കുമ്പോൾ ഭാരതീയമായ ഒരു പട്ടത്വമാണ് നമ്മുടെ മനസ്സിൽ വരുന്ന ധാരണ. ഇതു തികച്ചും വാസ്തവവിരുദ്ധമാണ്. നമുക്കിപ്പോഴുള്ള 13 ബിഷപ്പന്മാരിൽ 6 പേർ മാത്രമേ ദേശിയരായിട്ടുള്ളൂ. നമ്മുടെ നേതൃത്വത്തിൽ പകുതിയിൽ കൂടുവു ഭാരതീയമാണെന്നുള്ള താത്വീകമായ ഒരു നിഗമനത്തിൽ എത്താം. ഇതു വാസ്തവമാകണമെന്നില്ല. ദേശിയരും, വിദേശിയരും തമ്മിലുള്ള അനുപാതത്തെ ആശ്രയിച്ചല്ലാ സഭ ദേശിയമാകുന്നത്. സി. എസ്സ്. ഐയിലെ ഏറവും പ്രധാനപ്പെട്ട യാളുകൾ ബിഷപ്പന്മാരാണെന്നുള്ള തെറ്റായ ധാരണയിൽ അധിഷ്ഠിതമാണ് ഈ നിഗമനം. എപ്പിസ്കോപ്പൽ പാരമ്പര്യമുള്ള മറ്റു സഭകളുടെ സ്ഥിതി എന്തുതന്നെയായിരുന്നാലും സി. എസ്സ്. ഐയുടേതു അതല്ല. സി. എസ്സ്. ഐ. ഭരണഘടന വളരെ താഴ്മയുള്ള ഒരു സ്ഥാനമാണ് ബിഷപ്പന്മാർക്കു അനുവദിച്ചിട്ടുള്ളത്.

ഭാരതീയസഭയിലേക്കുള്ള വളർച്ച മുഖ്യമായി ബിഷപ്പന്മാരെ ആശ്രയിച്ചല്ലായിരിക്കുന്നതെന്നു തൻമൂലം സിദ്ധിക്കുന്നു. ഒരു ബിഷപ്പ് ദേശിയനായിരിക്കാം; എങ്കിലും യഥാർത്ഥത്തിൽ മഹായിടവക വിദേശിയ അടിയൊഴുക്കുകൾക്കു വിധേയമാകാം. നേരെമറിച്ചു ബിഷപ്പ് വിദേശിയനാണെങ്കിലും, മഹായിടവക ഭാരതീകരണമെന്ന ലക്ഷ്യത്തിലേക്കു ബോധപൂർവ്വം നീങ്ങുന്നുണ്ടായിരിക്കാം. എന്നാൽ ഒരു മഹായിടവകയിലെ ബിഷപ്പ് ദേശീയനാണെങ്കിൽ എല്ലാ മണ്ഡലങ്ങളിലും ഭാരതീയമായ നേതൃത്വം വളരെ വേഗത്തിൽ കൈവരുന്നതിനു സഹായിക്കുമെന്നാണെന്റെ വിശ്വാസം. ബിഷപ്പന്മാർ ഈ മണ്ണിന്റെ മക്കൾ തന്നെയായിരിക്കണമെന്നു നിർബന്ധിക്കുന്നതിനു മറനേകം വിശിഷ്ടകാരണങ്ങളും കൂടി

അത്രം എന്നിവയോടു ഉപമിക്കാവുന്നതാണ്. മൂന്നായിരിക്കുന്ന ദൈവം ഒന്നെന്നു പറയുന്നതു മനുഷ്യനു ഗ്രഹിപ്പാൻ കഴിയാത്ത ഒരു മർമ്മമാണ്.

ഉല്പ. 1. 26-ൽ ഇവർ സ്വരൂപത്തിൽ ഒന്നെന്നും "മനുഷ്യൻ നമ്മിൽ ഒരുത്തനെ പോലെയായി (ഉല്പ. 3. 22) എന്നു പറയുന്നതിൽ മൂവരും അറിവിൽ സമന്മാരെന്നും, പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ" എന്നു പറയുന്നതിൽ നാമം ഒന്നു തന്നെ എന്നു വ്യക്തമാകുന്നു. നമ്മുടെ പ്രാർത്ഥനാക്രമത്തിൽ വിശുദ്ധ അത്താനാസ്യോസിന്റെ വിശ്വാസപ്രമാണം വായിച്ചാൽ ദൈവത്വത്തിലെ മൂന്നു മൂർത്തികളെപ്പറ്റി കൂടുതൽ അറിയാവുന്നതാണ്. (തുടരും)

ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിച്ചു പ്രചരണം നടത്തുന്നവരോടു (യഹോവ സാക്ഷികൾ തുടങ്ങിയുള്ളവർ) മറുപടി പറയുവാൻ, ഈ ലേഖനം വായനക്കാർക്കു പ്രചോദനം നൽകട്ടെ.

യുണ്ട്. 'കാലത്തിന്റെ ശക്തി' എന്നു ചുരുക്കത്തിൽ അതിനു പറയാം. അങ്ങനെ നമുക്കു കൈവന്നിട്ടുള്ള ഭാരതീകരണത്തെ സംബന്ധിച്ചു തുപ്പിപ്പെടുന്നതിനും വകയുണ്ട്.

ഈ നിലയിലയിലുള്ള ദേശിയനേതൃത്വം അതിൽ തന്നെയൊരു അന്തമല്ല; മാർഗ്ഗം മാത്രമാണ്. കാതോലിക-ഐകൃതയ്ക്കുള്ള കാരണങ്ങളിലൊന്നായിക്കാണണം. ദേശിയത്വം എന്നതിൽ കവിഞ്ഞു, ദേശീയ നേതൃത്വത്തിനു എന്തെങ്കിലും നൈസർഗ്ഗികമായ സവിശേഷതകളില്ല. ദേശീയ നേതൃത്വം, ഒരിട്ടനേതൃത്വമായിത്തീരരുത്. വിദേശിയ നേതൃത്വത്തിനുണ്ടായിരുന്ന ലക്ഷ്യവും ഉദ്ദേശവും ദേശീയനേതൃത്വത്തിനുമുണ്ടായിരിക്കണം.

പട്ടക്കാരുടെ പരിശീലനം.

പ്രസംഗങ്ങളും മറ്റു പ്രവർത്തനങ്ങളും തമിഴിൽ തന്നെ നിർവ്വഹിക്കേണ്ട പട്ടക്കാർ, അവർക്കു വലിയ പരിചിതിയില്ലാത്തയൊരു ഭാഷയിൽ വൈദികപരിശീലനം പ്രയോജനകരമായി നിർവ്വഹിക്കാമോ എന്ന ചോദ്യമാണ് എനിക്കു ചൂണ്ടിക്കാണിപ്പാനുള്ളത്. വളരെ കുറച്ചു വേദശാസ്ത്രപണ്ഡിതന്മാരെ സഭക്കാവശ്യമുണ്ട്. എന്നാൽ അതിലധികം, പ്രാപ്തന്മാരായി ജോലി നിർവ്വഹിക്കുന്ന പട്ടക്കാരെയാണാവശ്യമായിരിക്കുന്നത്. കുറച്ചുനാളുകൾ മുൻപുവരെ നമ്മുടെ ഒരഭ്യുക്ഷണം, ഇപ്പോൾ ഒരു വൈദികകോളജ് പ്രഫസറുമായിരിക്കുന്ന ബിഷപ്പ് ഹോളിസ് രേഖപ്പെടുത്തിയിരിക്കുന്നതുപോലെ, "നമ്മുടെ വൈദികശാസ്ത്രത്തിന്റെ ഘടകങ്ങൾ പാശ്ചാത്യമാണ്, അവ സ്വീകരിച്ചിരിക്കുന്ന ചിന്താഗതിയുടെ മാതൃകകൾ റോം, ഗ്രീസ് എന്നീ രാജ്യങ്ങളിൽനിന്നും ഉയിർവന്നവയാണ്; ഇന്ത്യയിൽനിന്നല്ല" അതുകൊണ്ട് അവ വളരെ അവ്യക്തമാണ്. അവർ ഉപയോഗിക്കുന്ന പാഠപുസ്തകങ്ങൾ, വ്യത്യസ്ഥവും, വളരെ അവ്യക്തങ്ങളുമായ ഒരു പശ്ചാത്തലത്തിൽ എഴുതപ്പെട്ടവയാണ്. ഫൈനവഭോ, മുസ്ലീമോ, ഭാരതത്തിലെ ഗ്രാമത്തിന്റെയോ, പട്ടണത്തിന്റെയോ; ഇന്ത്യ ഉൾപ്പെട്ടനില്ക്കുന്ന ഏഷ്യൻ ഭൂഖണ്ഡത്തിന്റെ തന്നെയോ പശ്ചാത്തലത്തിലല്ല.

സഭാചരിത്രം, തിയോളജി, ആരാധന എന്നീ വിഭാഗങ്ങളിൽ ഇതു സ്പഷ്ടമാണ്. സഭാചരിത്രപുസ്തകങ്ങളിൽ ക്രിസ്തീയ സാമ്രാജ്യം രൂപംകൊണ്ടതായാണ്. ഇന്ത്യയിലെ അക്കൈസ്തവ സ്ഥിതിഗതികൾ അവർ കണക്കിലെടുത്തിട്ടില്ല. ഒരുപക്ഷെ, അതുകൊണ്ടായിരിക്കാം, സഭാചരിത്രത്തിന്റെ ജാതികളുടെ പശ്ചാത്തലത്തിൽ എഴുതിയ ആദിമകാലം, മദ്ധ്യ, ആധുനിക കാലത്തെ ചരിത്രത്തെക്കാൾ കൂടുതൽ പ്രസക്തമായി അനുഭവപ്പെടുന്നത്.

തിയോളജിയുടെ കാര്യവും ഇതുതന്നെ. ക്രിസ്തീയവും അതേസമയം ഭാരതീയവുമായ ഒരു തിയോളജിയുടെ ആവിർഭാവത്തെ സഹായിക്കുന്നതിനു നമുക്കുത്സാഹമില്ല. ഡോക്ടർ അപ്പാസാമിയെപ്പോലുള്ള പണ്ഡിതന്മാർ ഒരു തലമുറ മുൻപു ചെയ്ത പ്രാരംഭ പരിശ്രമം ഇന്നും പ്രാരംഭമായിത്തന്നെ അവശേഷിക്കുന്നു. ബാത്ത്, കിർക്ക്ലൻഡ് മുതലായവരിലാണ് നമ്മുടെ വൈദികവിദ്യാർത്ഥികൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നത്.

നമ്മുടെ ആരാധന ഭാരതീയമാണോ ?

ആരാധനയുടെ കാര്യം മുട്ടം ഭേദമല്ല. കല, ശില്പകല, സംഗീതം തുടങ്ങി ആരാധനയുടെ ബാഹ്യഘടകങ്ങൾ അവഗണിക്കാൻ പാടുള്ളതല്ല. എന്തെന്നാൽ ദേശീയമല്ലെന്നുള്ള സഭ ദേശീയമല്ലെന്നുള്ള ധാരണയ്ക്കു വിലങ്ങുതടിയായി നില്ക്കുന്നത് ഈ അംശങ്ങളാണ്. ഡോർണക്കൽ, തിരുപ്പത്തൂർ, ഈറോഡ്, ജാഫ്ന, കൂടാതെ മദ്രാസ് വിമൻസ് ക്രിസ്ത്യൻ കോളജിന്റെ ചാപ്പൽ മുതലായ സ്ഥലങ്ങളിൽ നടന്ന വിശിഷ്ടങ്ങളായ പരീക്ഷണങ്ങൾ ഒഴിച്ചുനിറുത്തിയാൽ, മറ്റു സ്ഥലങ്ങളിൽ വിദേശിയശില്പകലയിലും, ഗോതിക്കിന്റെ ഉഷ്ണിച്ച മാതൃകയിലുമാണ് ഇപ്പോഴും ദേവാലയങ്ങൾ പണിയുന്നത്. ഇതു വെറുപ്പും പുച്ഛവും മാത്രം ക്ഷണിച്ചുവരുത്തുകയാണ്.

ഈയിടെ, ഒരു ഗ്രാമത്തിലെ ആശ്രമത്തിൽ ധ്യാനയോഗം നടത്തുന്നതിനു ഭാരതീയനായ ഒരു സുവിശേഷകൻ ചെന്നു. അവിടെക്കണ്ട ദ്രാവിഡമാതൃകയിലുള്ള ക്രിസ്ത്യൻ ദേവാ

ലയം അദ്ദേഹത്തിനു പിടിച്ചില്ല. ജാതി അനുമതങ്ങളുടെ മായാചിത്രങ്ങളോ, വിഗ്രഹങ്ങളോ ഒന്നുമില്ലാതെ ഒരു ഗോപുരത്തിൽ, വലിയ കുരിശു പതിച്ചു, പൂണ്ണമായും ദ്രാവിഡ മാതൃകയിൽ പടുത്തുയർത്തിയ ഒരു ക്രിസ്തീയ ദേവാലയമായിരുന്നു അതു. യേശുക്രിസ്തുവിനെയല്ലാതെ, ചുറ്റുപാടുമുള്ള ഹിന്ദുക്കളെ സന്തോഷിപ്പിക്കുന്നതിനു ചെയ്ത ഒരു ശ്രമമായി മാത്രം കണ്ട ആ സുവിശേഷകൻ, അവരെ നിശിതമായി വിമർശിച്ചു. ഗോതിക്ക് (ജാതി എന്നാണ് വാക്കിന്റെ അർത്ഥം) എന്നറിയപ്പെടുന്ന ശില്പകല പ്രത്യക്ഷത്തിൽ കൂടുതൽ ക്രിസ്തീയമാണെന്നാണ് ആ സാധു മനുഷ്യൻ ധരിച്ചു വെച്ചിരിക്കുന്നതു്. അവന്റെ ക്രിസ്തുനിത്യം ഇറക്കുമതി ചെയ്ത പാശ്ചാത്യരാജ്യങ്ങളിൽ നിന്നാണ് അതും വന്നതു്.

നമ്മുടെ പള്ളികളിലെ സംഗീതം ഇപ്പോഴും പാശ്ചാത്യമായിത്തന്നെ— അതുകൊണ്ടു വിചിത്രമായി തുടരുകയാണ്. മൻപു ആംഗ്ലിക്കൻ വിഭാഗത്തിൽപ്പെട്ട നമ്മുടെ ചില പട്ടണ ഇടവകകളിൽ നിന്നും മറ്റും, തമിഴിൽ ചാൻറ് (Chant) പാടുന്നതിനു ശ്രമിക്കുന്നതു് കേൾക്കുമ്പോൾ ഡോക്ടർ ജോൺസൺ മറ്റൊരവസരത്തിൽ പറഞ്ഞതാണു ഓർമ്മയിൽ വരുന്നതു്. "സർ, ഇതു പിൻകാലുകളിൽ നില്ക്കുന്ന പട്ടികളെപ്പോലെയാണ്. അതു ഭംഗിയായി നിവ്വഹിക്കുന്നില്ല. എന്നാൽ അവ അങ്ങനെനിന്നു കഴിഞ്ഞല്ലോ എന്നുള്ളതിൽ താങ്കൾ ആശ്ചര്യപ്പെട്ടും. കീർത്തനങ്ങളുടെ കാര്യവും ഒട്ടും ഭേദമല്ല. തമിഴ് ഗീതങ്ങൾ (Lyrics) പാടുന്നതു് അഭിമാനക്ഷയമാണെന്നു കരുതുന്ന അനേകം പട്ടണഇടവകകളും ചുരുക്കം ഗ്രാമീണ ഇടവകകളുമുണ്ട്.

അങ്ങിങ്ങായി, ഭാരതീയ സംഗീതത്തെയും ആരാധനയുടെ ഭാരതീയ മാതൃകയേയും സംബന്ധിച്ചുള്ള ചില പരീക്ഷണങ്ങൾ കാലാകാലങ്ങളിൽ നടന്നുവരുന്നുണ്ട്. സംഗീതത്തിനു സമ്മർസ്ക്കൂളുകളും ഏർപ്പെടുത്തിയിട്ടുണ്ട്. അവ സന്ദർശകരെ ആകർഷിക്കുന്നുണ്ടെങ്കിലും ഭാരതീയ സംഗീതം ഇന്നും നടപ്പിലായിട്ടില്ല. ഹിന്ദുക്കൾ പാട്ടുമെങ്കിലും ഒരിക്കലും അവരുടെ ആരാധനാസ്ഥലത്തു ഉപയോഗിക്കാത്ത സിനിമാറാഗങ്ങളുടെ അനുകരണമാണ് ഇപ്പോഴത്തെ ഭാരതീകരണം. നാം ഭാരതീയമായ ആരാധനയിൽ വിശ്വസിക്കുന്നുണ്ട്. എന്നാൽ വിദേശീയമായ രീതിയിൽ ആരാധന തുടരുന്നു, യഹോവയെ ഭയപ്പെടുകയും സ്വന്ത വിഗ്രഹങ്ങളെ സേവിക്കയും ചെയ്യുന്ന ശമര്യക്കാരെപ്പോലെ.

വിദേശസഹായങ്ങളിലുള്ള അത്യധികമായ ആശ്രയം.

വിദേശസങ്കേതങ്ങളിലുള്ള ആശ്രയമാണ് സി. എസ്സ്. ഐയുടെ തുടക്കം പിടിച്ച വശം. ഇതു മക്ഷിണേന്ത്യയുടെ സഭയെന്നതിന്റെ അവകാശത്തിനു കോട്ടം വരുത്തുന്നു. പുതിയ പ്രവർത്തനങ്ങൾ മിഷ്യനറിപ്രയത്നങ്ങളുടെ വികസനം തുടങ്ങിയവയ്ക്കു വിദേശസഹായം സ്വീകരിക്കുന്നതിനെ ഞാൻ എതിർക്കുന്നില്ല. ലോകത്തിന്റെ മറ്റു ഭാഗത്തുള്ള സഹോദരീസഭകളിൽനിന്നും സഹായം സ്വീകരിക്കുന്നതുകൊണ്ടു എക്യുമിനിക്കൽ സ്വഭാവം സംരക്ഷിക്കപ്പെടുവാൻ സാധിക്കും. ക്രിസ്തീയ ഇടവകയിലെ പ്രവർത്തനം വിദ്യാഭ്യാസപ്രയത്നങ്ങൾ മുതലായി, ക്രിസ്തീയപ്രവർത്തനങ്ങളുടെ അനുപേക്ഷണീയ ലക്ഷണങ്ങൾക്കുവേണ്ടി വിദേശസഹായത്തെ ആശ്രയിക്കുന്നതു് ഒരിക്കലും നന്നല്ല. നോട്ടീസോട്ടുകൊടുക്കയാണെങ്കിലും അങ്ങനെയുള്ള സഹായങ്ങൾ പെട്ടെന്നു നിറുത്തുന്നതുമൂലം നമ്മുടെ പരിപാടികൾക്കു സ്ഥാനഭ്രംശം സംഭവിക്കും;

സ്ഥലത്തെ ആളുകൾ കൊടുക്കുന്നതും വിദേശത്തുനിന്നും ലഭിക്കുന്ന വരവും തമ്മിൽ വളരെ അന്തരമുണ്ടെന്നാണ് മഹായിടവകകൾ അയച്ചുതന്ന കണക്കുകൾ വ്യക്തമാക്കുന്നതു് ധനസ്ഥിതികൊണ്ടു താണ സമുദായത്തിൽപ്പെട്ട ആളുകളുടെ ക്രിസ്തീയ ഔദാര്യത്തിനു ഒരു പരിധിയുണ്ട്. എന്നാൽ ഇന്ത്യൻസഭയുടെ ഔദാര്യത്തിനു യാതൊരു തത്വീക്ഷയുമില്ല. "ക്രിസ്തീയ ഔദാര്യം" എന്ന പുസ്തകത്തിൽ ബിഷപ്പ് അസ്സറിയാ വിവരിച്ചിട്ടുള്ള തത്വങ്ങളുമായി യാതൊരു ബന്ധവുമില്ല. അമേരിക്കൻ ഐക്യനാടുകളിൽനിന്നും ഗണ്യമായ സഹായധനം ലഭിച്ചുകൊണ്ടിരിക്കുന്ന ചില വിഭാഗക്കാർ പരിശുദ്ധാത്മാവിന്റെ മഹത്തായ ദർശനങ്ങളുടെ

പ്രതിദിന വേദവായനക്കുറിപ്പുകൾ—ഏപ്രിൽ 1958

ഏപ്രി. (ചൊ.) യോഹ. ഛവ്വ. ക്ഷ—ഛദ്യ. **രാജാവും ശത്രുക്കളും സ്നേഹിതരും** യേശുരാജന്റെ ശത്രുകൾ തന്നെപ്പിടിക്കയും തനിക്കെതിരായി വിസ്താരാഭിനയം നടത്തുകയും ചെയ്യുമ്പോൾ തന്റെ സ്നേഹിതർ തികഞ്ഞ സ്നേഹശൂന്യതയെ വെളിപ്പെടുത്തുന്നു. അവരിലൊരുവൻ രാജാവിനെ ഒറ്റിക്കൊടുത്തു (ന്ധ വാ). മൻപതു പേർ അവനെ വിട്ടു ഓടിക്കളഞ്ഞു. രണ്ടുപേർ നിഷ്ക്രിയരായി പിന്തുടരുന്നു (ക്ഷദ്യ വാ). അവരിലൊരുവൻ രാജാവിനെ തള്ളിപ്പറഞ്ഞു (ക്ഷദ്യ, ഛ—ഛദ്യ വാ). ശത്രുക്കൾ ഏല്പിച്ച മുറിവുകൾക്കു സ്നേഹിതന്മാർ വേദന വർദ്ധിപ്പിച്ചു. രാജാവിന്റെ ഉദ്ദേശങ്ങളെ വേണ്ടവണ്ണം ഗ്രഹിക്കാതിരുന്നതിനാലാണ് ഇരുകൂട്ടരും ഇപ്രകാരം തെറ്റുകൾ ചെയ്തത്. നമ്മുടെ മന്ദബുദ്ധി എത്ര വലിയ തെറ്റുകൾക്കു കാരണമായിതീരുന്നു! രാജാവിന്റെ അചഞ്ചലവും ശാന്തഗംഭീരവും ഭയരഹിതവുമായ നിലപാടിനെ വീക്ഷിക്കുക! (ക്ഷൻ—ഛന്ധ വാ).

ഏപ്രി. (ബു). യോഹ. ഛവ്വ. ഛവ്വ—ക്ഷം. **രാജാവും ന്യായാധിപനും.** മനുഷ്യവർഗ്ഗത്തെ നശിർസ്സുരാക്കുന്ന ഒരു ചിത്രമാണിവിടെക്കാണുന്നത്. സ്വർഗ്ഗീയനീതിയുടെയും സത്യത്തിന്റെയും ജ്ഞാനത്തിന്റെയും ഉത്ഭവസ്ഥാനമായ രാജാവു ഒരു ഭൌതിക കോടതിയിൽ പ്രതിസ്ഥാനത്തു നില്ക്കുന്നു. ആ ദിവ്യപുരുഷന്റെ സാന്നിദ്ധ്യം ലഭിച്ചിട്ടും ന്യായാധിപൻ ആപേക്ഷികമായ നീതി നിഷ്പ്രഭിപ്പാൻ അശക്തനായിതീരുന്നു. യേശുവിന്റെ യഥാർത്ഥമായ ആഭിജാത്യത്തെപ്പറ്റി പീലാത്തോസ് അജ്ഞനാണ്. എന്നാൽ തന്റെ രാജത്വത്തേയും നിയോഗത്തേയും പറ്റി യേശു വ്യക്തമായി പ്രസ്താവിച്ചിട്ടും യാതൊരു ഫലവുമില്ല (ന്ധവ—ന്ധവ്വ വാ). നാം കർത്താവിനു വിപരീതമായി പ്രവർത്തിക്കുമ്പോൾ നമ്മുടെ അജ്ഞതയെ കണ്ട അവൻ എത്രമാത്രം പരിതപിക്കുന്നു. അവന്റെ ക്ഷമ നിസീമമല്ലയോ? ലൂക്കൊ. ഛന്ധ. ന്ധരു നോക്കുക!

ന്ധന്ധ. (വ്യാ.) യോഹ. ക്ഷൻ. ക—ക്ഷന്ധ. **രാജാവും സഹജന്മങ്ങളും.** അന്യജാതിക്കാരായ പീലാത്തോസും പട്ടാളക്കാരും യേശുവിനെ രാജാവു എന്നു സംബോധന ചെയ്യുന്നതു പരിഹാസസ്വരത്തിലാണ് (ന്ധ, ക്ഷരു, ക്ഷഛ വാ). അവർ തന്നെ നിന്ദിക്കയും പ്രഹരിക്കയും മുൾക്കിരീടം തലയിൽ ചേർക്കയും ചെയ്യുമ്പോൾ തനിക്കുണ്ടായതിലും അധികമായ വേദന സഹജന്മങ്ങൾ "അവനെ ക്രൂശിക്ക" എന്നു നിലവിളിച്ചപ്പോൾ യേശുവിനു അനുഭവപ്പെട്ടിരിക്കും (ന്ധ, ക്ഷഛ വാ). ന്യായാധിപൻ ഭയസംഭ്രമങ്ങൾക്കധീനനാകുന്നു (ഖ വാ). പ്രതിമാത്രം നിശ്ചഞ്ചലനായി നിലകൊള്ളുന്നു. അവന്റെ രാജകീയ മൌനം എത്ര ആശ്ചര്യജനകമാണിയം! എത്ര അർത്ഥപൂർണ്ണം!! (ൻ വാ). യഹൂദജനതയ്ക്കു മറെറാരു രാജാവുണ്ടെന്നു അവർ പ്രസ്താവിക്കുന്നു (ക്ഷഛ വാ). ഭൌതികബന്ധങ്ങളുടെയും കടപ്പാടുകളുടെയും പേരിൽ ഞാൻ മശിഹാ രാജാവിനെ അവഗണിച്ചിട്ടുണ്ടോ?

ന്ധന്ധ. (ദുഃഖവെള്ളിയാഴ്ച) യോഹ. ക്ഷൻ. ക—ന്ധം. **ക്രൂശിക്കപ്പെട്ട രാജാവു.** ഭയഭക്തിയോടുകൂടെ നമ്മുടെ ഏകമനസ്സുകളെ ഗോൽഗോഥാമലയിലേയ്ക്കു ആനയിക്കാം! അവിടെ കാണുന്ന മൂന്നു ക്രൂശുകളിൽ മദ്ധ്യസ്ഥാനത്തു നില്ക്കുന്നതു ആരെ വഹിച്ചിരിക്കുന്നു.

സ്ത്രീയും ആചരിക്കുന്നുണ്ട്. ഭൂരിപക്ഷം മാത്രമല്ല നമ്മുടെ സ്വന്തം മുഴുവനും മൈവത്തിനുള്ളതാണെന്നാണ് ക്രിസ്തീയ ചിന്താഗതി. എന്നിട്ടും പരിമിതമായ വീക്ഷണഗതിയുള്ള ആ വിഭാഗക്കാരെക്കാൾ നാം വളരെ കുറച്ചുമാത്രമേ ദാനം ചെയ്യുന്നുള്ളൂ. വ്യക്തിപരമായി, ഞാൻ ഭൂരിപക്ഷസമ്പ്രദായത്തിന്റെ വലിയ ഒരു അനുഭാവിയല്ല; രാഷ്ട്രം സമുദായം മുതലായവയോട് പൊതുവിലുള്ള ക്രിസ്തീയ ചുമതലയുടെ നിഷേധമായി അതു കലാശിക്കുമെന്നുള്ളതുകൊണ്ടാണ്. എന്നാൽ സഭയ്ക്കു ഒരംശം കൊടുക്കുന്നതിൽ എന്തെങ്കിലും ഒരു തത്വം നാം സ്വീകരിക്കണം. (തുടരും)

അതിന്റെ മുകളിൽ ചേർത്തിരിക്കുന്ന ബോർഡിൽ നോക്കുക! യഹൂദന്മാരെ അവഹേളിക്കുന്നതിനായി പീലാത്തോസ് നിർമ്മിച്ച ബോർഡ് ഒരു വലിയ സത്യത്തെ പ്രഖ്യാപനം ചെയ്യുന്നു. ചുറ്റും നില്ക്കുന്ന മൂന്നു കൂട്ടം ആളുകൾ എല്ലാ കാലഘട്ടങ്ങളിലുമുള്ള മനുഷ്യസമൂഹത്തെ പ്രതിനിധാനം ചെയ്യുന്നു. (1) മഹാപുരോഹിതന്മാർ (൨൰ വാ). സ്വകീയ താല്പര്യങ്ങളും സ്ഥാനങ്ങളുംവെച്ചു പുലർത്തുന്നതിനുവേണ്ടി യേശുവിനോടു പരസ്യമായി സമരം ചെയ്യുന്നവർ. (2) പട്ടാളക്കാർ (൨൩, ൨൪ വാ). സന്ദർഭത്തിന്റെ ഗൗരവത്തെപ്പറ്റിയോ യേശുവിന്റെ ആളുത്വത്തെപ്പറ്റിയോ ഗ്രഹിപ്പാൻ കഴിവില്ലാതെ ലഘുവായ കാര്യങ്ങൾക്കുവേണ്ടി ബഹളം കൂട്ടുന്ന നിസ്സിക്കാരികൾ. (3) യേശുവിനോടു സ്നേഹവും സഹതാപവുമുള്ളവർ (൨൫—൨൯ വാ). ഇവരിൽ ഏതു കൂട്ടത്തിൽ നീ ഉൾപ്പെടുന്നു? ക്രൂശിക്കപ്പെട്ടവനായ അരുമനാഥന്റെ ശബ്ദം നീ കേൾക്കുന്നവോ (൨൬ വാ)? നിന്റെ ആത്മാവിനുവേണ്ടിയുള്ള അവന്റെ മോഹം നീ ശമിപ്പിച്ചിട്ടുണ്ടോ?

൩൩-. (ശ.) യോഹ. ൧൯. ൪൨—൫൨. **അടക്കപ്പെട്ട പെസഹാക്കുഞ്ഞാട്.** ന്യായപ്രമാണപ്രകാരമുള്ള ശബത്താചരണത്തിനായി ഒരുങ്ങുന്ന യഹൂദന്മാർ അതിന്റെ മുമ്പായ യാഗകർമ്മങ്ങളോടെ പൂർത്തീകരണത്തെപ്പറ്റി തികച്ചും അജ്ഞരാണ് (൩൮ വാ). യഥാർത്ഥ പെസഹാക്കുഞ്ഞാടായ ക്രിസ്തുവിന്റെ അസ്ഥികൾ ഒന്നും ഒടിക്കപ്പെട്ടില്ല (൩൩, ൩൬ വാ, പുറ. ൧൨ ൪൬). പഴയ യിസ്രായേൽ മിസ്രയീമിലെ അടിമത്വത്തിൽനിന്നു ഉദ്ധരിക്കപ്പെട്ടതിനെ പെസഹാ അനുസ്മരിപ്പിക്കുന്നു. പുതിയ യിസ്രയേൽ യേശുവിന്റെ മരണംമൂലം പാപത്തിൽനിന്നു ഉദ്ധരിക്കപ്പെട്ടുന്നു. ആ അനുഭവത്തിന്റെ ലക്ഷ്യങ്ങൾ ഉടനടി കാണപ്പെടുന്നു! ഘടകീഭവങ്ങളായിരുന്ന അരിമത്യയിലെ യോസേഫും നീക്കോദിമോസും പൊടുന്നനവേ രംഗപ്രവേശം ചെയ്യുന്നു (൩൮, ൩൯ വാ). അവർ ഭീതി സംശയങ്ങളിൽനിന്നു ഉദ്ധരിക്കപ്പെട്ടു: അവർ തങ്ങളുടെ നാഥനു രാജോചിതമായ സംസ്കാരം നല്കി (൪൦—൪൨ വാ). കുഞ്ഞാടിന്റെ രക്തത്തിലുള്ള വിശ്വാസത്താൽ ഭയം, സംശയം വൈരം എന്നീ മോക്ഷങ്ങളിൽനിന്നു നീ വിടുതൽ പ്രാപിച്ചുവോ?

൨൦൩-. (ഞാ.) യോഹ. ൨൦. ൧—൧൮. **ഉയിർത്തെഴുന്നേറ്റ കർത്താവ്.** മശിഹായുടെ പുനരുത്ഥാനത്തെപ്പറ്റി തിരുവെഴുത്തിൽ ദീർഘദർശനം ചെയ്തിട്ടുണ്ട് (സങ്കീ. ൧൬. ൮—൧൦). അതേപ്പറ്റി കർത്താവു തന്നെ ശിഷ്യന്മാരോടു മുൻകൂട്ടി പ്രസ്താവിച്ചിട്ടുണ്ട് (മത്താ. ൧൬, ൨൧, മർക്കൊ. ൮. ൩൧, ൯൩). മാത്രമല്ല, പുനരുത്ഥാനദിവസം അതിന്നനുകൂലമായ തെളിവുകൾ ലഭിക്കയും ചെയ്തു. കല്ലറയെ മൂടിയിരുന്ന ഭീമമായ കല്ല് മാറിക്കിടന്നിരുന്നു (൧ വാ). മൃതദേഹത്തെ പൊതിഞ്ഞിരുന്ന ശീലകൾ ഭദ്രമായ രീതിയിൽ കാണപ്പെട്ടു (൬ വാ). എന്നിട്ടും ശിഷ്യഗണങ്ങൾക്കു പുനരുത്ഥാനത്തെപ്പറ്റി ബോദ്ധ്യം വന്നില്ല (൯ വാ). അവരുടെ മന്ദബുദ്ധിയെ കുറ്റം പറവാൻ നമുക്കു പ്രയാസമില്ല. എന്നാൽ അവരുടെ സ്നേഹത്തെ അനുകരിക്കുവാൻ സാധിക്കുമോ? പത്രൊസിന്റെയും യോഹന്നാന്റെയും മഗ്ദലമറിയാമിന്റെയും സ്നേഹം എത്ര അഗാധമെന്നു ഈ ഭാഗത്തുനിന്നു പഠിക്കാം. കർത്താവിന്റെ പുണ്യാധരങ്ങളിൽനിന്നു നേരിട്ടു, ആദ്യമായിട്ടു, പുനരുത്ഥാനസന്ദേശം സ്വീകരിപ്പാൻ മറിയയെ പ്രാപ്യയാക്കിയതു അവളുടെ സ്നേഹമാണ് (൧൧—൧൬ വാ). സ്നേഹം സകല കുറവുകളെയും പരിഹരിക്കുന്നു (ലൂക്കൊ. ൭. ൪൭, ൧പത്രൊ. ൪. ൮). ഇന്നും ജീവിക്കുന്ന കർത്താവിനെ നീ സകലത്തിനും ഉപരിയായി സ്നേഹിക്കുന്നുവോ? (യോഹ. ൨൧. ൧൭).

E. J. Chacko.

൨൦൪-. (തി.) യോഹ. ൨൦. ൧൯—൨൩. ഭയവിഹ്വലരായി അടച്ചുപൂട്ടിയ മുറിയിൽ ഇരുന്ന ശിഷ്യന്മാക്ക് ഉയർത്തെഴുന്നേറ്റ കർത്താവു പ്രത്യക്ഷനായി. 'നിങ്ങൾക്കു സമാധാനം' എന്നു പറയുന്നു. സാധാരണ പറയാറുള്ള ഒരു ഉപചാരപദമായിട്ടല്ല കർത്താവു സമാധാനം എന്നു പറയുന്നത്. സാഹചര്യങ്ങൾകൊണ്ടും കർത്താവിനെ വിട്ടുകൊടുത്തുപോയതിനാലും മനസ്സു കലങ്ങിയിരുന്ന ശിഷ്യന്മാക്ക് സമാധാനം നല്കുകയത്രെ കർത്താവു ചെയ്തു

ന്നത്രേ. നാം പാപികളും ദോഷികളും ആകുന്നുവെങ്കിലും ദൈവസ്നേഹം അളവില്ലാതെ നമ്മിലേക്ക് ചൊരിയുന്നു (റോമ. 5. 8). നിന്റെ കഴിഞ്ഞ കാലചരിത്രം നിന്നെ അധഃപതിപ്പിക്കുന്നതിനു സംഗതിയാകാതെ അതിനുപരിയായ ദൈവത്തിന്റെ വൻകൃപയിലേക്ക് കടന്നു വരിക. അവിശ്വാസിയായ തോമസ്സ് ക്രിസ്തുവിൻ മരണം ഉണ്ടായപ്പോൾ ഒരു പുതുസൃഷ്ടി ആയിത്തീർന്നതുപോലെ പുനരുത്ഥാനം ചെയ്ത ക്രിസ്തു തന്റെ മുറിവുകളുമായി നമ്മെ പുതുസൃഷ്ടികളാക്കുവാൻ നമ്മുടെ കാരോരുത്തരുടെയും മുമ്പിൽ വന്നുനില്ക്കുന്നു.

വ്യാഴം. (ചൊ.) യോഹ. 21. 4—14. പത്രൊസ് "ഞാൻ മീൻ പിടിപ്പാൻ പോകുന്നു" എന്നു പറഞ്ഞു. കർത്താവിന്റെ ഏഴു ശിഷ്യന്മാർ അവരുടെ പഴയവേലക്ക് പോകുവാൻ തീരുമാനിച്ചു. അവരുടെ ജീവിതത്തിന്റെ പ്രത്യാശ എല്ലാം നശിച്ചു. പഴയ തൊഴിൽ ചെയ്തു ഉപജീവനമാർഗ്ഗം തേടാമെന്നു അവർ ആഗ്രഹിക്കുന്നു. പല വാശ്രത്തങ്ങൾ ലഭിച്ചിട്ടുണ്ട് എങ്കിലും കാത്തിരുന്നു കാത്തിരുന്നു അവരുടെ പ്രത്യാശ നിരാശയായിത്തീർന്നു. ദൈവത്തിൽ വിശ്വസിക്കാതെ മനുഷ്യനിൽ ആശ്രയിച്ചു പുറപ്പെട്ടതിനാൽ ഫലം നാസ്തി. ക്രിസ്തു ഇതാ വന്നു അവൾക്ക് നേതൃത്വം നല്കുന്നു പെരുത്ത മീൻകൂട്ടം—ക്രിസ്തുവിനെ കൂടാതെ പലപ്പോഴും പ്രവർത്തിക്കുന്നവരെത്രെ നാം. അതിന്റെ ഫലം നാശം. നാം ആരിൽ ആശ്രയിക്കുന്നു. സ്വന്ത വിവേകത്തിൽ ഊന്നുന്നുണ്ട്.

വെള്ളി. (ബു.) യോഹ. 21. 15—19. കർത്താവു പത്രോസിനെ ഏതു സ്ഥാനത്തു വെച്ചു ആദ്യം കണ്ടു മുട്ടിയോ അവിടെവെച്ചുതന്നെ അവസാനമായും കണ്ടു മുട്ടുന്നു (മീൻ പിടുത്തം). കർത്താവിന്റെ കൂടെ നടന്നവൻ—അവന്റെ പ്രത്യേക ശിഷ്യന്മാരിൽ ഒരുവൻ—എങ്കിലും അവൻ കർത്താവിനെ തള്ളിപ്പറഞ്ഞു. പത്രോസിനെ വീണ്ടും കർത്താവിന്റെ വേലയ്ക്കായി വേർതിരിക്കുന്നു. പൂർണ്ണസമർപ്പണം ക്രിസ്തീയ വേലക്ക് ആവശ്യമാകുന്നു. ക്രിസ്തീയ ജീവിതത്തിനു സമർപ്പിച്ചശേഷം, തീരുമാനങ്ങൾ ചെയ്തശേഷം നാം ഉപേക്ഷിച്ച ജീവിത സരണിയിലേക്ക് തിരിച്ചുപോയിട്ടില്ലയോ? അങ്ങനെയുള്ള പഴയ സ്ഥാനങ്ങളിൽവച്ചുതന്നെ കർത്താവു നമ്മെ പലപ്പോഴും കണ്ടുമുട്ടിയിട്ടില്ലയോ ? സമർപ്പിക്കപ്പെട്ടവെങ്കിൽ കർത്താവിന്റെ കുഞ്ഞാടുകളെ മേയ്ക്കുക, ആടുകളെ പാലിക്കുക.

ശനി. (വ്യാ.) ദിനവൃ. 29. 1—9. രാജാക്കന്മാരുടെ പുസ്തകങ്ങളുടെ ഉദ്ദേശം യഹോവയെ ആരാധിച്ചു അവന്റെ കല്പനകളെ പ്രാമാണിക്കുക എന്നുള്ളതത്രെ. ഈ ഗ്രന്ഥത്തിന്റെ ഉദ്ദേശം ദിനവൃ. 10-ാം അദ്ധ്യായം 2—8 വരെയുള്ള വാക്യങ്ങളിൽ അടങ്ങിയിരിക്കുന്നു. ദാവീദുരാജാവു വളരെ നല്ല ഗുണങ്ങൾ ഉള്ളവനായിരുന്നെങ്കിലും വളർന്നവന്ന സന്താനങ്ങളുടെ കാര്യത്തിൽ ശ്രദ്ധ ഇല്ലാത്തവനായിരുന്നു. അദോനിയാവു അപ്പനു എതിരായി രാജാവാകുന്നു. ബേർശേബയും, നാഥാനുംകൂടി ശലോമോനെ രാജാവാക്കാൻ ശ്രമിക്കുന്നു. നമ്മുടെ കുടുംബത്തിന്റെ സ്ഥിതി എന്ത്? ഞാനും എന്റെ കുടുംബവും യഹോവയെ സേവിക്കുന്നവരോ? സന്താനങ്ങളുടെ പരിശീലനത്തിൽ ശരിയായ ഒരു പങ്കു വഹിക്കേണ്ടിയതു മാതാപിതാക്കളുടെ കടമയത്രേ.

ഞായർ. (വെ.) ദിനവൃ. 29. 10—19. ദാവീദ് തന്റെ വാശ്രത്തം നിറവേറുന്നു. ദൈവത്തിന്റെ വാശ്രത്തങ്ങൾ നിറവേറും എന്നു പൂർണ്ണമായി നാം വിശ്വസിക്കുന്നുവോ? ദൈവം നമ്മുടെ പങ്കാളിയോ, യജമാനനോ? ഇന്നു അനേകരും ദൈവത്തെ പങ്കാളിയായി മാത്രം കരുതുന്നു (രൂത്ത വാ). ദൈവത്തെ എല്ലാറ്റിന്റേയും യജമാനനായി കാണുവാനുള്ള കണ്ണു അത്രേ ഈ ഭൌതികവാദമനന്തരീക്ഷത്തിൽ നമുക്കു ആവശ്യം. മതം സ്വയം സംതൃപ്തിക്കായിട്ടുള്ള ഒരു മാർഗ്ഗമായിത്തീർന്നിരിക്കുന്നു. മറ്റുള്ളവർക്കുവേണ്ടി ജീവനെ കൊടുപ്പാൻ അത്രേ ക്രിസ്തു വന്നത്. അല്ലാതെ സ്വയസംതൃപ്തിക്കുവേണ്ടിയല്ല. ഇഹലോക ജീവിതത്തിൽ ഒരു പങ്കാളിയെക്കാൾ ഒരു യജമാനനത്രേ നമുക്കാവശ്യം.

തിങ്കൾ. (ശ.) ദിനവൃ. 29. 20—30. അദോനിയാവിന്റെ സഹപാഠികൾ വിവിധ ഉദ്ദേശത്തോടുകൂടെ ആയിരിക്കണം അവനോടുകൂടെ വന്നത്. വ്യക്തിപരമായ ബന്ധം,

സ്ഥാനമാനങ്ങൾ, ഭയം—മുതലായവ. നമ്മുടെ പ്രവർത്തനങ്ങൾ ഉദ്ദേശശുദ്ധിയോടുകൂടിയതോ? കുടുംബജീവിതത്തിന്റെ താല്പര്യം എന്ത്? സുരക്ഷിതമായ ഒരു സ്ഥാനം—നമ്മുടെ ഇച്ഛകൾ, ഉല്ലാസം നിർവിഘ്നം സാധിക്കാവുന്ന ഒരു സ്ഥാനം—ഇവകൾ മാത്രമോ? യഥാർത്ഥമായ സ്നേഹം, ഉദ്ദേശശുദ്ധിയോടുകൂടിയ സ്നേഹം നമ്മുടെ ഭവനങ്ങളിൽ ഉണ്ടോ? ഉദ്ദേശശുദ്ധി കൂടാതെ അമോനിയാവിനോടു ചേർന്ന എല്ലാവരും ഭയപ്പെട്ടു ഓടിപ്പോയി. സ്വാർത്ഥത്തിന്റെ അധഃപതനം ഇവിടെ നാം കാണുന്നു. നാം ആർദ്രശുദ്ധിയുള്ളവരോ?

൨൩൰. (ഞാ.) ശലോമോൻ രാജാ. ൩. ൧—൧൫. ഒരു മാതൃകാപ്രാർത്ഥന ഇവിടെ നാം വായിക്കുന്നു. താഴ്മയുടെ ഒരു മനോഹരദൃഷ്ടാന്തം അതു തരുന്നു. 'ആത്മാവിന്റെ ദരിദ്രത.' ശലോമോൻ പ്രായപൂർത്തിയായ ഒരു യൗവനക്കാരനായിരുന്നുവെങ്കിലും താൻ ഒരു ശിശുവിനെപ്പോലെ നിർമ്മല ഹൃദയമുള്ളവനായി നാം കാണുന്നു. ദൈവരാജ്യത്തിൽ പ്രവേശിക്കണമെങ്കിൽ ശിശുക്കളെപ്പോലെ ആയിത്തീരണമെന്നു കർത്താവു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ശലോമോൻ ആവശ്യപ്പെട്ടതു സമ്പത്തോ, കീർത്തിയോ ഒന്നുമല്ല വിവേകം മാത്രം. ശലോമോൻ തന്റെ വലിയ വേലയുടെ ആരംഭത്തിൽ ദൈവത്തിങ്കൽനിന്നു സഹായം അപേക്ഷിക്കുന്നു. ദൈവം കാണുന്നതുപോലെ നമ്മെയും, മറ്റുള്ളവരേയും കാണുവാനുള്ള കഴിവാണ് നമുക്കാവശ്യം. ശലോമോൻ ഈ നല്ല ആഗ്രഹത്തോടുകൂടി തന്റെ ജീവിതം ആരംഭിക്കുന്നു. എത്ര നല്ല ആരംഭം. (സങ്. ൯൰. ൧൦).

൨൪൰. (തി.) ശലോമോൻ രാജാ. ൩. ൧൦—൨൮. സകല ജ്ഞാനവും തികഞ്ഞ വരമായും ദൈവത്തിൽനിന്നു വരുന്നു. ശലോമോന്റെ കീർത്തി എല്ലായിടവും പരന്നു. ദൈവത്തിന്റെ ജ്ഞാനം രാജാവിൽ ഉണ്ടെന്നു അറിഞ്ഞപ്പോൾ അതു ഭയം ഉളവാക്കുന്നതിനിടയായി. രാജാവു ശരിയായി ന്യായപാലനം ചെയ്യുന്നു. നീതിയും, ന്യായവും നടക്കുന്നില്ല എന്നു സംശയിക്കുന്ന ഈ കാലയളവിൽ ചുമതല വഹിക്കുന്ന ഭരണകർത്താക്കൾ ദൈവാശ്രയമുള്ളവരായിത്തീരുവാൻ നമുക്കു പ്രാർത്ഥിക്കാം. നീതിമാനായ ദൈവത്തിന്റെ സന്നിധിയിൽ നാം എല്ലാവരും നിൽക്കേണ്ടവരാണ്.

൨൫൰. (ചൊ.) ശലോമോൻ രാജാ. ൪. ൧—൨൬. കുടുംബജീവിതത്തിന്റെ പ്രാധാന്യം എത്ര വലിയതെന്നു ജ്ഞാനിയായ ശലോമോൻ മനസ്സിലാക്കുന്നു (൨൬ വാ). തന്റെ തൊഴിലാളികൾ ഒരു മാസം വേല ചെയ്താൽ രണ്ടു മാസം അവരുടെ ഭവനങ്ങളിൽ ആയിരുന്നു. ജീവിതാധാനത്തിന്റെ ക്ലേശങ്ങളിൽനിന്നും വിടുതൽ ലഭിക്കുന്ന ഏക ആശ്രയസ്ഥാനം ഭവനങ്ങളത്രേ. അവിടെ ഉള്ളതുപോലെയുള്ള സ്വാതന്ത്ര്യം വേറെ എങ്ങും ഇല്ല. കർത്താവു തന്റെ ജീവിതത്തിൽ കുടുംബജീവിതത്തെ ആഗ്രഹിച്ചു ഒരുവനായിരുന്നു. "ആകാശത്തിലെ പക്ഷികൾക്കു കൂടും, കുറുനരികൾക്കു കുഴിയും ഉണ്ട്, മനുഷ്യപുത്രനോ തല ചായിപ്പാൻ ഇടം ഇല്ല" എന്നു ഒരിക്കൽ താൻ പറയുക ഉണ്ടായി. ആധുനികസമൂഹം, ഇന്നത്തെ ഭൌതികലോകം, രാഷ്ട്രങ്ങൾ ഇവകൾ കുടുംബജീവിതത്തിനു വലിയ സ്ഥാനം കൊടുക്കുന്നില്ല. അതിന്റെ ഫലമായി അസ്വസ്ഥത ലോകത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ ഭവനം പണിയുന്നതിൽ ബദ്ധശ്രദ്ധനായിരുന്ന ശലോമോൻ തന്റെ തൊഴിലാളികളുടെ കുടുംബജീവിതത്തിൽ കൂടുതൽ ശ്രദ്ധ പതിച്ചതു ഇന്നത്തെ അന്തരീക്ഷത്തിൽ വലിയ ഒരു മാതൃകയല്ലേ. നമ്മുടെ കുടുംബജീവിതത്തിന്റെ മാധുര്യത്തെ അതർഹിക്കുന്ന പ്രാധാന്യത്തോടെ നാം വീക്ഷിക്കുന്നുവോ? (ഗലാ. ൫. ൨൨).

൨൬൰. (ബു.) ശലോമോൻ രാജാ. ൬. ൧—൨൨. ഈ അദ്ധ്യായത്തിൽ ദൈവാലയത്തിന്റെ പ്രതിരൂപയെ വിവരിച്ചിരിക്കുന്നു. ദൈവത്തിന്റെ പെട്ടകം ഉടൻശിക്കപ്പെട്ട സ്ഥാനത്തു ഒട്ടവിൽ വന്നെത്തി. ദൈവസാന്നിദ്ധ്യത്തിന്റെ ഒരു അടയാളമായിരുന്ന നിയമപെട്ടകം. അതു അതിവിശുദ്ധസ്ഥലത്തു സ്ഥാപിക്കുന്നു. യഹോവയുടെ തേജസ്സ് (൨൨ വാ). ആലയത്തിൽ നിറഞ്ഞിരുന്നു. ഈ തേജസ്സ് എന്തായിരുന്നു. (യെശ. ൬. ൩, യെഹെ. ൧. ൨൭). ഓരോരുത്തരും മനഃപൂർവ്വമായി ദൈവസാന്നിദ്ധ്യത്തിൽ വരുമ്പോൾ അതേ ദൈവതേജ

സ്സു അനുഭവപ്പെടുന്നതു്. നമ്മുടെ ആരാധനയും, വേദപുസ്തകധ്യാനവും പ്രാർത്ഥനകളും ദൈവത്തെജ്ഞസ്സു അനുഭവപ്പെടുവാൻ സഹായിക്കുന്നുവോ? ശലോമോനും, ജനങ്ങൾക്കും ഈ അനുഭവം ഉണ്ടായി.

൧൩൰. (വ്യു.) ഹരാജാ. വു. ൫൨—൩൭. ൫൩-ാം വാക്യംവരെ ശലോമോന്റെ പ്രാർത്ഥന. (1) സ്തുതിയും, സ്തോത്രവും (൨൩, ൫൮ വാ). (2) തന്റെ വംശത്തിന്റെ നില നില്പിനുവേണ്ടിയുള്ള പ്രാർത്ഥന (൫൭, ൫൯). (3) ദൈവാലയം പാപമോചനം ലഭിക്കുന്നതിനുള്ള ആസ്ഥാനമായിരിക്കേണമേ എന്നുള്ള പ്രാർത്ഥന (൫൯—൬൦). (4) പിന്നിട്ട മദ്ധ്യസ്ഥപ്രാർത്ഥന (൬൧—൬൩) പാപം ചെയ്യാത്ത മനുഷ്യൻ ഇല്ലല്ലോ (൪൬ വാ). എല്ലാ മനുഷ്യരും പാപികളായതിനാൽ ദൈവത്തിൽനിന്നുള്ള പാപമോചനം ആവശ്യമത്രെ. ജനത്തിന്റെ സകല പാപങ്ങളെയും ക്ഷമിച്ചു അവരെ ദൈവത്തിന്റെ ജനമായി പരിപാലിക്കണമെന്നത്രേ ശലോമോന്റെ പ്രാർത്ഥന. ക്രിസ്തുരാജന്റെ പ്രാർത്ഥനയും ഇതു തന്നെ. (യോഹ. ൧൭. ൧൭).

൧൩൱. (വെ.) ഹരാജാ. വു. ൬൨—൬൱. ജനത്തെ അനുഗ്രഹിച്ചു ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നിലനിറുത്തേണമെ എന്നു ശലോമോൻ പ്രാർത്ഥിക്കുന്നു. ന്യായപ്രമാണത്തിൽ നിന്നു ജനം വഴിതെറ്റിപ്പോകുമെന്നു ശലോമോനു അതിയായ താല്പര്യം ഉണ്ടായിരുന്നു. മുഖപക്ഷമില്ലാത്ത ദൈവം, യിസ്രായേൽ തിരഞ്ഞെടുക്കപ്പെട്ട ജാതിയാണെങ്കിലും ദൈവിക കല്പനകളെ നിരസിച്ചാൽ അവരെ ദൈവം തള്ളിക്കളയും എന്നു ശലോമോൻ അറിഞ്ഞിരുന്നു. ദൈവോദ്ദേശം നിവർത്തിക്കപ്പെട്ടും. ലോകത്തിലുള്ള സകല ആളുകളെക്കുറിച്ചും ദൈവത്തിനു ഓരോ ഉദ്ദേശം ഉണ്ടു. എന്നെക്കുറിച്ചുള്ള ഉദ്ദേശം നിറവേറുന്നുവോ?

൧൪൰. (ശ.) ഹരാജാ. ൯. ൧—൯. ശലോമോനുണ്ടായ രണ്ടാമത്തെ ദർശനം. ദൈവത്തിന്റെ കല്പനകളും, പ്രമാണങ്ങളും അനുസരിച്ചാൽ അവന്റെ രാജത്വം നിലനിറുത്തും. അല്ലെങ്കിൽ രാജത്വത്തെയും, ആലയത്തെയും നീക്കികളയും. നിങ്ങൾ മറുള്ളവക്കു ഒരു ആക്ഷേപമായിത്തീരും ഇതായിരുന്നു ശലോമോനു ഉണ്ടായ അരുളപ്പാടു. നമ്മോടുതന്നെ നാം കാണിക്കുന്ന ദ്രോഹംമൂലമാണു നാം നശിക്കുന്നതു (യെശ. ൫൯. ൬൯ ; സങ്കീ. ൧൬. ൨൨, ൧൭. ൫൭). ദൈവത്തോടു നാം കാണിക്കുന്ന അനുസരണക്കേടും, അവിശ്വസ്തതയും നമ്മെ തന്നെ ദ്രോഹികളാക്കിത്തീർക്കുന്നു. ശലോമോൻ പഠിച്ച ഈ സത്യം നാമും പഠിക്കേണ്ടതത്രെ. യൂദാ കർത്താവിനെ ഒറിക്കൊടുത്തു. ആര് അവനെ ശിക്ഷിച്ചു? അവൻ തന്നെ അവനെ ശിക്ഷിച്ചു.

൧൦൰. (ഞാ.) ഹരാജാ. ൧൦. ൧—൧൩. ശേബാ രാജ്ഞി ശലോമോന്റെ ജ്ഞാനം കേൾപ്പാൻ ദൂരെ ദേശത്തുനിന്നു വന്നു. അവൾ ആഗ്രഹിച്ചതും, രാജോചിതമായ മാനവും അവൾക്കു ലഭിച്ചു. ദൈവാലയവും, ആരാധനയും കണ്ടു അവൾ അത്ഭുതപ്പെട്ടു. എന്നാൽ ലോകമഹിമയിൽ മതിമറന്ന ഒരാളായിട്ടു അവൾ തന്റെ രാജ്യത്തേക്കു കടന്നുപോയി. യഹോവയെക്കുറിച്ചുള്ള ഭക്തി ഉറവായതായി നാം വായിക്കുന്നില്ല. ഇന്നത്തെ നമ്മുടെ മതവും ആരാധനകളും, സംഘടനകളും നമുക്കും മറുള്ളവർക്കും ഏതോ ഒരു വലിയ അഭിമാനമായി തോന്നുന്നു എന്നതിൽ കവിഞ്ഞു എന്തെങ്കിലും ഉണ്ടോ? ബാഹ്യമായ സകലതും നമുക്കുണ്ടു—വെള്ളതേച്ച കല്ലറ അന്തരംഗത്തിൽ ദൈവത്തെ യഥാർത്ഥമായി അനുഭവപ്പെടുത്തുവാൻ നമുക്കു സാധിക്കുന്നുവോ? മാറ്റം ഉള്ളിലേക്കു കയറണം. കന്നുകാലികൾ അയവിറക്കുന്നതുപോലെ അയവിറക്കുന്ന ഒരു അനുഭവം നമ്മുടെ മാറ്റത്തെക്കുറിച്ചു ഉണ്ടാകണം. അതു ഭവനങ്ങളിൽ ആരംഭിച്ചു സമൂഹത്തിലേക്കു പടരണം.

൧൨൰. (തി.) ഹരാജാ. ൧൧. ൧—൧൩. വളരെ പ്രാഗൽഭ്യമുള്ള ഒരു രാജാവു, ഏറ്റവും ഉന്നതമായ നിലയെ പ്രാപിച്ചവൻ. എന്നാൽ ജഡേച്ഛകൾക്കു അടിമയായിത്തീർന്നതിനാൽ ദൈവസന്നിധിയിൽനിന്നും അകലുന്നു. നമ്മുടെ ആരോഗ്യത്തിലും, കഴിവുകളിലും നാം അധികം അഹങ്കരിക്കാറുണ്ടു. പലരും മദ്ധ്യവയസ്സിനുശേഷം ക്ഷീണിച്ചു

പോകുന്നതു സാധാരണയാണ് (൨ ദിന. ൨൧. ൧൭, ൧൯). ശലോമോന്റെ അഹങ്കാരം അവനെ അധഃപതിപ്പിച്ചു. വിശുദ്ധനായ ഫ്രാൻസിസ്സ് അസ്സീസ്സിയെ മറ്റുള്ളവർ പുകഴ്ത്തുമ്പോൾ താൻ നിഗളിച്ചുപോകാതെയിരിപ്പാൻ മറ്റു സന്ന്യാസിമാരോട് തന്റെ കുറവുകൾ ചൂണ്ടി കാണിപ്പാൻ പറയുക സാധാരണയായിരുന്നു. ഉത്തമകളായ ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാരുടെ കുറവുകളെ സ്നേഹത്തോടുകൂടി ചൂണ്ടിക്കാണിക്കണം. ശലോമോന്റെ അനേക ഭാര്യമാരിൽ സ്വയ പ്രശംസയിൽ ജീവിച്ച രാജാവിനെ ഉപദേശിക്കുവാൻ ഭാര്യമാരിൽ ആരും ഉണ്ടായിരുന്നില്ല. സ്നേഹം ഭയത്തെ പുറത്താക്കുന്നു. നമ്മെത്തന്നെ നാം കാണുവാൻ കഴിവില്ലാതെ വരുമ്പോൾ മറ്റുള്ളവരുടെ ഉപദേശം തള്ളിക്കളയരുത്.

൨൩. (൨൦.) ൧ രാജാ. ൧൧. ൨൩—൪൩. ശലോമോന്റെ അന്ത്യകാലത്തിൽ അവൻ ആദ്യം സ്വീകരിച്ചിരുന്ന നേർപാത വിട്ട് വിശാലമായ ലോകപാത സ്വീകരിക്കുന്നു. അതിന്റെ ഫലമായി ബിലെയാമിനെപ്പോലെ ആദായത്തിനുവേണ്ടി മാത്രമുള്ള ഒരുതീപ്പിന്റെ മനോഭാവമുള്ളവനായിക്കാണുന്നു. യിസ്രായേലിന്റെ ദൈവത്തേയും അന്യ ദൈവങ്ങളേയും അവൻ ആരാധിക്കുന്നു (യെശ. ൫൭. ൨൯). രാജത്വം അവനിൽനിന്നും എടുത്തു അവന്റെ ഭാസനനു നല്കുന്നു. അവന്റെ അപ്പനായ ദാവീദ് നിമിത്തം രാജത്വം പൂർണ്ണമായി അവനിൽനിന്നും മാറുന്നില്ല (൧൧. ൧൨, ൩൨, ൩൬). പഴയനിയമ വീരന്മാരുടെ ദൃഷ്ടാന്തവും, ജീവിതവും ഈ തലമുറയ്ക്കു വലിയ ഒരു സാക്ഷ്യം ആകുന്നു. ദൈവത്തിനായി നാം ജീവിക്കുമ്പോൾ നമ്മുടെ ജീവിതത്തെ ദൈവം എടുത്തു ഉപയോഗിക്കുകയും സന്താനങ്ങൾ അനുഗ്രഹിക്കപ്പെടുകയും ചെയ്യുന്നു (൨൫൧. ൩. ൧൨).

൨൩൯. (൨൦.) ൧ രാജാ. ൧൧. ൫—൧൪. ശലോമോൻ കാരുവിതെച്ചു, മകൻ ചുഴലിക്കാറ്റു കൊയ്തു. ശലോമോന്റെ ഭരണകാലത്തു ജനങ്ങളെക്കൊണ്ടു കഠിനവേല ചെയ്യിക്കുകയും അമിതമായ കരം ഈടാക്കുകയും ചെയ്തുവന്നു. സാമ്പത്തികമായ നിലയിലും ജനം അധഃപതിച്ചിരുന്നു. രെഹബെയാം ബുദ്ധികേടായി ജനങ്ങളോട് സംസാരിക്കുന്നു. അവൻ തന്റെ പിതാക്കന്മാരെപ്പോലെ ദൈവത്തിൽ ആശ്രയിക്കാതെ മനുഷ്യരിൽ ആശ്രയിച്ചു. അതിന്റെ ഫലമായി അവന്റെ അധികാരശക്തിന്റെ സിംഹഭാഗവും നഷ്ടപ്പെടുന്നു. ദൈവം തന്നിരിക്കുന്ന വിവിധ ദാനങ്ങളെ ബുദ്ധികേടിനാൽ നഷ്ടപ്പെടുത്തുന്നവരല്ലയോ നാം.

൨൩൰. (൨൧.) ൧രാജാ. ൧൨. ൧൩—൨൪. യെരോബയാം സൌകര്യത്തിനുവേണ്ടി രണ്ടു കാളക്കുട്ടിയെ വാഗ്ദത്തമാക്കി സത്യദൈവാരാധനക്കു പകരം ബിംബാരാധന രാജ്യത്തു സ്ഥാപിക്കുന്നു. ഇന്നത്തെ ലോകത്തിന്റെ സ്ഥിതിയും ഇതുതന്നെ. പരിഷ്കാരത്തിന്റെ നന്മകൾ എന്തെല്ലാം—സുഖസൌകര്യങ്ങൾ വർദ്ധിച്ചു, ജോലികൾ കുറഞ്ഞു, കൂത്തിയിരിപ്പു പരിഷ്കാരം വന്നിരിക്കുന്നു. നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ ദേവാലയങ്ങൾ സമീപെ സ്ഥാപിക്കുന്നതിനു മനുഷ്യൻ ആഗ്രഹിക്കുന്നു. മനുഷ്യരുടെ താല്പര്യപ്രകാരം സഭ മുമ്പോട്ടു പ്രവർത്തിക്കാമെങ്കിൽ സഭ വളരും എന്ന പ്രമാണമാണ് ഇന്നു സ്വീകരിച്ചിരിക്കുന്നത്. പ്രയാസപ്പെടുകയും, ഭാരപ്പെടുകയും ചെയ്യുന്ന ജനതതിക്കു ആശ്വാസം നല്കുന്ന മഹാവൈദ്യനായ ക്രിസ്തുവിന്റെ അടുക്കലേക്കു നയിക്കുന്ന ഒരു സ്ഥാപനയത്രെ സഭ. ക്രൂശിന്റെ മാർഗ്ഗമത്രെ നമ്മുടെ മാർഗ്ഗം. അല്ലാതെ സ്വന്ത താൽപ്പര്യങ്ങളുടെ മാർഗ്ഗം അല്ല. യെരോബയാമിനെപ്പോലെ സൌകര്യത്തിനുവേണ്ടി ഉള്ള മാർഗ്ഗമോ നമ്മുടെ മാർഗ്ഗം.

൨൩൱. (൨൨.) ൧രാജാ. ൧൪. ൨—൧൦. ദൈവത്തിന്റെ വലിയ നിധി മൺപാത്രങ്ങളിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. ദൈവപുരുഷൻ ദൈവത്തിന്റെ ശക്തിയെ തെളിയിച്ചു കാണിക്കുന്നു. യൊരോബെയാമിന്റെ ഭാര്യയോടുകൂടി രാജാവിന്റെ തെറ്റിനെ ചൂണ്ടിക്കാണിക്കുന്നു. രാജാവിന്റെ ക്ഷണം നിരസിക്കുന്നതിനു അവനു ഒരു പ്രയാസവും ഇല്ല. അനീതിക്കും ദുഷ്ടതയ്ക്കും കൂട്ടു നില്പാൻ നമുക്കു ഇടയായിട്ടുണ്ടോ? സത്യത്തിനുവേണ്ടി നാം സാക്ഷി നില്ക്കുന്നവരോ?

൨൯൫. (൫.) ൧ രാജാ. ൧൩. ൧൮—൨൨. ഒരു രാജാവിന്റെ ക്ഷണത്തെ നിരസിച്ച ദൈവപുരുഷനു വേറൊരു ദൈവപുരുഷന്റെ ക്ഷണത്തെ നിരസിപ്പാൻ കഴിഞ്ഞില്ല. അവനു ഉറച്ച ഒരു മനസ്സു ഉണ്ടായിരുന്നെങ്കിലും ആത്മിക ഭർശനം കുറവായിരുന്നു. ദൈവിക നിർദ്ദേശത്തിനു വിപരീതമായി പ്രവർത്തിച്ചതിനാൽ ദൈവം അവനെ ശിക്ഷിക്കുന്നു. ദൈവമക്കൾക്കു ശിക്ഷ ഉടനടൻ ലഭിക്കുന്നു. പാപത്തിൽ ജീവിച്ചു യെരോബെയാം മുമ്പോട്ടു പോകുന്നു. ഒരു ചെറിയ അനുസരണക്കേടു കാണിച്ച പ്രവാചകനെ കഠിനമായി ശിക്ഷിക്കുന്നു. ദൈവം താൻ സ്നേഹിക്കുന്നവരെ കൂടുതലായി ശിക്ഷിക്കും.

൨൯൬. (ഞാ.) ൧ രാജാ. ൧൩. ൧൩—൩൪. കാവല്ക്കാരാ! രാത്രി എന്തായി? (യെശ. ൨൧. ൧൧.) ദൈവികമായ പ്രമാണങ്ങളുടെ കാവൽക്കാരായ പ്രവാചകന്മാർ തെറ്റിപ്പോകുന്നു. ദൈവത്തിന്റെ മക്കളെല്ലാം അവന്റെ പ്രമാണങ്ങളുടെ കാവല്ക്കാരാകുന്നു. കാവൽക്കാരൻ ഏറ്റവും ജാഗ്രതയോടുകൂടെ ഇരുന്നില്ലെങ്കിൽ എത്ര ഭയങ്കരമായ ആപത്തു സംഭവിക്കുന്നു. ദൈവപുരുഷൻ തെറ്റിപ്പോയി എങ്കിലും അവന്റെ നന്മപ്രവൃത്തിയുടെ ഫലം അനുഭവിക്കുന്നു. യോഗ്യമായ ഒരു ശവസംസ്കാരം ലഭിക്കുന്നതിനിടയായി. ക്രിസ്തീയ ജീവിതത്തിൽ അജാഗ്രത ഏറ്റവും അപകടകരമാണ്. ഞാൻ ഒരു ശരിയായ ക്രിസ്തീയ കാവൽഭടയാളിയോ?

൨൯൭. (തി.) ൧ രാജാ. ൧൩. ൩൩—൩൪. ഈസ്രയേലിനു മുമ്പുണ്ടായിരുന്ന എല്ലാവരെക്കാളും പാപം ചെയ്തു. ഈസ്രയേലിന്റെ മകനായ ആഹാബും പിതാവിനെക്കാൾ ഭയങ്കരമായ പാപത്തിൽ ജീവിച്ചു. പാപം പരമ്പരയായി മുമ്പോട്ടു പോകുന്നു. സന്തതിയുടെ കാലത്തു അതു പർവ്വതംപോലെ കൂന്നിച്ചു കൂട്ടും. കാറ്റു വിതെക്കുന്നവൻ കൊടുങ്കാറ്റു കൊയ്യും. (ഹോശെ. ൮. ൭.) ആഹാബു പിതാവിനേക്കാൾ വഷളനായിരുന്നു. ശലോമോന്റെ കാലംമുതൽ ആരംഭിച്ച വഷളത്വം ആഹാബിന്റെ കാലത്തു ദേശത്തെ മുഴുവൻ നിറച്ചു. നമ്മുടെ പാപങ്ങൾ നമ്മെയും, നമ്മുടെ പിൻതലമുറകളെയും നശിപ്പിക്കുന്നവയാണ്.

൨൯൮. (ചൊ.) ൧രാജാ. ൧൭. ൧—൧൮. ഈ അദ്ധ്യായം ദൈവത്തിന്റെയും മനുഷ്യരുടെയും പ്രവർത്തനങ്ങൾ തമ്മിലുള്ള ബന്ധത്തെ കാണിക്കുന്നതത്രെ. ക്രിസ്തു, ശിഷ്യന്മാരോടു നാളെയെക്കുറിച്ചു വിചാരപ്പെടരുതു (മത്താ. ൬. ൩൪) എന്നു പറഞ്ഞതു നാളെയെക്കുറിച്ചു ചിന്തിക്കരുതു എന്നല്ല വരുവാനുള്ള ദൈവരാജ്യത്തെക്കുറിച്ചു വിളറടിയില്ലാതവരായി ജീവിക്കണമെന്നത്രെ. കെരീത്തു തോട്ടിലെ വെള്ളവും, കാക്ക കൊടുത്ത അപ്പവും, ഇറച്ചിയും, വിധവയുടെ അപ്പവുംകൊണ്ടു ദൈവം ഏലിയാവിനെ പോറ്റിപ്പുലർത്തിയതു വരുവാറില്ലാത്ത തന്റെ വേലയ്ക്കായി ഒരുക്കുന്നതിനാകുന്നു. രാജാക്കന്മാരെ നേരിടാനും മതത്തെയും ജനത്തെയും അന്യദേവന്മാരുടെ സ്വാധീനത്തിൽനിന്നും വിടുവിക്കുന്നതിനും ദൈവം അവനെ ഉപയോഗിച്ചു. ദൈവം നമ്മെ അതിശയകരമായി നടത്തുന്ന വിധങ്ങളെ ഓർക്കുക.

൨൯൯. (ബു.) ൧൭. ൧൭—൨൪. ദൈവപുരുഷന്റെ സാന്നിദ്ധ്യം ഈ വിധവയെ കൂടുതലായി ദൈവത്തിങ്കലേക്കു അടുപ്പിച്ചതിനാൽ വിധവയിൽ മറഞ്ഞിരുന്ന ചില പാപങ്ങൾ ദൈവം കണ്ടുപിടിച്ചു അവളെ ശിക്ഷിച്ചതായിരിക്കും എന്നു തന്റെ ഏകപുത്രൻ മരിച്ചപ്പോൾ അവൾ വിചാരിച്ചുപോയി. ആപത്തും അനർത്ഥവും സംഭവിക്കുമ്പോൾ ദൈവകോപമാണോ എന്നു സാധാരണ ആളുകൾ ചിന്തിച്ചുപോകുന്നു. ദൈവിക പ്രവർത്തനങ്ങളുടെ രഹസ്യം പലപ്പോഴും മനുഷ്യനു തെളിവില്ല. ദൈവസന്നിധിയിൽ തുറന്ന മനസ്സോടും തുറന്ന കണ്ണുകളോടുകൂടി നില്ക്കുമ്പോൾ ദിവ്യരഹസ്യങ്ങൾ നമുക്കു വെളിപ്പെടും. പൂർണ്ണമായി സമർപ്പിക്കപ്പെട്ട ഒരു ആത്മാവു ദൈവത്തിന്റെ ഒരു ആയുധമത്രെ.

മെയ് ൨൯൰. (വാ.) ൧രാജാ. ൧൮. ൧—൨൧. മഹാഭക്തനായ ഓബദ്യാവിനെ സകല അനീതികളുടെയും ഇരിപ്പിടമായ ഈസബേലിന്റെ കൊട്ടാരത്തിൽ കാണുന്നു, ഒരു ഉന്നിച്ച സാഹചര്യത്തിൽ ഉത്തമനായ ഒരു മനുഷ്യൻ. ഈ സാഹചര്യത്തിൽ ഉത്തമനായി ജീവിക്കുവാൻ സാധിക്കുമോ? ഇന്നത്തെ ലോകത്തിൽ ഒരു ഉത്തമനായ ക്രിസ്ത്യാനി നേരിടുന്ന പ്രശ്

കുടുംബപ്രിയവാദിനി

സ്ത്രീജനസഖ്യവാർത്തകൾ

ഇലപ്പള്ളി. എടാട്ട്, കണ്ണിക്കൽ, ഇലപ്പള്ളി ഈ മൂന്നു സഭകളും ഉൾപ്പെട്ട കണ്ണിക്കൽ ഇടവകയിലെ സ്ത്രീജനസഖ്യൈക്യാനയോഗം ഈ പ്രാവശ്യം ഇലപ്പള്ളിയിൽവച്ചു നടത്തുന്നതിൽ സ്ഥലം സ്ത്രീജനസഖ്യാംഗങ്ങൾ താല്പര്യപ്പെട്ടുകയും അങ്ങനെ ഭംഗിയായി നടക്കുന്നതിനു ഇടയാവുകയും ചെയ്തു. ഇപ്രാവശ്യമായി തങ്ങളുടെ സഭയിൽവച്ചു നടന്ന ഇടവക സ്ത്രീജനസഖ്യയോഗം അനുഗ്രഹകരമായി പര്യവസാനിക്കുന്നതിനു തങ്ങൾ ചെയ്ത ഉജ്ജ്വഴിഞ്ഞ സേവനം ആദരണീയമായിരുന്നു. മലകളിലും മേട്ടുകളിലും കുടിയുള്ള ഉൽഘടയാത്ര ഗണ്യമാക്കാതെ സന്തോഷസമേതം യോഗങ്ങളിൽ വന്നു ചേർന്ന അമ്മമാരുടെ സന്മനസ്സു താഴ്വാരങ്ങളിലെ പലരേയും വിസ്മയഭരിതരാക്കുന്നതത്രെ.

കായൽകൊയ്ത്തും സുവിശേഷവേലയും. നമ്മുടെ രാജ്യത്തെ കായൽകൊയ്ത്തുസ്ഥലം ഒരു വിസ്തൃതസുവിശേഷവയൽ പ്രദേശംകൂടി ആണെന്നു നിസ്സംശയം പറയാം. കേരളഉദ്യോഗയുടെ നാനാഭാഗക്കാരും ജാതിക്കാരും ഒത്തുചേർന്നു ആയിരക്കണക്കിനു പല കേന്ദ്രങ്ങളിലായി താവളമടിച്ചിരിക്കുന്ന സന്ദർഭത്തിൽ വിവിധ മാർഗ്ഗേണയുള്ള സുവിശേഷവേലയ്ക്കു സൗകര്യമുണ്ട്. കായലത്തു താമസിച്ചുകൊണ്ടു കൊയ്ത്തുകാരുടെ ഇടയിലെ വേല ചെയ്യുന്നതിനു ഈ പ്രാവശ്യം ബെഥേൽ ആശ്രമവാസികളിൽ എതാനും പേർ പോകുകയും വളരെ സന്തോഷകരമായ വിധം അതു നിർവ്വഹിക്കയുമുണ്ടായി. സുവിശേഷപ്രതികൾ വിലകൊടുത്തു വാങ്ങിയവർ അനേകരാണ്. ലഘുലേഖകളും വളരെപേർ വാങ്ങി. അങ്ങനെ ഒരു വലിയ കൂട്ടം ആളുകൾ സുവിശേഷം കേട്ടു. എന്നു മാത്രമല്ല ക്രിസ്തീയ ജനങ്ങൾക്കു പലർക്കും ഒരു കൂട്ടായ്മ ലഭിക്കുന്നതിനും അവസരം ഉണ്ടായി. ഈ വേലയെ പ്രാർത്ഥനയിൽ താങ്ങുന്നതിനും അടുത്ത വർഷം ദൈവം അനുവദിക്കുന്നുവെങ്കിൽ പലർ ഇതിൽ പങ്കെടുക്കുന്നതിനും ഓർപ്പിച്ചുകൊള്ളട്ടെ.

നാവും ഇതുതന്നെ. വ്യക്തികളിൽ ക്രിസ്ത്യാനിത്വം കാണുന്നുണ്ട്. എന്നാൽ വ്യവസായരംഗങ്ങളിൽ ക്രിസ്തീയത്വം വളരെ കുറവാണ്, സമൂഹങ്ങളിൽ അതിലും കുറവു, രാഷ്ട്രീയത്തിൽ നാമമാത്രം. അന്തർദേശീയ ഇടപാടുകളിൽ ക്രിസ്തീയത്വത്തിനു സ്ഥാനമെ ഇല്ല. ദൈവഭക്തനായ മനുഷ്യൻ ഈലോകത്തിൽ ജീവിച്ചേ മതിയാവൂ. ഓടിപ്പോകുവാൻ സാദ്ധ്യമല്ല (യോഹ. ൧൭. ൧൫). ക്രിസ്തു പറയുന്നതു നാം ലോകത്തിന്റെ വെളിച്ചമാകുന്നു. നാം ലോകത്തിന്റെ ഉപ്പാകുന്നു. ലോകത്തിനു കീഴ്പ്പെടാതെ, ലോകത്തെ കീഴ്പ്പെടുത്തി സത്യത്തിന്റെ സാക്ഷികളായി കാര്യവ്യാപാരങ്ങളിൽ ജീവിക്കുക.

൨൩. (വെ.) ൧ രാജാ. ൧൮. ൧൭—൨൩. ലോകത്തിന്റെ സമാധാനത്തെ വിഘ്നപ്പെടുത്തുന്നവരത്രെ ദൈവത്തിന്റെ മാസന്മാർ. ക്രിസ്തു പറയുന്നതു് എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു, ലോകം തരുന്നതുപോലെ അല്ല (യോഹ. ൧൪. ൨൭). ഏലിയാവു് ഒരു വെല്ലുവിളി നടത്തുന്നു. നിങ്ങൾ രണ്ടു തോണിയിൽ എത്രനാൾ കാൽവെക്കും. ഇന്നത്തെ ലോകത്തിന്റെ സ്ഥിതി ഇതത്രെ. ദൈവത്തേയും മാമോനേയും സേവിപ്പാൻ കഴിയുമോ? (ലൂക്കോ. ൧൬. ൧൩).

൧൯. (ശ.) ൧ രാജാ. ൧൭. ൧൦—൨൨. ഏലിയാവു ജീവന്റെയും, മരണത്തിന്റെയും മദ്ധ്യത്തിൽ നിൽക്കുന്നു. മരണകരമായി മുറിവേറ്റ ഒരു മൃഗം സഹായത്തിനായി കണ്ണുകളെ ഉയർത്തുന്നതുപോലെയുള്ള ഒരവസ്ഥയിലാണ് ഏലിയാവു് ഉയരത്തിലേക്കു നോക്കി സഹായത്തിനായി പ്രാർത്ഥിക്കുന്നതു്. തന്റെ ജനത്തിന്റെ പാപത്താൽ മരണകരമായി മുറിവേറ്റ നിലയിലത്രെ തന്റെ നിലപാടു. ദൈവം അവന്റെ പ്രാർത്ഥന കേട്ടു മറുപടി നൽകുന്നു. ധീരതയോടുകൂടി ഏലിയാവു തന്റെ ദൈവത്തെ സാക്ഷിക്കുന്നു. ധീരന്മാരായ നേതാക്കന്മാർ ഇന്നു് നമുക്കു് എത്ര ആവശ്യം. ഞാൻ ധീരനായ ഒരു സാക്ഷിയോ?

ഉപവാസപ്രാർത്ഥനാദിനം. മാർച്ച് മാസം 31ന- രാവിലെ 10 മുതൽ 4 മണി വരെയുള്ള സമയം മഹാഇടവക കൂട്ടായ്മയുള്ള സ്ത്രീജനസഖ്യാംഗങ്ങൾ അവരവരുടെ പള്ളികളിൽ ഉപവാസത്തോടുകൂടിയുള്ള പ്രാർത്ഥനയ്ക്കായി സമയം ചെലവിടുന്നതു മഹാഇടവകയുടെ അനുഗ്രഹത്തിനു ഏറ്റവും ആവശ്യമെന്നു മാതൃസംഘകമ്മറ്റി അംഗങ്ങൾ തീരുമാനിക്കയും അതു മറ്റു എല്ലാ ശാഖകളെയും അറിയിക്കയും ചെയ്തു. അതു അനുഗ്രഹകരമായിത്തീർന്നിട്ടുണ്ട് എന്നു ആശിക്കാമല്ലൊ.

മാതൃസംഘജൂബിലി

ഒരു പിശുകായ ധാരണ. ഓരോ ഇടവകയും ജൂബിലിസ്മാരകഫണ്ടിലേക്കു അടയ്ക്കുന്നതിനു തങ്ങളെ ഏൽപ്പിച്ചിട്ടുള്ള വിതാംശത്തുക അഞ്ചു വർഷംകൊണ്ടു അടച്ചുതീർന്നാൽ മതി എന്നു ഒരു തെറ്റായ ധാരണ പലരിലും കടന്നുകൂടി എന്നറിയുന്നതിൽ ഖേദമുണ്ട്. ഏതോ ഒരു കൈപ്പിഴ വന്നുപോയതിനാലാണ് ആ തെറ്റിദ്ധാരണ ഉണ്ടായതു്. ഈ ജൂബിലിവർഷംതന്നെ അടച്ചു തീർക്കേണ്ട തുകയാണ് ഓരോ ഇടവകയേയും അറിയിച്ചിട്ടുള്ളതെന്നു പ്രത്യേകം ഓർപ്പിക്കുന്നു. കുറഞ്ഞ പക്ഷം 4 അണ വീതം ഓരോ കുടുംബവും ഇതിനായി ഇപ്പോഴേ മാറ്റിവെച്ചാൽ ഒക്ടോബർ മാസം ആകുമ്പോഴേക്കു എല്ലാവക്കും തങ്ങളുടെ വീതാംശം പൂർണ്ണമായി കൊടുത്തുതീർക്കാൻ കഴിയും. കഴിഞ്ഞ അര ശതാബ്ദങ്ങൾക്കുള്ളിൽ നാം അനുഭവിച്ച അനുഗ്രഹങ്ങളെ ഓർത്തു കൃതാർത്ഥതാനങ്ങൾ ചെയ്യാൻ സന്നദ്ധരുള്ള അനേകം അമ്മമാർ ഇന്നത്തെ തലമുറയിൽ ഇല്ലെന്നു വരുമോ!! ഈ ജൂബിലി മഹോത്സവം കൊണ്ടാടാൻ പദവി ലഭിച്ച നാം പിൻതലമുറക്കു ഒരു നേട്ടം ശേഷിപ്പിച്ചിട്ടു കടന്നുപോകാം.

ജൂബിലിഗാനം. ജൂബിലിമഹോത്സവഗാനം ഇതാ കേട്ടു തുടങ്ങിയിരിക്കുന്നു!! താഴെ ചേർത്തിരിക്കുന്ന ജൂബിലിഗാനം എല്ലാ ശാഖകളും പഠിച്ചിരുന്നാൽ അന്നത്തെ മഹോത്സവയാത്രയിൽ നമുക്കു പാടിക്കൊണ്ടു പങ്കെടുക്കയും ആനന്ദിക്കയും ചെയ്യാം. മിസ്സസ്സ് കെ. ജി. തോമസ് ആണ് ഇതു രചിച്ചു തന്നതു്. സംഗീതരചനം വാസനയുള്ളവർക്കു തങ്ങളുടെ താലന്തുകളെ പ്രകടിപ്പിക്കുന്നതിനു ഇതു ഒരു പറ്റിയ അവസരം കൂടിയാണ്. S. T.

മാതൃസംഘയോവേൽഗാനം

(പദം പദം ഉറച്ചുനാം ക്രൂശുമേന്തിപോകണം—എന്നപോലെ)

1. സാനന്ദം നാം കൂടണം
കായ്മയ് കൊണ്ടാടണം
മാതൃസംഘയോവേലിൻ
കീർത്തിയെങ്ങും പാടണം—സാനന്ദം

2. മേരിസ്തർ മൂലമായ്
ആരംഭിച്ച സംഘമീ
ലോകമാകെ വ്യാപിക്കും
ആനന്ദത്തിൻ കാതലാം—സാനന്ദം

3. വഞ്ചിഭൂമി തന്നിലും
കൊച്ചി സീമയുള്ളിലും
ഗിൽ മഠാമ സ്ഥാപിച്ചീ
മാതൃസംഘശാഖയെ—സാനന്ദം

4. ആത്മകായ്മർശിയായ്
വന്ന ഡേവീസ് അമ്മയെ
ഏവരും സ്മരിക്കണം
ഭാവുകങ്ങൾ നേരണം—സാനന്ദം

5. ആമർശങ്ങൾ കാക്കുക :—
പാതിവ്രത്യം കാക്കുക
മാതൃധർമ്മം പാലിക്കു,
സ്നേഹപൂർത്തി ചേർക്കുക—സാനന്ദം

6. ഒത്തു ചേർന്നു പ്രാർത്ഥിപ്പിൻ,
ചിത്തമൊന്നായ് തീരുവിൻ
ശത്രുവെ വെന്നീടുവാൻ
ഒത്തു പോരിൽ ചേരുവിൻ-സാനന്ദം

7. പാവനമായ് ജീവിപ്പാൻ
പാതകാണിച്ചീടുക
വീടടക്കം കൂട്ടുവാൻ
യേശു പാദേ ചേരുവാൻ—സാനന്ദം

മഹാഇടവക യുവതീസമാജം

പ്രിയസഹോദരികളേ,

കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്ന യുവതീസമാജത്തിന്റെ ക്യാമ്പ് ഏപ്രിൽ 8നു ചൊവ്വാഴ്ച വൈകിട്ട് മുതൽ 11നു വെള്ളിയാഴ്ച രാവിലെ വരെ സെൻറ് മോണിക്കാസിൽവച്ചു നടത്തണമെന്നു തീരുമാനിച്ചിരിക്കുന്നു. കൂടുതൽ ആളുകൾ സംബന്ധിക്കണമെന്നുള്ള ആഗ്രഹത്തിലാണ് എല്ലാവർഷം പോലെയും ഈ സമയം തിരഞ്ഞെടുത്തിരിക്കുന്നത്. സെക്രട്ടറിമാർക്കായിട്ട് പ്രത്യേകം ക്ലാസ്സുകൾ നടത്തപ്പെടുന്നതുകൊണ്ട് എല്ലാ ശാഖാ സെക്രട്ടറിമാരേയും പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു. ഈ ക്യാമ്പു മുഖാന്തരം വ്യക്തികളായിട്ടും അതു മൂലം യുവതീസമാജങ്ങൾക്കും പ്രയോജനപ്പെടത്തക്കവണ്ണം നിങ്ങളുടെ പ്രാർത്ഥനാപൂർവ്വമായ സഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു.

കഴിഞ്ഞ മാസത്തിൽ നെടുങ്ങാടപ്പള്ളി, മല്ലപ്പള്ളി, ആലപ്പുഴ, മൂലേടം എന്നീ സ്ഥലങ്ങളിലെ യുവതീസമാജങ്ങളിൽ പങ്കെടുത്തു. എല്ലാ സ്ഥലങ്ങളിലും കാരോ നല്ല കൂട്ടം യുവതിമാരെ കാണുവാൻ ഇടയായതു സന്തോഷം തന്നെ. എന്നാൽ അതിൽ മിക്കവരും യുവതീസമാജത്തിന്റെ അംഗങ്ങൾ ആകാത്തവരാണ്. പല സമാജത്തിന്റെയും അവസ്ഥ ഇതുതന്നെയാണ്. അങ്ങനെയുള്ള സമാജങ്ങൾ കഴിയുന്നതും വേഗത്തിൽ പ്രതിജ്ഞാശുശ്രൂഷ നടത്തുമെന്നു വിശ്വസിക്കുന്നു. ഈ നോമ്പുകാലങ്ങളിൽ അവന്റെ പുനരുത്ഥാനത്തിൽ പങ്കുള്ളവരായിത്തീരുവാൻ തക്കവണ്ണം നമ്മെ വിശുദ്ധീകരണത്തിനായി നീതിക്കു അടിമകളായി സമർപ്പിക്കാം.

St. Monicas,
Kanakkary, Ettumanur.

A. C. MARIAMMA,
Girls' Guild Secretary

---

8. സത്യവേദവാക്യങ്ങൾ
നിത്യമെങ്കൽക്കാഹാരം,
സ്വസ്ഥനാമുത്രുയും
കൃത്യമെങ്കൽ കാത്തിട്ടും—സാനന്ദം

9. കർത്തൃഭോജനങ്ങളും
വീഴ്ചയെന്യേ കൈക്കൊണ്ടും
സാക്ഷിയായ് ജീവിച്ചീടും
പാവനാത്മശക്തിയിൽ—സാനന്ദം

10. അഞ്ചു പത്തു വർഷങ്ങൾ
ചന്തമായ് ജീവിച്ചോരു
സംഘമേ നീ ഭാവിയിൽ
എന്തു ചെയ്യും ഉർവ്വിയിൽ?—സാനന്ദം

11. സ്വന്തകാലിൽ നില്പുവാൻ,
സ്വന്തകായ്യം നേടുവാൻ,
മാത്രമല്ല ജീവിതം
എന്നുണർവ്വ് വന്നതോ— സാനന്ദം

12. രക്ഷയിൻ വിളംബരം,
രക്ഷകന്റെ സ്നേഹവും
ഉള്ളിൽ പ്രാപിച്ചേവരും
ധന്യരായിത്തീരണം—സാനന്ദം

13. വിത്തം ക്ലേശാതൊന്നുമീ
പാത്തലത്തിൽ രക്ഷവാൻ,
സാദ്ധ്യമല്ലതാകയാൽ,
ശേഖരിക്കും വിത്തവും—സാനന്ദം

14. കൂട്ടുവിൻ മാതാക്കളെ,
ചേരുവിൻ സഖീകളെ,
ശേഖരിപ്പിൻ വിത്തമീ-
യോവേൽ ഘോഷിച്ചീടുവാൻ

15. വൻ മുതൽ നാം കൂട്ടുക,
മുന്നിൽയത്നം ചെയ്യുക,
ധന്യമായ് തീർത്തീടുക-
മന്നിൽ യോവേൽ സ്മാരകം—സാനന്ദം.

സുവിശേഷഭാഷിണി

പറക്കാൽ മിഷ്യൻ വാർത്തകൾ

സിസ്റ്റർ മേരി തോമസും മിസ്സ് ആനി തോമസും മൂന്നു മാസത്തെ ഫർലോ അവധിക്കു നാട്ടിലേക്കു പോയിരിക്കയാണ്. അവർ അവിടെയുള്ള ഈ മാസങ്ങളിൽ അവരെ ക്ഷണിക്കുന്ന ഇടവകകളിലും സഭകളിലും ചെന്നു പാടുവാൻ മിഷ്യൻ പ്രവർത്തനങ്ങളെക്കുറിച്ചു സംസാരിക്കുവാൻ താല്പര്യപ്പെടുന്നുണ്ട്. പക്കാൽ മിഷ്യനുവേണ്ടി പ്രാർത്ഥിച്ചും സഹായിച്ചുംകൊണ്ടിരിക്കുന്ന ഇടവകകൾ അവരെ കാണുന്നതിനും കേൾക്കുന്നതിനും സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുമെന്നാശിക്കുന്നു.

പക്കാലിലെ പള്ളിപണിയുന്നതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ആവശ്യത്തിനുള്ള ഇഷ്ടിക ചൂളയിൽ പുകകൊണ്ടിരിക്കുന്നു, കരിങ്കല്ലു പൊട്ടിക്കുന്നു, കുമ്മായം നീറുന്നു, തടിയുടെ കാര്യം അന്വേഷിച്ചുകൊണ്ടിരിക്കുന്നു. പള്ളി പണിയുന്നതിനു സർക്കാരിൽനിന്നു ലഭിക്കേണ്ടുന്ന അനുവാദം ഇതുവരെ കിട്ടിയില്ല. അതു കിട്ടിയാൽ ഉടനെ ഡോർണക്കൽ ബിഷപ്പു തിരുമേനിയെ ക്ഷണിച്ചുവരുത്തി കല്ലു ഇടീച്ചു പണി ആരംഭിക്കണമെന്നു വിചാരിക്കുന്നു.

പള്ളിക്കു ഇപ്പോൾ ഉണ്ടാക്കിയിരിക്കുന്ന കണക്കുപ്രകാരം പതിനായിരം രൂപാ ചെലവു വരുന്നതാണ്. ഡോണ്ണക്കൽ ആപ്പീസിലും കോട്ടയം ആപ്പീസിലും അതിനുവേണ്ടി നീക്കിവെച്ചിരിക്കുന്ന തുക എണ്ണായിരം രൂപായാണ്. പള്ളിപണി പൂർത്തിയാക്കുന്നതിനും പള്ളിക്കകത്തേക്കു വേണ്ടുന്ന സാമാനങ്ങൾ ഉണ്ടാക്കിക്കുന്നതിനും അനേകം പേർ മയവായി സഹായിക്കുമെന്നാശിക്കുന്നു.

നടിക്കുടെ ഗ്രാമത്തിൽ ഒരു ചാപ്പൽ പണിയുന്നതിനുവേണ്ടി സണ്ടെസ്ക്കൂളുകൾ ശ്രമിച്ചുകൊണ്ടിരിക്കയാണല്ലോ. എന്നാൽ ഇതുവരെയായിട്ടും പതിനെട്ടു ഇടവകകളിൽ നിന്നായി അഞ്ഞൂറു രൂപായോളം മാത്രമെ ലഭിച്ചിട്ടുള്ളൂ എന്നറിയുന്നതിൽ ആശ്ചര്യപ്പെടുന്നു. നമ്മുടെ മഹായിടവകയിൽ ആകെ മുന്നൂറിഎഴുപതു സണ്ടെസ്ക്കൂളുകളും ആയിരത്തിഎണ്ണൂറു അദ്ധ്യാപകരും പതിനെണ്ണായിരത്തി ഇരുനൂറു കുട്ടികളുമാണുള്ളത്. നടിക്കുടചാപ്പലിനു വേണ്ടി ഒരു രണ്ടായിരം രൂപാ മാത്രമാണ് ആവശ്യപ്പെടുന്നതു്.

അവിടെ ഒരു ചാപ്പൽ പണിയുന്നതിനു തക്കതായിട്ടുള്ള ഒരു സ്ഥലം ലഭിച്ചിട്ടില്ലായിരുന്നു. എന്നാൽ ഈ മാസത്തിൽ സൌകര്യമായിട്ടുള്ള ഒരു സ്ഥലം അതിശയകരമായ വിധത്തിൽ ദൈവം ഉറപ്പു തരികയുണ്ടായി. അവിടെയുള്ള ക്രിസ്ത്യാനികൾ എല്ലാവരും കൂടെ ചെന്നു അവിടെയുള്ള ഗ്രാമപട്ടേലിന്റെ അനുവാദത്തോടുകൂടെ ഏകദേശം ഇരുപത്തി അഞ്ചു സെൻറ് സ്ഥലം എഴുതി തന്നിരിക്കുന്നു. അവിടെ ഉടനെതന്നെ ഒരു കെട്ടിടം പണിയണമെന്നുള്ള വ്യവസ്ഥയിലാണ് അതു തന്നിരിക്കുന്നതു. ജനങ്ങൾ അവരാൽ കഴിയുന്ന സഹായം ചെയ്യുന്നതിനും ഒരുക്കമാണ്. ഈ വേനൽക്കാലത്തു തന്നെ ആ പണി നടത്തുവാൻ ഇടയായില്ലെങ്കിൽ ആ സ്ഥലം നഷ്ടപ്പെട്ടു പോയേക്കാം. കൂടാതെ ഇപ്പോൾ ജനങ്ങൾക്കു അധികം ജോലികൾ ഇല്ലാതിരിക്കുന്ന സമയം ആകയാൽ അവരുടെ സഹായം ലഭിക്കുന്നതാണ്. സണ്ടെസ്ക്കൂളുകൾ മുന്നുകൂടെ ഉണർന്നു പ്രവർത്തിക്കുന്നപക്ഷം ആവശ്യത്തിനുള്ള തുക ഉണ്ടാക്കുവാൻ സാധിക്കുന്നതാണ്. ഈ അവധിക്കാലത്തു ഓരോ സണ്ടെസ്ക്കൂൾ കുട്ടിയും ഓരോ അദ്ധ്യാപകനും അതിനുവേണ്ടി ശ്രമിച്ചു സഹായിക്കണമെന്നു വീണ്ടും അപേക്ഷിച്ചുകൊള്ളുന്നു.

കന്നീററി ഇടവകയിലെ സ്ത്രീജനസഖ്യ അംഗങ്ങൾ ഇവിടെയുള്ള ബോർഡിങ്ങിൽ ഒരു കുട്ടിയെ സന്ധിക്കുന്നതിനുവേണ്ടി കഴിഞ്ഞ സെപ്തംബർമാസം മുതൽ മാസംതോറും പതിനൊന്നു രൂപാ പിരിച്ചു അയച്ചുതന്നു കൊണ്ടിരിക്കുന്നതിനാൽ ഞങ്ങൾ വളരെ നന്ദിയുള്ളവരായിരിക്കുന്നു. നമ്മുടെ മഹായിടവകയിലെ സ്ത്രീജനസഖ്യങ്ങൾ—പ്രത്യേകിച്ചും മഹായിടവകയുടെ തെക്കുഭാഗത്തുള്ള സഖ്യങ്ങൾ—പറക്കാൽ മിഷ്യൻ പ്രവർത്തനങ്ങൾക്കായി താല്പര്യത്തോടെ സഹായിക്കണമെന്നപേക്ഷിക്കുന്നു.

പറ°പാറാ മിഷ്യൻ

പ്രിയ സ്നേഹിതരേ,

കഴിഞ്ഞമാസത്തിൽ എഴുതിയിരുന്നതുപോലെ നാഗപൂർ ബിഷപ്പായ സാമിക്കു തിരുമേനി ഈ മിഷ്യൻ വയൽ സന്ദർശിച്ചു. ഏററവും ചുരുങ്ങിയ സമയത്തേക്കുള്ള ഒരു സന്ദർശനമായിരുന്നെങ്കിലും ഇവിടുത്തെ പ്രവർത്തകർക്കും ജനങ്ങൾക്കും വളരെയധികം ഉത്തേജനം നല്കിയിട്ടാണു പോയതു്. മണ്ടലയിൽവച്ചു നടന്ന യോഗങ്ങളിൽ പറ°പാറ സഭാംഗങ്ങളും സംബന്ധിച്ചു. ബിഷപ്പുതിരുമേനിയും, മിൽരാജ് അച്ചനും. ജോർജ്ജ് അച്ചനുംകൂടെ മണ്ടലയിൽനിന്നും 32മൈൽ അകലെയുള്ള 'മിയോറി' എന്ന ഉപസഭ സന്ദർശിക്കുന്നതിനായി പോയി. ഇരുപത്തി അഞ്ചുമൈൽ ബസ്സിലും ബാക്കി ഏഴുമൈൽ സൈക്കിളിലും ആണു യാത്ര ചെയ്തതു്. ആ സൈക്കിൾ യാത്ര ബിഷപ്പുതിരുമേനിയുടെ ആയുസ്സിൽ മറക്കാതിരിക്കത്തക്കവണ്ണം അത്ര ഭയങ്കരമായിരുന്നു. 'മിയോറി'ലെ ആരാധനാലയത്തിന്റെയും മറെറാരു കെട്ടിടത്തിന്റെയും ശ്രമസ്വാധീനസ്ഥിതി ബിഷപ്പിനെ ഖേദിപ്പിച്ചു എങ്കിലും, എഴുപത്തിയഞ്ചോളം വരുന്ന സഭാജനങ്ങളെ കണ്ടപ്പോൾ എന്തോന്നില്ലാത്ത സന്തോഷമുണ്ടായി. "ചെറിയ ആട്ടിൻകൂട്ടമേ ഭയപ്പെടരുതു; നിങ്ങളുടെ പിതാവു രാജ്യം നിങ്ങൾക്കു തരുവാൻ പ്രസാദിച്ചിരിക്കുന്നു" (ലൂക്കോ. ൧൨. ൩൨) എന്നുള്ള വാക്യത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള ബിഷപ്പിന്റെ പ്രബോധനം, നിരാശയിലും, അധൈര്യത്തിലും, അവിശ്വാസത്തിലും ഇരിക്കുന്ന ഇവിടുത്തെ ക്രിസ്തീയ ജനങ്ങൾക്കു് ധൈര്യവും വിശ്വാസവും നൽകുന്നതിനു് ഏറെറവും പ്രയോജകീഭവിച്ചു. നാഗപൂരിൽ ഡയോസിസിലെ ജപലിച്ചു പ്രകാശിക്കുന്ന അഥവ, പ്രകാശിക്കേണ്ട രണ്ടു നക്ഷത്രങ്ങളിൽ ഒന്നാണ് ഗോണ്ടുവാനാ മിഷ്യൻ എന്നുള്ളതു ബിഷപ്പ് പ്രത്യേകിച്ചു ചൂണ്ടിക്കാണിക്കുകയുണ്ടായി. ഏപ്രിൽ മാസത്തിൽ ഒരുച്ചു ദിവസത്തേക്കു ബിഷപ്പു വരാമെന്നു ഉറപ്പു തന്നിട്ടുണ്ടു്. അപ്പോൾ സ്ഥിരീകരണം, കണ്ഫർമേഷൻ, യുവജനങ്ങൾക്കും, മാതൃസംഘാംഗങ്ങൾക്കും പ്രത്യേക കോൺഫ്രൻസുകൾ ഇവ ഉണ്ടായിരിക്കുന്നതാണു്. ഇവയെ ഓർത്തു് ഏവരും പ്രാർത്ഥിക്കുണമേ.

പറ°പാറയിലെ ക്രിസ്തീയ കുടുംബങ്ങൾ പിടിയരി, മാസവരി ഇവ കൊടുത്തുവരുന്നതു കൂടാതെ സഭാകാര്യങ്ങളിൽ മുമ്പിലത്തേക്കാൾ താല്പര്യം പ്രദർശിപ്പിച്ചുവരുന്നു. കഴിഞ്ഞ മാസം 24-ാം തീയ്യതി ഈ സഭയിലെ 'മിൽട്ടൻ' എന്ന ഒരു യുവാവു മരിച്ചുപോയി. വിവാഹദിവസം സുഖക്കേടു് ആരംഭിച്ചു പതിനെട്ടാം ദിവസം കടന്നുപോകയാണുണ്ടായതു്. ഭക്തിതരും ബലഹീന വിശ്വാസികളുമായ, മാതാപിതാക്കളെയും സഹോദരീസഹോദരന്മാരെയും പ്രാർത്ഥനയിൽ ഓർക്കണമേ.

ഗ്രാമസന്ദർശനവും, ചികിത്സാവേലയും മുടങ്ങാതെ നടക്കുന്നു. മിയോറി എന്ന സ്ഥലത്തു് ഒരു കുടുംബം സ്ഥാനത്തിനു് തയ്യാറായിരിക്കയാണു്. അങ്ങിങ്ങായി ചിലരൊക്കെ സഭയിലേക്കു് ആകർഷിക്കപ്പെടുന്നുണ്ടു്.

എല്ലാവരുടെയും നിരന്തരമായ പ്രാർത്ഥനക്കു് ഞങ്ങളെയും ഇവിടുത്തെ വേലയേയും സമർപ്പിച്ചുകൊള്ളുന്നു.

എന്നു്

മിഷ്യനറിമാർ

പറ°പാറാ മിഷ്യനറിമാർ,

Mission House, Mandla, M. P.
Putpara P. O., 14th. Feb. 1958

Rev. & Mrs. A. I. GEORGE,

ഈ കഷ്ടാനുഭവ ആഴ്ചയിൽ നമ്മുടെ കർത്താവു നമ്മോടുള്ള സ്നേഹത്തിൽ പ്രദർശിച്ച ആ വലിയ ത്യാഗത്തെ ഓർത്തുകൊണ്ടു പറക്കാലിലെ പ്രവർത്തനങ്ങൾക്കായി ത്യാഗത്തോടുകൂടെ സഹായിപ്പാൻ നമ്മെ ഓരോരുത്തരെയും തന്റെ ആത്മാവുമുഖം സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

Parkal
(a) Kazipet C. Ry, 17-3-58.

Rev. T. M. THOMAS.

ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു.

(എം. കുഞ്ഞൻ)

കുടുംബം, വിവാഹം, സെക്സ് എന്നീ വിഷയങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഒരു ക്രിസ്തീയ ഗ്രന്ഥം.

വില. രൂപാ ഒന്ന്.

കേരള എസ്സ്. സി. എം. ബുക്കുക്ലബ്ബിന്റെ ഒന്നാമത്തെ പ്രസിദ്ധീകരണം. 2 രൂപായടച്ച് ബുക്കുക്ലബ്ബിൽ ചേരുന്നവക്ക് എല്ലാ പ്രസിദ്ധീകരണങ്ങളും സൌജന്യമായി ലഭിക്കുന്നതാണ്. ഡയോസിസൻ ബുക്കുഡിപ്പോയിൽ ഇവ വില്പനയ്ക്കു തയ്യാർ.

ലിറ്റററ്റർ സെക്രട്ടറി,
എസ്സ്. സി. എം. ഓഫീസ്,
വൈ. എം. സി. എ,
കോട്ടയം.

Dear friends,

42nd session of the Central Travancore Diocesan **YOUTH CONFERENCE** will be held at BAKER MEMORIAL SCHOOL, KOTTAYAM from *Tuesday 29th April to Saturday 3rd May, 1958.* Main theme will be "I know whom I Have Believed". Bishop Sadiq will give the opening address on the evening of 29th April. All are invited.

Conference Fee	Rs. 5/-
Reg. Fee	NP. 50/-

For registration write to ;
Conference Secretary,
C/o "Youth"
Chetty Street,
Kottayam.

JOHSON D. MATHEW,
(*President*)
GRACE JACOB &
M. J. JOSEPH,
(*Secretaries*)

N. B, All the pastors are requested to announce this in the churches and encourage as many young men as possible to attend this.

C. M. S P. 500—1525 - 28-3-1958.

PUBLISHED BY REV. A. J. KURIEN AND PRINTED BY A. J. VARUGHESE AT THE C. M. S. PRESS, KOTTAYAM.